


ഖുത്വ്ബ:
തിരുദൂതരുടെ ഉത്കൃഷ്ട പദവി

# സത്യദൂതൻ

2013 മാർച്ച് ലക്കം | 3

വില ₹ 20



## കൺഫ്യൂഷ്യസ്:
## ദൈവഭാഷണം സിദ്ധിച്ച മഹാത്മാവ്



Nasia Mosque, Ghana



Baitus Salam Mosque Tallindingm, The Gambia



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2013 മാർച്ച്
ഹി.ശ.1392 – അമാൻ
1434 – റ.ആഖർ – ജ. അവ്വൽ
പുസ്തകം 85 ലക്കം 3
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്വ്ബ
**തിരുദൂതരുടെ ഉത്കൃഷ്ട പദവി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

13
**ദജ്ജാലിന്റെ കഴുത**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)

ദജ്ജാലി (അന്തിക്രിസ്തു)നെക്കുറിച്ച് റസൂൽ തിരുമേനി(സ)യുടെ അദ്ഭുതകരമായ ഒരു പ്രവചനത്തിന്റെ വ്യാഖ്യാനം

15
**അർറൂഹു മിൻ അംറില്ലാഹി ഒരു വിശദീകരണം**
മൗലവി മുഹമ്മദ് ഉമർ

ആര്യസമാജ പണ്ഡിതനായ പണ്ഡിറ്റ് കാളി ചരണുമായി ആത്മാവ് എന്ന വിഷയത്തിൽ ഗുലാം റസൂൽ രാജകി (റ) നടത്തിയ സംവാദം



18
**കൺഫ്യൂഷ്യസ്: ദൈവഭാഷണം സിദ്ധിച്ച മഹാത്മാവ്**
ആസിം അഹ്മദ് കളിയിക്കാവിള

25
**ശ്രീരാമൻ (അ) ഒരു സത്യപ്രവാചകൻ**
ബുഷ്റാ നജീബ്,വാഴക്കാല

ഭാരതത്തിലെ ജനകോടികളുടെ ആരാധ്യ പുരുഷനായ ശ്രീരാമൻ (അ)* അല്ലാഹുവിൽ നിന്ന് അവതീർണരായ ഒരു സത്യ പ്രവാചകനായിരുന്നു.

28
**ശുചിത്വം:ഇസ്ലാം നൽകുന്ന പാഠങ്ങൾ**
മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല



30
**ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയഃ (റദിയല്ലാഹു അൻഹാ)**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

32
**കോൺസ്റ്റാണ്ടിനോപ്പിൾ തുർക്കി യുദ്ധം**
ഏ. ക്യു. അഹ്ദി

റോമാ സാമ്രാജ്യത്തിൽ നിന്ന് കോൺസ്റ്റാണ്ടിനോപ്പിളിനെഅതിസാഹസികമായി മോചിപ്പിച്ച് തുർക്കികൾ തങ്ങളുടെ സാമ്രാജ്യം സ്ഥാപിച്ച ചരിത്രം

36
**പോപ്പ് ബനഡിക്റ്റിന്റെ രാജിയും അനന്തരവും**
അുസാഫിർ

39
**ബംഗ്ലാദേശ് കൂട്ടക്കൊല : ജമാഅത്തെ ഇസ്ലാമി പ്രതിക്കൂട്ടിൽ**
മുസാഫിർ

43
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല (25:74)



## നബിവചനം

ജ്ഞാനം ജനങ്ങളിൽനിന്ന് അകന്ന് പോകും. അജ്ഞതയും കുഴപ്പങ്ങളും പ്രത്യക്ഷപ്പെടും. ഹറജ് വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് ഹറജ്? തിരുമേനി (സ) കൈകൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ നബി (സ) കൊലയെയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യം തള്ളിക്കളയാൻ നിങ്ങൾ മുതിരല്ല. അതല്ല സാത്വികരുടെ മാർഗം .... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടതെവിടെയാണ് ? നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ ***ലാ ഇക്റാഹ ഫിദ്ദീൻ*** (മതത്തിൽ യാതൊരു നിർബന്ധവുമില്ല. ) എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതായി കാണുന്നു. (കശ്തി നൂഹ്).

എഡിറ്റോറിയൽ

# ഖുർആന്റെ പ്രത്യുൽപന്നമതിത്വം

ഇസ്‌ലാം മനുഷ്യനെസ്വതന്ത്രനായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും അവനെപ്രബുദ്ധനാക്കുകയും ചെയ്യുന്നു ദൈവവചനത്തിന് മുമ്പിൽ പോലും ചിന്ത ഉയർത്തിപ്പിടിക്കണമെന്ന് വിശുദ്ധ ഖുർആൻ മനുഷ്യനോട് ആഹ്വാനം ചെയ്യുന്നു. ' അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെകൈകാര്യം ചെയ്യുകയില്ല. ചിന്തിക്കാത്തവരെ ഖുർആൻ അധിക്ഷേപിക്കുന്നത് കാണുക. 'ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അല്ലാഹു കോപമിറക്കുന്നു.'(10:101)

തന്റെ മുൻഗാമികൾ നടന്ന വഴികളിൽ കൂടി മാത്രമേ നടക്കൂ എന്ന ശാഠ്യം ബുദ്ധിപരമായ ജീർണതയെ കാണിക്കുന്നു. പ്രത്യുൽപന്നമതിത്വത്തെ ആദരിക്കുകയും യാഥാസ്ഥിതികത്വത്തെ വെറുക്കുകയും ചെയ്യുന്ന ഖുർആന്റെ മറ്റൊരു വചനം കാണുക.' അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുകയെന്ന് അവരോട് പറയപ്പെടുമ്പോൾ അല്ല ഞങ്ങളുടെ ആ പൂർവപിതാക്കന്മാരെ ഏതൊരു മാർഗത്തിൽ ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിൻപറ്റുക എന്നവർ പറയുന്നു. എന്ത് അവരുടെ പൂർവപിതാക്കന്മാർ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗം പ്രാപിക്കാത്തവരുമായിരുന്നാൽ പോലും '(2:171). അതു പോലെ ഭൂരിപക്ഷം പറയുന്നതാണ് ശരിയെന്ന മാനദണ്ഡം ഉപയോഗിച്ച് കാര്യങ്ങൾ വിലയിരുത്തുന്നവരുണ്ട്. ജനാധിപത്യത്തിൽ ഭരണാധികാരികളെ തിരഞ്ഞെടുക്കുവാൻ ഉപയോഗിക്കുന്ന ഭൂരിപക്ഷ സിദ്ധാന്തം സത്യാസത്യവിവേചനത്തിനും ഉപയോഗിക്കുന്നത് മിക്കപ്പോഴും ശരിയല്ല. എല്ലാ നവീകരണ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ഭൂരിപക്ഷത്തിനെതിരെ ന്യൂനപക്ഷ തിരുത്തൽ ശക്തിയായിട്ടാണ് വളർന്നു വരുന്നതെന്ന കാര്യവും നാം വിസ്മരിക്കരുത്. ഖുർആൻ പറയുന്നു: ' ഭൂമിയിലുള്ളവരിൽ അധിക പേരെയും അനുസരിക്കുന്നതായാൽ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും അവർ നിന്നെ തെറ്റിച്ചുകളയും. അവർ തങ്ങളുടെ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. അവർ സങ്കൽപ്പിച്ചു സംസാരിക്കുക മാത്രമാണ് ചെയ്യുന്നത് '(6:117)

അത്കൊണ്ടാണ് ഖുർആൻ പറഞ്ഞത് ' മതത്തിൽ യാതൊരു നിർബന്ധവുമില്ല'(2:257) എന്ന്. മറ്റൊരു വചനം ഇങ്ങനെയാണ്' പറയുക, ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ(18:30) വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: യുക്തിബോധം എന്നത് ദൈവം മനുഷ്യനിൽ കൊളുത്തിയ ഒരു വിളക്കാണ് എന്നത് ഒരു യാഥാർഥ്യമാണ്. അതിൽ നിന്നുള്ള വെളിച്ചം മനുഷ്യനെപല വിധത്തിലുള്ള സംശയങ്ങളിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും രക്ഷിക്കുകയും അടിസ്ഥാനരഹിതമായ ആശയങ്ങളിൽ നിന്നും സാംഗത്യമില്ലാത്ത ഊഹങ്ങളിൽനിന്നും അകറ്റുകയും ചെയ്യുന്നു. അത് വളരെ ഉപകാര പ്രദമാണ്. വളരെ ആവശ്യവും വമ്പിച്ച അനുഗ്ര ഹവുമാണ്.(ബറാഹീനെഅഹ്മദിയ്യാ. പേ 78)

മനുഷ്യനെ യഥേഷ്ടം യുക്തിപൂർവം ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഖുർആന്റെ പ്രത്യുൽപ്പന്നമതിത്വത്തെ കവച്ചുവെക്കാൻ മറ്റൊരു തത്ത്വശാസ്ത്രത്തിനും സാദ്ധ്യമല്ല.



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യന്റെ ജീവിത ലക്ഷ്യം

**എന്നെ അറിയുന്നതിന്നും ആരാധിക്കുന്നതിന്നുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത്.(വി.ഖുർ ആൻ 51:57)** ഈ ഖുർആൻ വാക്യമനുസരിച്ച് മനുഷ്യന്റെ ജീവിതോദ്ദേശ്യം, സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവനായ്ക്കൊണ്ട് ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിനുസ്വേച്ഛയാ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്ത് സ്വേച്ഛാനുസരണം വരുകയോ സ്വമേധയാ ഇവിടെ നിന്ന് തിരിച്ച് പോകുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തികമായ അവസ്ഥയിൽനിന്നും ഉത്ഭവിപ്പിക്കുകയും അവന് ഇതര ജീവികളെ അപേക്ഷിച്ച് പാവനവും ഉത്കൃഷ്ടവുമായ ശക്തികളും ബോധങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരുക്കുന്ന സ്രഷ്ടാവ് അവന്റെ ജീവിതത്തിന് ഒരുദ്ദേശ്യവും കൽപ്പിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയും ചെയ്യുകയെന്നത് നിസ്സന്ദേഹമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**നിശ്ചമായും ദൈവത്തെ സംബന്ധിച്ച് യഥാർഥ ജ്ഞാനം പ്രദാനം ചെയ്യുകയും ദൈവോപാസനക്കുള്ള ശ്രേഷ്ഠ മാർഗം കാണിച്ചു തരുകയും ചെയ്യുന്ന ദൈവിക മതമാകുന്നു ഇസ്‌ലാം (വി. ഖുർആൻ 3:20)**

അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ ശുദ്ധ പ്രകൃതിയിൽ തദനുരൂപമായി നിക്ഷിപ്തമായിരിക്കുന്ന മതം ...അത് തന്നെയാണ് യഥാർഥ മതം. അതായത് മനുഷ്യ പ്രകൃതി ഇസ്‌ലാമിക മാതൃകക്കനുഗുണമായിട്ടുള്ളതാ ണെന്നതു തന്നെ. മറ്റൊരു പ്രകാരത്തിൽ പറയുന്നതയാൽ മനുഷ്യൻ തന്റെ സകല ശക്തികളും ബോധനങ്ങളും ദൈവാനുഗ്രഹത്തിലും ദൈവഹിതാനുസരണത്തിലും ദൈവോപാസനയിലും വ്യാപരിക്കേണമെന്നാണ് സൃഷ്ടി കർത്താവ് ഉദ്ദേശിക്കുന്നത്. അതിനാൽ അവൻ ഇസ്‌ലാമിക മാതൃകക്കനുരൂപമായ ശക്തികളും വികാരങ്ങളും മനുഷ്യന് പ്രദാനം ചെയ്തിരിക്കുകയാണ്. ....മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ ശക്തികൾ പരി ശോധിക്കുന്നതായാൽ അവയുടെയെല്ലാംപരമ പ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്നു ബോദ്ധ്യമാകുന്നതിനാലാണത്രേ മനുഷ്യൻ ഐഹിക ജീവിതത്തിലും വിവിധങ്ങളായ വ്യാപാരത്തിലും പരിശ്രമങ്ങളിലും ഏർപ്പെടുകയും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും ദൈവത്തിലല്ലാതെ അവന് യഥാർഥ സുഖം അനുഭവപ്പെടാതിരിക്കുന്നത്. കോടീശ്വരനോ വർത്തക പ്രമാണിയോ മന്ത്രി പുംഗവനോ രാജാധി രാജനോ മഹാദാർശനികനോ ആയിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദുഃഖാർത്തരായി ജീവിതം വെടിയുന്നു. സ്വേച്ഛകൾക്ക് വശഗതനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തഃക്കരണം അവനെ അനുശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളുടെ വിജയ പ്രാപ്തിക്ക് വേണ്ടി അവൻ കൈകൊണ്ട കുനയം, വഞ്ചന, അക്രമം തുടങ്ങിയ അമംഗള കർമങ്ങളിൽ അവന്റെ മനസ്സാക്ഷി അനുകൂലിക്കാത്തതിനാൽ അത് അവനെ കുറ്റപ്പെടുത്തുന്നു

...ഒരു ജന്തുവിന് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യം അത് ചെയ്യുകയും അതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാതെ അത് അവിടെനിന്നും പോവുകയും ചെയ്യുന്നു വെങ്കിൽ., ആ അന്തിമ കാര്യമാണ് അതിന്റെ ജീവിതം കൊണ്ടുള്ള പരമ പ്രയോജനം എന്ന് മനസ്സിലക്കേണ്ടിയിരിക്കുന്നു......മനുഷ്യന്റെ ശക്തികളിൽ അത്യുൽക്ക്യഷ്ടമായ ശക്തിയേതെന്ന് പരി ശോധിക്കുന്നതായാൽ അത് സർവതോന്നതനായ സൃഷ്ടികർത്താവിനെ ആരായുന്നതിനുള്ള ബോധശക്തിയാണെന്ന് കാണാം.

**(ഇസ്‌ലാംമത തത്വജ്ഞാനം)**



# തിരുദൂതരുടെ ഉത്കൃഷ്ട പദവി

**(01– 02– 2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം. )**

കഴിഞ്ഞ ഖുത്ബയിൽ തിരുനബി (സ) യുടെ ജന്മദിനവുമായി ബന്ധപ്പെട്ടു കൊണ്ട് ഒരു കാര്യം ഞാൻ പറഞ്ഞിരുന്നു, അന്ന് റബീയ്യുൽ അവ്വൽ 12 ആയിരുന്നു. പാകിസ്താനിൽ നബിദിന സമ്മേളനങ്ങളും ഘോഷയാത്രയും നടന്നു കൊണ്ടിരിക്കുകയായിരുന്നു. മുമ്പുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ അതിൽ തിരുനബി (സ)യുടെ സ്മരണകുറവായിരിക്കുമെന്നും പാകിസ്താനിൽ പ്രത്യേകിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിലും ജമാഅത്തിനെതിരിലും അസഭ്യങ്ങളും ചീത്തവിളികളും മാത്രമായിരിക്കും കൂടുതലും ഈ അവസരങ്ങളിൽ ഉണ്ടാകുക എന്നും പറഞ്ഞിരുന്നു. പ്രത്യേകിച്ച് റബ്വയിൽ ഇതായിരിക്കും അവസ്ഥ. പിന്നീട് അവിടെ നിന്നും വന്ന റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത് ഞാൻ പറഞ്ഞത് പോലെയാണ് എല്ലാം നടന്നതെന്നാണ്. ഘോഷയാത്രകൾ അവിടെ സംഘടിക്കപ്പെട്ടു. സമ്മേളനങ്ങൾ നടന്നു. നമ്മുടെ തെരുവീഥികളിലൂടെ അവർ പോവുകയും അസഭ്യങ്ങൾ പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്തു. അവർക്ക് എന്തും പറയാനുള്ള സ്വാതന്ത്ര്യം അവിടെയുണ്ട്. എന്നാൽ അഹ്മദികൾക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും നാമം പോലും ഉച്ചരിക്കാനുള്ള സ്വാതന്ത്ര്യമില്ല. ഏതായിരുന്നാലും ദുഷ്ടരായ പണ്ഡിതരുടെ പ്രവൃത്തിയാണിത്. ഈ മുസ്ലിം നാമധാരികളായ പണ്ഡിതവർഗത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും ഈ സമൂഹത്തിന് രക്ഷപ്പെടാൻ അല്ലാഹു തൗഫീഖ് നൽകട്ടെ. അസഭ്യം പുലമ്പുക എന്നത് ഇവരുടെ ശീലമാണ്. അവർ ചെയ്ത് കൊണ്ടിരിക്കും. ഇവരുടെ അസഭ്യം പുലമ്പലും ജമാഅത്തിനെ എതിർക്കലും ഒന്നും തന്നെ ജമാഅത്തിന്റെ പുരോഗതിയെ ഒരു തരത്തിലും തടയാൻ സാധിക്കില്ല. ഇവരുടെ ഓരോ എതിർപ്പും ജമാഅത്തിന്റെ പുരോഗതിക്ക് വേഗത കൂട്ടുകയാണ് ചെയ്യുന്നത്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചില ഉദ്ധരണികൾ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്. ഇതിൽ നബി (സ) യുടെ മഹത്വം, സ്ഥാനമാഹാത്മ്യം, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തന്റെ യജമാനനും ഗുരുവുമായ തിരുനബി(സ)യോടുള്ള സ്നേഹാദരങ്ങൾ, ഈമാനിക രോഷം എല്ലാം ഇതിൽ നിന്നും പ്രകടമാകുന്നതാണ്. അസഭ്യം പുലമ്പുന്ന മുല്ലാവർഗത്തെ ഒരു ഭാഗത്ത് വെക്കുക. മറുഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തിരുനബി (സ) യുടെ മഹത്വം ഏതു രീതിയിലാണ് വിവരിക്കുന്നത് എന്ന് നോക്കുക.

സർവ പ്രവാചകന്മാരിലും തിരുനബി (സ) യുടെ ശ്രേഷ്ഠത വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, സകല പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനായ പ്രവാചകൻ മാനവരാശിയുടെ സമുന്നതനായ അദ്ധ്യാപകനാണ്. അദ്ദേഹം മുഖേന ലോകത്തുണ്ടായിരുന്ന വലിയ കുഴപ്പങ്ങൾ സംസ്കരിക്കപ്പെടുകയും, കളഞ്ഞു പോവുകയും അപ്രത്യക്ഷമാവുകയും ചെയ്തിരുന്ന തൗഹീദിനെ ഭൂമിയിൽ പുന:സ്ഥാപിക്കുകയും ചെയ്തു. വ്യാജമായ സർവ മതങ്ങളെയും തെളിവുകളാലും ന്യായ വാദങ്ങളാലും പരാജയപ്പെടുത്തികൊണ്ട് വഴികേടിലായ എല്ലാവരുടേയും സംശയങ്ങൾ അകറ്റുകയുമുണ്ടായി. മതത്യാഗിയുടെ സന്ദേഹങ്ങൾ ദൂരീകരിക്കുകയും ചെയ്തു. യഥാർഥ തത്ത്വങ്ങളുടെ വിജ്ഞാനം നൽകികൊണ്ട് മോക്ഷത്തിന്റെ യഥാർഥ മാർഗം നവമായ രീതിയിൽ നൽകുകയുണ്ടായി. ഇദ്ദേഹ

ത്തിന്റെ ഗുണങ്ങളും പ്രയോജനങ്ങളും ഏറ്റവും കൂടുതലായതു കാരണം ഇദ്ദേഹത്തിന്റെ പദവിയും സ്ഥാനമഹത്വവും ഏറ്റവും കൂടുതലായിരിക്കണം. മുകളിൽ പറഞ്ഞ നിയമങ്ങൾ വെച്ചു നോക്കുമ്പോൾ മറ്റെല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനായിരിക്കുന്ന പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയാണെന്ന് ചരിത്രവും ദൈവിക ഗ്രന്ഥങ്ങളും സാക്ഷ്യം പറയുകയും കണ്ണുള്ളവർ കാണുകയും ചെയ്യുന്നുണ്ട്. (ബറാഹീനെ അഹ്മദിയ്യാ വാള്യം 2)

തിരുനബി (സ) യുടെ സ്വഭാവ വൈശിഷ്ഠ്യത്തിന്റെ മഹത്വം വിവരിച്ചുകൊണ്ട് പറയുന്നു, ഹദ്റത്ത് മൂസാ സൗശീല്യത്തിലും സഹനശീലത്തിലും ബനൂ ഇസ്റാഈല്യരിലെ സകല പ്രവാചകന്മരേക്കാളും മുൻ കടന്നിരുന്നു. ഹദ്റത്ത് മൂസാ നബിയുടെ ഉന്നത സ്ഥാനം വരെ എത്താൻ ബനീ ഇസ്റാഈൽ മസീഹിനോ മറ്റേതെങ്കിലും നബിക്കോ സാധിച്ചിരുന്നില്ല. അലിവിലും സഹനശീലത്തിലും സൽസ്വഭാവത്തിലും മറ്റെല്ലാ ഇസ്റാഈൽ പ്രവാചകന്മാരേക്കാളും ഉന്നതനും വിജയശ്രീലാളിതനുമായിരുന്നു മൂസാ എന്ന് തൗറാത്തിൽ കാണാവുന്നതാണ്. സംഖ്യ പുസ്തകം അദ്ധ്യായം 12 വചനം 3 ൽ നമുക്ക് ഇങ്ങനെ കാണാം. "മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലും വെച്ച് സൗമ്യനായിരുന്നു" ചുരുക്കത്തിൽ ബനീ ഇസ്റാഈലിലെ മറ്റൊരു പ്രവാചകനെക്കുറിച്ചും സ്തുതിച്ചു പറയാത്ത രീതിയിൽ തൗറാത്തിൽ മൂസാനബിയുടെ സൗമ്യ ശീലത്തെ കുറിച്ച് തൗറാത്ത് വർണിക്കുന്നുണ്ട്. എന്നാൽ തിരുനബി (സ) യുടെ സ്വഭാവ വൈശിഷ്ഠ്യത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടത് മൂസാ (അ) നേക്കാളും ആയിരം മടങ്ങ് ഉന്നതമാണ് എന്നാണ്. ഹദ്റത്ത് ഖാത്തമുൽ അമ്പിയ (സ) മറ്റു സകല പ്രവാചകന്മാരിലും വ്യത്യസ്തമായി കാണപ്പെടുന്ന എല്ലാ സ്വഭാവഗുണങ്ങളുടേയും സമ്മേളിത രൂപമാണെന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. നീ ഏറ്റവും അത്യുന്നതമായ സ്വഭാവഗുണ ങ്ങളിൽ വിരാജിക്കുന്നവനാണ്. (അത്യുന്ന തൻ) എന്ന വാക്കുകൊണ്ട് എന്തിനെ യാണോ വിശേഷിപ്പിക്കുന്നത് അത് അറബി ശൈലിയനുസരിച്ച് നോക്കുമ്പോൾ ആ വസ്തു അതിന്റെ ഔന്നത്യത്തിന്റെ ഏറ്റവും ഉത്തമസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു എന്നാണ്. ഉദാഹരണമായി ഒരു വൃക്ഷത്തെകുറിച്ച് ഇത് ആണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഒരു വൃക്ഷത്തിന് എത്രകണ്ട് വളരാനും പൊക്കം വെക്കാനും തടിക്കാനും സാധിക്കുമോ അതെല്ലാം ഈ വൃക്ഷത്തിൽ സമ്മേളിച്ചിരിക്കുന്നു എന്നാണ്. ഇതേപോലെ സദ്സ്വഭാ വത്തിന്റെയും സദ്പെരുമാറ്റത്തിന്റെയും ഔന്നത്യം എത്രകണ്ട് ഒരു മനുഷ്യ ജീവിക്ക് കരസ്ഥമാക്കാൻ സാധിക്കുമോ ആ സമ്പൂർണ സദ്സ്വഭാവങ്ങളത്രയും മുഹമ്മദ് എന്ന വ്യക്തിത്വത്തിൽ ഉൾകൊള്ളുന്നു എന്നാണ്. ഈ വിശേഷണം അത്യുന്നതമാണ്. ഇതിനേക്കാളും ഔന്നത്യം ഊഹിക്കാവു ന്നതല്ല.

അല്ലാഹുവിന്റെ കൃപനിന്നിൽ വളരെ അധികമായിട്ടുണ്ട്'. ഒരു പ്രവാചകനും നിന്റെ സ്ഥാനത്തോളം എത്താൻ കഴിയില്ല. ഈ ഒരു കാര്യം പ്രവചനമെന്നോണം സങ്കീർത്തനം അധ്യായം 45 ൽ തിരുനബി (സ) യുടെ വ്യക്തി മഹത്വത്തെകുറിച്ച് നമുക്ക് കാണാവുന്നതാണ്. പറയുന്നു, "ആകയാൽ ദൈവം, നിന്റെ ദൈവം, നിന്നെ മറ്റുള്ളവരിൽ നിന്നുയർത്തി ആനന്ദത്തിന്റെ തൈലംകൊണ്ട് അഭിശേകം ചെയ്തു.'' (ബറാഹീനെ അഹ്മദിയ്യാ)

തിരുനബി (സ)ക്ക് ലഭിച്ച അത്യുന്നതമായ പ്രകാശത്തെകുറിച്ച് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ''മനുഷ്യന് നൽകപെട്ട അതിമഹത്തായ ആ പ്രകാശം അതായത് പരിപൂർണ മനുഷ്യന് നൽകപ്പെട്ട പ്രകാശം മലക്കുകളിലുണ്ടായിരുന്നില്ല, നക്ഷത്രങ്ങളിലുമുണ്ടായിരുന്നില്ല, ചന്ദ്രനിലുണ്ടായിരുന്നില്ല, സൂര്യനിലുമുണ്ടായിരുന്നില്ല. ഭൂമിയിലുള്ള സമുദ്രങ്ങളിലോ നദികളിലോ അതുണ്ടായിരുന്നില്ല. അത് മാണിക്യത്തിലോ വൈഡൂര്യത്തിലോ മരതകങ്ങളിലോ മുത്തിലോ ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ ആകാശിയമോ ആയ യാതൊന്നിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യനിൽ മാത്രമാണുണ്ടായിരുന്നത്. അതായത് പരിപൂർണനായ മനുഷ്യനിൽ മാത്രം. അതിന്റെ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽ കൃഷ്ടവും ആയ പ്രതീകം നമ്മുടെ യജമാനനും നബിമാരുടെ നായകനും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത് മുഹ മ്മദ് മുസ്തഫാ (സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ പ്രദാനം ചെയ്യപ്പെട്ടത്. ചുരുക്കത്തിൽ ആ പ്രകാശം ആ മനുഷ്യനാണ് നൽകപെട്ടത്. അപ്രകാരം തന്നെ ഒരളവോളം പലനിലയിലും അവിടുത്തോട് സാമ്യസാദൃശ്യ ങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ നല്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഈ തേജാവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും സ്നേഹഭാജനവും മാർഗദർശിയും ആയ ആ നിരക്ഷര പ്രവാചകൻ, അതെ സത്യവാനും സത്യസാക്ഷിതനും ആയ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. ഇതു സംബന്ധമായി അല്ലാഹു ഇപ്ര കാരം വിശുദ്ധ ഖുർആനിൽ അരുൾ ചെയ്യുന്നു.

അതായത് നീ പറയുക, എന്റെ നമസ്കാരവും ഇബാദത്തിനായുള്ള എന്റെ എല്ലാ പ്രയത്നങ്ങളും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവും എല്ലാം തന്നെ സർവലോക നിയന്താവായ അല്ലാഹുവിനുള്ളതാണ്. അവന്റെ വഴിയിൽ ഉള്ളതാണ്. അവന് ഒരു പങ്കാളിയും ഇല്ല തന്നെ. ഞാൻ അവ്വലുൽ മുസ്ലിമീൻ ആകണമെന്ന് കൽപ്പിക്കപെട്ടിരിക്കുകയാണ്. അതായത് ലോകാരംഭം മുതൽ ലോകാവസാനം വരെ അല്ലാഹുവിൽ പരിപൂർണമായും അർപ്പണം ചെയ്തുകൊണ്ടുള്ള, ഏറ്റവും മഹോന്നതമായ സ്ഥാനം അലങ്കരിക്കുന്ന എന്നെപ്പോലുള്ള ഒരു പരിപൂർണ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും അവനെ തിരിച്ചേൽപ്പിക്കുന്നവൻ ആയിട്ടു മറ്റാരും ഉണ്ടാകാൻ പാടില്ല. (അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും തിരിച്ചു നൽകുക എന്ന തുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു മനുഷ്യനെ ഏൽപ്പിച്ചിരുന്ന കടമകളും ബാധ്യതകളും തിരുനബി (സ) യെ ഏൽപ്പിച്ച ബാധ്യതകളും കടമകളും അത് നിറവേറ്റാൻ കഴിയുന്ന രീതിയിൽ ഏറ്റവും ഉന്നതമായ നിലവാരത്താൽ ചെയ്ത് തീർക്കുക.)

നബിതിരുമേനി(സ)ക്ക് മറ്റു പ്രവാചകന്മാരിൽ പൂർണമായ ശ്രേഷ്ഠത സ്ഥാപിതമാകുന്നില്ല എന്നു വാദിക്കുന്ന അറിവില്ലാത്ത ഏകത്വവാദികൾക്ക് ഈ ദൈവവചനം ഒരു മറുപടിയാണ്. തനിക്ക് 'യൂനുസ് ബിനുമത്താ'യേക്കാൾ ഒരു ശ്രേഷ്ഠതയും കൽപ്പിക്കരുതെന്ന് റസൂൽ തിരുമേനി (സ) വിലക്കിയിരുന്നു എന്ന ദുർബലമായ ചില ഹദീസുകൾ കാണിച്ചുകൊണ്ടാണ് ഇക്കൂട്ടർ അത് പറയുന്നത്. പ്രസ്തുത ഹദീസ് സഹീഹായതാണെങ്കിൽ തന്നെ ഇത് റസൂൽ തിരുമേനി (സ) എന്നെന്നും അനുവർത്തിച്ചു വന്നിരുന്ന വിനയം, എളിമ എന്നീ ഗുണങ്ങളുടെ ഒരു ബഹിർപ്രകടനം മാത്രമാണെന്ന് ഈ മൂഢന്മാർ മനസ്സിലാക്കുന്നില്ല. ഓരോന്നിനും ഓരോ സന്ദർഭവും അവസരവും ഉണ്ട്. സാത്വികനായ ഒരാൾ വിനയപുരസ്സരം താനെഴുതിയ ഒരു ലിഖിതത്തിനിടയിൽ ദൈവത്തിന്റെ

ഏറ്റവും എളിയ ദാസൻ എന്നെഴുതുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അടിയാറുകളിൽവെച്ച് ഏറ്റവും താഴെക്കിടയിലുള്ള ആളാണെന്ന് പറയുന്നത് എത്രമാത്രം മണ്ടത്തരവും ഭോഷത്വവുമാണ്. കാരണം അദ്ദേഹം സ്വയം ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടല്ലോ എന്ന് പറയാമല്ലോ?

അല്ലാഹു പരമപരിശുദ്ധനായ നബി (സ) തിരുമേനിയുടെ തിരുനാമം അവ്വലുൽ മുസ്‌ലിമീൻ എന്നും സർവരേക്കാളും പ്രഥമനായി തന്റെ അമാനത്തുകൾ തിരിച്ചേൽപ്പിക്കുന്നവൻ എന്നും വിശേഷിപ്പിച്ചിരിക്കയാൽ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്ന ഒരാൾക്ക് തിരുനബി (സ) യുടെ മഹോന്നത സ്ഥാനത്തെ ആക്ഷേപിക്കാൻ കഴിയുമോ എന്ന കാര്യം കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. അല്ലാഹു പ്രസ്തുത വചനങ്ങളിലൂടെ ഇസ്‌ലാമിൽ വ്യത്യസ്ത പദവികളുണ്ടെന്നും അതിൽ അത്യുന്നതവും മഹത്വമാർന്നതുമായ അതുല്യ പദവി തിരുനബി (സ) യുടെ പദവി യാണെന്നും പറയുന്നു,

ഒരു ഫാർസി കവിതയാണ്.

'മൂസാവ ഈസാ ഹമ ഖൈലെ തു അന്ദ്

ജുമ്‌ല ദരീൻ രാഹ് തുഫൈലെ തു അന്ദ്

( മൂസയും ഈസയും എല്ലാം നിന്റെ ഗണത്തിൽ പെട്ടതുതന്നെയാണ്. നീ മുഖേനയാണ് എല്ലാവരും ഈ മാർഗത്തിൽ നില നിൽക്കുന്നത്)

പ്രസ്തുത ആയത്തുകളുടെ തുടർന്നുള്ള തർജമ ഇതാണ്. (അല്ലാഹു തന്റെ റസൂലിനോട് ഇപ്രകാരം കൽപ്പിക്കുന്നു) നീ പറയുക, എന്റെ പാത നേരായ പാതയാണ്. പ്രസ്തുത പാതയെ പിന്തുടരുക. മറ്റു പാതകളെ പിൻപറ്റരുത്. അവ നിങ്ങളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും ദൂരപ്പെടുത്തും. (6 :154)

നീ അവരോട് പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അതായത് എന്റെ വഴിയിൽ ചരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ സ്വായത്തമാക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളേയും സ്നേഹിക്കുകയും നിങ്ങളുടെ പാപം പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു പൊറുത്തു തരുന്നവനും കാരുണ്യവാരിധിയും ആണ് (3:32)

നീ പറയുക, എന്റെ അസ്തിത്വവും നിലനിൽപ്പും അല്ലാഹുവിനു പരിപൂർണമായും അർപ്പണം ചെയ്യുവാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. (3:21)

"റബ്ബുൽ ആലമീനയായ അല്ലാഹുവിൽ അർപ്പണം ചെയ്തുകൊണ്ട് സ്വയം ഖാദിമുൽ ആലമീൻ ആയിത്തീരാൻ എന്നോടാജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ എന്നെ തന്നെയും എന്റെ സ്വന്തമായിട്ടുള്ളതെല്ലാം തന്നെയും അല്ലാഹുവിൽ അവന്റെ വഴിയിൽ ഭരമേൽപ്പിച്ചിരിക്കുന്നു. ഇപ്പോൾ എന്റേതായിട്ടൊന്നും തന്നെ ഇല്ല. എന്റേതെല്ലാം അവന്റേതായിത്തീർന്നിരിക്കുന്നു'' (ആയിനയെ കമാലാത്തെ ഇസ്‌ലാം)

ഇതാണ് തിരുനബി (സ) യുടെ ഉന്നതപദവി. ഈ മാതൃകയാണ് തിരുനബി (സ) സ്ഥാപിച്ചത്. എന്നാൽ നമ്മുടെ എതിരാളികളുടെ പ്രവർത്തനം നോക്കു ക. തിരുനബി (സ) കാരുണ്യവുമായാണ് വന്നത്. ഇവരാണെങ്കിൽ കലിമ ചൊല്ലുന്നവരേപോലും ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്.

തിരുനബി (സ) യുടെ അനുഗ്രഹ വർഷവും നുബുവ്വത്തിന്റെ വ്യാപ്തിയും വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, "മൂസയുടേയും ഈസയുടേയും തിരുനബി (സ) യുടേയും ദൈവം ഒരേ ഒരു ദൈവം തന്നെ യാണ്. മൂന്ന് ദൈവങ്ങളല്ല. വിവിധ ശക്തിപ്രകടനങ്ങൾ കാരണം മൂവരിലും ഏകനായ ദൈവത്തിന്റെ മൂന്ന് വ്യത്യസ്ത ശക്തിപ്രകടനങ്ങൾ പ്രകടമായി. മൂസാ നബിയുടെ മന:ശക്തി ബനൂ ഇസ്റാഈലുകൾക്കും ഫിർഔനുംവരേ മാത്രമേ ഉണ്ടായിരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ശക്തി പ്രഭാവം അത്ര മാത്രമേ മൂസായിൽ പ്രകടമായിട്ടുള്ളു. മൂസാ നബിയുടെ ആത്മദൃഷ്ടി ആ കാലത്തും വരുംകാലങ്ങളിലുമുള്ള മാനവരാശിയിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്നുള്ളതുപോലെ തൗറാത്തിന്റെ അദ്ധ്യാപനങ്ങൾ അപൂർണമാകുമായിരുന്നില്ല. "

അതേപോലെ ഈസയുടെ സമുദായം എന്നത് അദ്ദേഹത്തിന്റെ കൺമുമ്പിലുണ്ടായിരുന്ന യഹൂദികളുടെ ചില ഗോത്രങ്ങൾ മാത്രമായിരുന്നു. മറ്റു സമൂഹങ്ങളുമായോ വരും കാലങ്ങളെക്കുറിച്ചോ അദ്ദേഹത്തിന് ഒരു സഹാനുഭൂതിയും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ദൈവിക ശക്തിപ്രഭാവം അദ്ദേഹ ത്തിന്റെ മതത്തിൽ അദ്ദേഹത്തിലുള്ള ആത്മ ശക്തിയുടെ പരിമിതിയനുസരിച്ച് പരിമിതപ്പെടുത്തപ്പെട്ടു. ദൈവിക ഭാഷണത്തിലും വെളിപാടിലും ഭാവി യിൽ മുദ്രവെക്കപ്പെടുകയും ചെയ്തു. ഇഞ്ചീലിന്റെ അദ്ധ്യാപനം യഹൂദിക ളുടെ ഉത്തമ സംസ്കരണത്തിനും ധാർമിക ഉയർച്ചക്കുംവേണ്ടി മാത്രമായി രുന്നത് കൊണ്ട് മുഴുലോകത്തിന്റെയും ഗുണകാംക്ഷിയായി അത് മാറിയിരു ന്നില്ല. അതിനാൽ പൊതുവിൽ എല്ലാവരുടേയും സംസ്കരണം ഇഞ്ചീൽ മുഖേന സാധ്യമല്ല. അദ്ദേഹത്തിന്റെ കൺമുമ്പിൽ ഉണ്ടായിരുന്ന യഹൂദികളുടെ ആത്മ സംസ്കരണം മാത്രമാണ് അന്ന് ലക്ഷ്യമായിട്ടിരുന്നത്. മറ്റുനാട്ടുകാരുടേയും വരും തലമുറയുടേയും അവസ്ഥാവിശേഷണത്തെ കുറിച്ച് പുതിയ നിയമത്തിന് ഒരു ശ്രദ്ധയും ഉണ്ടായിരുന്നില്ല. മറ്റെല്ലാ ജനവിഭാഗത്തിന്റേയും വിവിധ മനുഷ്യ പ്രകൃതത്തിന്റേയും സംസ്കരണമാണ് ബൈബിൾ ലക്ഷ്യം വെച്ചിരുന്നെങ്കിൽ ഇന്നുള്ള അദ്ധ്യാപനമായിരുന്നില്ല അത് നൽകുമായിരുന്നത്. എന്നാൽ ദു:ഖകരമെന്ന് പറയട്ടെ ഒരു ഭാഗത്ത് ബൈബിളിന്റെ അദ്ധ്യാപനം തന്നെ അപൂർണമായിരുന്നു. മറുഭാഗത്ത് സ്വയംകൃത തെറ്റുകൾ അവരെ വലിയ ആപത്തിൽ തള്ളിവിടുകയും ചെയ്തു. അവർ മനുഷ്യനായ ഒരു വ്യക്തിയെ വെറുതെ ദൈവമാക്കി. പാപപരിഹാര സിദ്ധാന്തമെന്ന സ്വയംകൃതതത്ത്വം സമർപ്പിച്ചു കൊണ്ട് സംസ്കരണ പ്രവർത്തനത്തിനുള്ള കവാടം തന്നെ കൊട്ടിയടക്കുകയും ചെയ്തു. ഇപ്പോൾ ക്രിസ്തീയ സമൂഹം ഇരട്ട ദൗർഭാഗ്യത്തിൽ അടിപ്പെട്ടിരിക്കുകയാണ്. ഒന്ന്, അവർക്ക് അല്ലാഹുവിൽ നിന്ന് ദിവ്യവെളിപാട് മുഖേന മാർഗദർശനം ലഭിക്കുന്നതല്ല. കാരണം ദൈവിക വെളി പാടുകൾ കൊട്ടിയടച്ചിരിക്കുകയാണ്. മറുഭാഗത്ത് അവർക്ക് കർമരംഗത്ത് മുന്നേറാനും സാധ്യമല്ല. പാപപരിഹാര സിദ്ധാന്തം പ്രയത്നത്തേയും പരിശ്രമത്തേയും തടയുകയും ചെയ്തു.

എന്നാൽ വിശുദ്ധ ഖുർആൻ ഇറങ്ങിയ ആ പരിപൂർണ മനുഷ്യന്റെ ആത്മ ദൃഷ്ടി പരിമിതമായിരുന്നില്ല. അദ്ദേഹത്തിന്റെ പൊതു സഹതാപത്തിലും സഹിഷ്ണുതയിലും ഒരു കുറവും ഉണ്ടായിരുന്നില്ല. എല്ലാ കാലത്തേക്കും എല്ലാ സമൂഹങ്ങൾക്കുമായി അവിടുത്തെ ഹൃദയത്തിൽ പരിപൂർണമായ സഹതാപം ഉണ്ടായിരുന്നു. അതിനാൽ ദൈവത്തിന്റെ ശക്തി പ്രഭാവത്തിന്റെ സമ്പൂർണ അംശം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അങ്ങനെ അവിടുന്ന് ഖാത്തമുൽ അമ്പിയാ ആയി മാറി. എന്നാൽ അദ്ദേഹത്തിൽനിന്ന് ഇനി ഒരു ആത്മീയ അനുഗ്രഹവും ലഭിക്കില്ല എന്ന അർഥത്തിലല്ല ഇത്. മറിച്ച് അദ്ദേഹം സാക്ഷ്യമുദ്ര നൽകുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ സാക്ഷ്യമുദ്ര യില്ലാത്ത ആർക്കുംതന്നെ ആത്മീയാനുഗ്രഹങ്ങൾ ലഭ്യമാകുന്നതല്ല. അദ്ദേഹത്തിന്റെ ഉമ്മത്തിന് ദൈവഭാഷണവും വെളിപാടും ഖിയാമത്ത്നാൾ വരെ ഇല്ലാതാകു ന്നതുമല്ല. അദ്ദേഹമല്ലാതെ സാക്ഷ്യ മുദ്ര ലഭിച്ച മറ്റൊരു

പ്രവാചകനുമില്ല. അദ്ദേ ഹത്തിന്റെ സാക്ഷ്യ മുദ്രയോടു കൂടി ഒരു തരം നുബുവ്വത്ത് വരെ ലഭിക്കുന്ന താണ്. ഇതിനുള്ള നിബന്ധന ആദ്യം അദ്ദേഹത്തിന്റെ ഉമ്മത്തിൽ ഉൾപ്പെട്ടിരിക്കണമെന്നതാണ്.

അദ്ദേഹത്തിന്റെ സഹാനുഭൂതിയും സഹതാപവും ഉമ്മത്തിനെ അപൂർണമായി വിട്ടുകളയാൻ ഇഷ്ടപ്പെട്ടില്ല. ദൈവിക വിജ്ഞാനത്തിന്റെ അടിവേരായ ദൈവികഭാഷണം തന്റെ ഉമ്മത്തിൽ നിലച്ചു പോകാൻ ഇഷ്ടപ്പെട്ടതുമില്ല. അതോടൊപ്പം തന്റെ പ്രവാചകത്വമുദ്രയുടെ അടയാളം സ്ഥാപിക്കാനായി ദിവ്യവെളിപാടുകൾ അദ്ദേഹത്തിന്റെ അനുധാവനത്തിലൂടെ മാത്രമേ ലഭി ക്കുകയുള്ളു എന്ന നിബന്ധന സ്ഥാപിക്കുകയുണ്ടായി. ഈ ഉമ്മത്തിൽ ഉൾപ്പെടാത്ത വ്യക്തിയിൽ ദിവ്യ വേളിപാടിന്റെ കവാടം കൊട്ടിയടക്ക പ്പെട്ടിരിക്കുകയാണ്.

ചുരുക്കത്തിൽ അല്ലാഹു അദ്ദേഹത്തെ ഖാത്തമുൽ അമ്പിയ ആക്കിയിരുന്നത് മുകളിൽ പറഞ്ഞ അർഥത്തിലാണ്. അതിനാൽ ഏതൊരാൾ യഥാർഥ അർഥത്തിൽ തിരുനബി (സ) യെ പിൻപറ്റി, താൻ അദ്ദേഹത്തിന്റെ ഉമ്മത്തിൽ ഉൾപ്പെട്ട വ്യക്തിയാണെന്ന് തെളിയുന്നില്ലയോ തന്റെ സർവതും തിരുനബി (സ) യുടെ അനുധാവനത്തിൽ ലീനമാക്കുന്നില്ലയോ അങ്ങനെയുള്ള വ്യക്തി ഖിയാമത്ത് നാൾ വരെ ശരിയായ അർഥത്തിൽ സമ്പൂർണമായി വെളിപാട് കരസ്ഥമാക്കുന്നവനായിരിക്കില്ല. കാരണം സ്വാതന്ത്രമായി ലഭിക്കുന്ന നുബുവ്വത്ത് തിരുനബി (സ) യിൽ അവസാനിച്ചിരിക്കുന്നു. എന്നാൽ നുബുവ്വത്ത് ലഭിക്കും എന്നതിന്റെ അർഥം മുഹമ്മദീ അനുഗ്രഹം മുഖേന ദിവ്യ വെളിപാട് ലഭിക്കുക എന്നതാണ്. അത് ഖിയാമത്ത് നാൾവരെ നില നിൽക്കുന്നു. ഇതു മുഖേന മനുഷ്യന്റെ വളർച്ചയുടെ പൂർത്തീകരണം നിലച്ചു പോകാതിരിക്കുന്നതാണ്. മാത്രവുമല്ല തിരുനബി (സ) യുടെ ആത്മ ധൈര്യം ആഗ്രഹിച്ചിരുന്നത് ദൈവിക ഭാഷണത്തിന്റേയും ദൈവിക സംസാരത്തിന്റേയും കവാടം ഖിയാമത്ത്നാൾ വരെ തുറന്നിടപ്പെടണമെന്നതാണ് എന്നതിനുള്ള അടയാളം ലോകത്ത് നിന്ന് മാഞ്ഞുപോകാനും പാടില്ലായിരുന്നു. മോക്ഷത്തിന് കാരണമായിത്തീരുന്ന ദൈവികജ്ഞാനം ഒരിക്കലും അവസാനിച്ചു പോകാൻ ഇടവരരുത്. ഉമ്മത്തി അല്ലാത്ത ഒരു നബി തിരുനബി(സ)ക്ക് ശേഷം വരുമെന്ന് ഒരു ഹദീസിൽ നിന്നും തെളിയുന്നതല്ല. തിരുനബി(സ)യുടെ അനുധാ വനത്തിലൂടെ പിൻപറ്റാത്ത നബി വരുന്ന തല്ല." (ഹഖീഖത്തു വഹ്‌യ്)

തിരുനബി (സ) യുടെ ദുആയും ശിക്ഷണവും കാരണമായി സഹാബാക്കളുടെ ഉന്നത സ്ഥാനമാഹത്മ്യത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറ യുന്നു. തിരുനബി(സ) യുടെ സഹാബാക്കളുടെ ഹൃദയത്തിൽ ദൈവത്തോടുള്ള സ്നേഹത്തിന്റെ അതിശക്തമായ ആവേശം സംജാതമായിരുന്നു. തിരു നബി (സ) യുടെ വിശുദ്ധീകരണശക്തി കാരണം തങ്ങളെ ദൈവമാർഗത്തിൽ ആടുമാടുകളെപ്പോലെ അറുക്കപ്പെടുന്നതിന് സമർപ്പിക്കുന്ന രീതിയിലുള്ള സ്വാധീന ശക്തി അവരുടെ ഹൃദയത്തിൽ ഉണ്ടായി. ഈ രീതിയിലുള്ള സത്യസന്ധതയും ആത്മാർഥതയും പ്രകടിപ്പിച്ചതിനുള്ള ഉദാഹരണം മുൻസമുദായങ്ങളിൽ നിന്ന് ആരെങ്കിലും നമുക്ക് കാണിച്ച് തരുമോ? (ഹ : മൂസാ (അ) ന്റെ ഉദാഹരണം ആ മഹാത്മാവ് സമർപ്പിച്ചു. അദ്ദേഹത്തിന്റെ സമുദായത്തിൽ ഈ അടയാളം ദൃശ്യമല്ല ഹ: മസീഹിന്റെ സഹാബാക്കളുടെ അവസ്ഥ എന്തായിരുന്നു? കഷ്ടപ്പാടിന്റെ അവസരത്തിൽ ഹവാരികളെല്ലാം ഓടിപ്പോയി. ഒരാൾ പോലും സ്ഥിരചിത്തത പ്രകടമാക്കിയില്ല. ഭീരുത്വം അവരെ അടക്കിവാണു. എന്നാൽ നമ്മുടെ നബി (സ) യുടെ സഹാബാക്കൾ ഖഡ്ഗത്തിനു താഴെ സ്ഥിരചിത്തത പ്രകടിപ്പിക്കുകയുണ്ടായി. അവർ മരിക്കാൻ തന്നെ തയ്യാറായി. അവരുടെ ജീവചരിത്രം വായിക്കുമ്പോൾ നമുക്ക് കരച്ചിൽ വരുന്നു.

അപ്പോൾ എന്തൊന്നാണ് ഇത്രമാത്രം പ്രേമത്തിന്റെ ആത്മാവ് അവരിൽ ഊതി നിറച്ചത്? ഇത്രമാത്രം അവരിൽ പരിവർത്തനം വരുത്തിയത് ഏത് കരങ്ങളായിരുന്നു. ജാഹിലിയ്യാ കാലത്ത് അവർ ഭൗതിക കീടങ്ങളായിരുന്നു. ഒരു തിന്മയും പാപവും തന്നെ അവരിൽ നിന്നും പ്രത്യക്ഷപ്പെടാത്തതായി ഉണ്ടായിരുന്നില്ല. എന്നാൽ ഈ പ്രവചകനെ പിന്തുടർന്നതു കാരണം അല്ലാഹു അവരിൽ കുടിയിരിക്കുന്നതു പോലെ അവർ ദൈവത്തിലേക്ക് ആകർ ഷിക്കപ്പെടുകയുണ്ടായി. അധമായി ജീവിതത്തിൽ നിന്നും ഈ സ മുദായത്തെ ഉത്തമവും പരിശുദ്ധവുമായ ജീവിതത്തിലേക്ക് വലിച്ചു കൊണ്ടുവന്നത് ആ പ്രവാചകന്റെ ആകർഷണ ശക്തിയായിരുന്നു.

ഇസ്‌ലാമിൽ കൂട്ടം കൂട്ടമായി ജനങ്ങൾ പ്രവേശിച്ചതിനു കാരണം ഖഡ്ഗമായിരുന്നില്ല. മറിച്ച് 13 വർഷം മക്കയിൽ തിരുനബി (സ) ചെയ്ത പ്രാർഥനയുടെയും വിലാപത്തിന്റെയും സ്വാധീനം കാരണമായിരുന്നു ഇതെല്ലാം സംഭവിച്ചത്. വിലാപം കൊണ്ട് നിറഞ്ഞ ഒരു വ്യക്തിയുടെ അനുഗൃഹീത പാദങ്ങൾക്കു കീഴെയാണ് താനെന്ന് മക്കയുടെ മൺതരികൾ വിളിച്ചു പറയാൻ തുടങ്ങി. അല്ലാഹു നിരാശ്രയനാണ്. ആര് വഴികേടിലായാലും നേർമാർഗത്തിലായാലും അവന് അതൊരു പ്രശ്നവുമില്ല. അറേബ്യൻ ഉപഭൂഖണ്ഡത്തിൽ അത്ഭുതാവഹമായ രീതിയിൽ പ്രകടമാവുകയും ലോകത്ത് വ്യാപിക്കുകയും ചെയ്ത ഈ സന്മാർഗ ദീപം തിരുനബി (സ) യുടെ ഹൃദയത്തിന്റെ ഉള്ളുരുക്കത്തിന്റെ ഫലമായിരുന്നു. തിരുനബി (സ) യുടെ അന്തരാളങ്ങളിൽ നിന്ന് തിളച്ചു മറിയുന്ന പ്രാർഥനകളായിരുന്നു ഇതിനു കാരണം. എല്ലാ സമുദായവും തൗഹീദിൽ നിന്നും അകലുകയും അതിനെ കയ്യൊഴിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇസ്‌ലാമിൽ തൗഹീദിന്റെ നീരുറവ് ഒഴുകികൊണ്ടിരുന്നു. ഈ അനുഗ്രഹങ്ങളത്രയും തിരുനബി (സ) യുടെ പ്രാർഥനയുടെ ഫലമായിരുന്നു. അല്ലാഹു ഇതു സംബന്ധമായി പറയുന്നു.

ഇവർ വിശ്വാസിക്കാത്തതെന്തു കൊണ്ടാണെന്ന് കരുതി നീ നിന്നെത്തന്നെ നശിപ്പിച്ച് കളയുമോ?

മുമ്പുള്ള പ്രവാചകസമുദായത്തിൽ ഈ രീതിയിലുള്ള ആത്മ ശുദ്ധീകരണവും തഖ്‌വയും ഉണ്ടായിരുന്നില്ല. അതിനുള്ള കാരണം തിരുനബി (സ)യിൽ നിന്നും പ്രകടമായത്ര ശ്രദ്ധയും ഹൃദയമുരുക്കവും മറ്റു പ്രവാ ചകന്മാരിൽ നിന്നും അവരുടെ സമുദായത്തിന് വേണ്ടി പ്രകടമായില്ല. ദു:ഖകരമെന്ന് പറയട്ടെ ഇന്നുള്ളഅല്പജ്ഞാനികളായ മുസ്‌ലിംകൾ ഈ ആദരണീയനായ പ്രവാചകനെ അല്പം പോലും വിലമതിച്ചില്ല. ഓരോ കാര്യത്തിലും അവർക്ക് പിഴവ് പറ്റുകയാണ് ചെയ്തത്. തിരുനബി (സ) യെ മഹത്വപ്പെടുന്നതിന് പകരം അപമാനി ക്കുന്നതരത്തിലുള്ള അർഥമാണ് അവർ ഖത്തമുന്നുബുവ്വത്തിന് നൽകുന്നത്. തിരുനബി (സ) യുടെ വിശുദ്ധ അസ്തിത്വം മറ്റുള്ളവർക്ക് ആത്മീയ ശക്തി നൽകാൻ ഒരു കഴിവുമില്ലാത്തതാണെന്ന് അവർ പറയുന്നു. അവർ പറയുന്നത് വരണ്ട ശരീഅത്തിനെ പഠിപ്പിക്കാൻ വേണ്ടി മാത്രമാണ് അദ്ദേഹം വന്നതെന്നാണ്. എന്നാൽ അല്ലാഹു ഈ ഉമ്മത്തിന് ഇപ്രകാരം ദു:ആ പഠിപ്പിക്കുന്നുണ്ട്.

തിരുനബി (സ) യിൽ നിന്നും പ്രകടമായ ചില അത്ഭുത ദൃഷ്ടാന്തങ്ങളെ പരാമർശിച്ചു കൊണ്ട് ഹ: മസീഹ് മൗഊദ് (അ) പറയുന്നു. "ദൈവ സാമീപ്യത്തിന്റെ ഉന്നത അവസ്ഥ കരസ്ഥമായിക്കഴിഞ്ഞാൽ അവരിൽനിന്ന് ചില അദ്ഭുതങ്ങൾ പ്രകടമാകുന്നു. അത് മനുഷ്യ കഴിവുകൾക്കതീതമായിരിക്കും. (ഇങ്ങനെയുള്ള

അവസ്ഥയിൽ മനുഷ്യ കരങ്ങൾക്ക തീതമായ അദ്ഭുത പ്രതിഭാസങ്ങൾ പ്രകടമാകുന്നു.) അതിൽ നിന്ന് ദൈവിക ശക്തിപ്രഭാവം പ്രകടമാകുന്നതാണ്. ഞങ്ങളുടെ യജമാനനും നായകനും ആയ സയ്യിദുൽ റസൂൽ ഹദ്റത് ഖാത്തമുൽ അമ്പിയ (സ) തിരുമേനി ബദ്ർ യുദ്ധത്തിൽ ഒരു കൈപ്പിടി മണൽ വാരി ശത്രു പക്ഷത്തേക്കെറിഞ്ഞു. ദു:ആ മൂലമായിരുന്നില്ല തിരുമേനി ആ പിടി മണ്ണു വാരിയെറിഞ്ഞത്. മറിച്ച് തന്റെ ആത്മീയ ശക്തി പ്രഭാവം കൊണ്ടായിരുന്നു അവിടുന്ന് എറിഞ്ഞിരുന്നത്. എന്നാൽ ഈ ഒരുപിടി മണ്ണ് ദൈവിക ശക്തിയെ പ്രകടിപ്പിച്ചു. ശത്രു സൈന്യത്തിൽ ഒരാൾ കൂടി അവശേഷിക്കാത്ത വിധം അത്ഭുതകരമായ പ്രതിഭാവിലാസം അവിടെ പ്രത്യക്ഷമായി. ഓരോ ആളുടെ കണ്ണിലും ആ മൺതരി ചെന്നു പതിച്ചു. (പ്രകൃതി നിയമപ്രകാരം അവിടെ ഒരു മണൽ കാറ്റ് വന്നിരുന്നു എന്നത് ശരിയാണെങ്കിലും ആ കൈപ്പിടി കാരണമായിരുന്നു അന്നവിടെ മണൽ കാറ്റ് വന്നിരുന്നത്). അങ്ങനെ അവരൊക്കെ അന്ധന്മാരായിത്തീരുകയും പരിഭ്രാന്തചിത്തരായി നാലുപാടും ചിതറിയോടാൻ തുടങ്ങുകയും ചെയ്തു. ഈ അദ്ഭുത പ്രതിഭാസത്തെകുറിച്ചാണ് അല്ലാഹു പറയുന്നത്.

നീ ആ പിടി മണ്ണെറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത്. മറിച്ച് അല്ലാഹുവാണ് എറിഞ്ഞത്. കാരണം അതിന്റെ അണിയറക്കു പിന്നിൽ ദൈവിക ശക്തിയാണ് പ്രവർത്തിച്ചത്. മനുഷ്യ ശക്തിയുടെ പ്രവൃത്തിയായിരുന്നില്ല അത്.

അതുപോലെ തന്നെ തിരുനബി (സ) യുടെ മറ്റൊരു മുഅ്ജിസ; (ദിവ്യാത്ഭുതം) ചന്ദ്രന്റെ പിളർപ്പായിരുന്നു. ഇതും ദൈവിക ശക്തിയുടെ ബഹിർ പ്രകടനമായിരുന്നു. അതിനോടൊപ്പം ദുആയൊന്നും ഉണ്ടായിരുന്നില്ല. ദൈവീക ശക്തിയാൽ നിറഞ്ഞിരുന്ന അങ്കുലീ ചലനം മുഖേന ആ മഹാത്ഭുതം സംഭവിക്കുകയുണ്ടായി. ഇതുപോലുള്ള ധാരാളം അദ്ഭുതങ്ങൾ തിരുനബി (സ) യുടെ മാത്രം ശക്തിപ്രഭാവം കൊണ്ട് പ്രത്യക്ഷമാകുകയുണ്ടായി. അതിനോടൊപ്പം പ്രാർഥനയൊന്നും ഉണ്ടായിരുന്നില്ല. ചിലപ്പോൾ ഒരു ചെറിയ പാത്രത്തിലുള്ള വെള്ളത്തിൽ തന്റെ വിരലിട്ടപ്പോൾ മുഴുസൈന്യവും ഒട്ടകങ്ങളും കുതിരകളുമെല്ലാം അതിൽനിന്ന് വെള്ളം കുടിച്ചിട്ടും ആ വെള്ളം അതേ അളവിൽതന്നെ അവശേഷിക്കുകയുണ്ടായി. പലപ്പോഴും രണ്ട് നാല് അപ്പങ്ങൾക്കു മീതെ തിരുനബി (സ) യുടെ അനുഗൃഹീത കരം വെച്ചതുകാരണം ആയിരക്ക ണക്കിലുള്ള

**അല്ലാഹുവിന്റെ കല്പനപ്രകാരം തിരുനബി (സ) യിൽ സ്വലാത്ത് അയ ക്കേണ്ടത് ഒരു വിശ്വാസിക്ക് നിർബന്ധമാണ്. അതില്ലാതെ തിരുനബി (സ) യോട് ഒരു വിശ്വാസിക്ക് ഉണ്ടാകേണ്ട ആ യഥാർഥ സ്നേഹം ഉണ്ടാകുന്നതല്ല. സ്വലാത്ത് ഉൾപ്പെടാത്ത ദുആ സ്വീകാര്യത പ്രാപിക്കുകയുമില്ല.**

വരുടെ വയറു നിറഞ്ഞു. ചിലപ്പോൾ അല്പം മാത്രം പാലിന് തന്റെ ചുണ്ടു കൊണ്ടനുഗ്രഹം നൽകി ഒരു വലിയ സംഘം ആളുകളുടെ വിശപ്പടക്കുകയുണ്ടായി. ചില സന്ദർഭങ്ങളിൽ ഉപ്പുരസമുള്ള കിണർവെള്ളത്തിൽ തന്റെ ഉമിനീര് ഇട്ടുകൊണ്ട് അതിനെ കുടിക്കാവുന്ന നല്ല വെള്ളമാക്കി മാറ്റി. ചിലപ്പോൾ ശക്തമായി മുറിവേറ്റവരെ തന്റെ കരസ്പർശം കാരണമായി സുഖപ്പെടുത്തുകയുണ്ടായി. യുദ്ധാവസരത്തിൽ കൺമണികൾ വെളിയിൽ വന്നു പോയവർക്ക് തിരുകര സ്പർശം മുഖേന അതിനെ തിരിച്ചു വെച്ച് കൊണ്ട് അതിനെ സുഖപ്പെടുത്തുകയുണ്ടായി. ഇത്തരത്തിലുള്ള ധാരാളം മഹാദ്ഭുതങ്ങൾ തന്റെ സ്വന്തമായ ശക്തിപ്രഭാവം കൊണ്ട് തിരുനബി (സ) കാണി ക്കുകയുണ്ടായി. ഇവയ്ക്ക് പിന്നിൽ ദൈവികമായ ഒരു മഹോജ്ജ്വല ശക്തി പ്രവർത്തിച്ചു കൊണ്ടിരുന്നു.

തിരുനബി (സ)യുടെ അകാശീയമായ ജീവിതത്തെക്കുറിച്ച് ഹ : മസീഹ് മൗഊദ് (അ) പറയുന്നു. (മറ്റുള്ളവർ പറയുന്നത് ആകാശത്ത് ഈസാനബി ജീവിച്ചിരിക്കുന്നു എന്നാണല്ലോ) എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകൻ തിരുനബി(സ) ആണ്. "സകല ദൈവീക ഗ്രന്ഥങ്ങളിൽ നിന്നും തെളിയുന്ന ഒരുകാര്യം പ്രവാചകന്മാരും ഔലിയാക്കളും മരണശേഷം ജീവിക്കുന്നതാണ്. ഒരു രീതിയിലുള്ള ജീവിതം അവർക്ക് നൽകുന്നു. അത് മറ്റുള്ളവർക്ക് നൽകില്ല. തിരുനബി (സ) പറഞ്ഞ ഹദീസ് ''അല്ലാഹു എന്നെ ഖബറിൽ മരിച്ചു കിടക്കാൻ അനുവദിക്കില്ല. ജീവിപ്പിച്ചുകൊണ്ട് തന്നിലേക്ക് ഉയർത്തുന്നതാണ്" എന്നത് ഇതിലേക്കാണ് സൂചന നൽകുന്നത്.

ഇതിനെ വിശദീകരിച്ചു കൊണ്ട് പറയുന്നു. ഹദീസിന്റെ ശരിയായ അർ ഥം ഇപ്രകാരമാണ്. എന്നെ 40 ദിവസം ഖബറിൽ വെക്കുക എന്നതിനേക്കാളും കൂടുതൽ ആദരവ് എന്നോട് അല്ലാഹുവിനുണ്ട്. (ഞാൻ ഈസാലെ ഔഹാം എന്ന ഗ്രന്ഥത്തിന്റെ ഉദ്ധരണിയാണ് നേരത്തെ കേൾപ്പിച്ചത്. അതിന്റെ വിശദീകരണമാണ് കേൾപ്പിക്കുന്നത്. അതായത് ഈ കാലയളവിലൂടെ ജീവിപ്പിച്ച് ആകാശത്തേക്ക് ഉയർത്തപ്പെടുന്നതാണ്. എന്നാൽ തിരുനബി ആ കാശത്ത് സ്ഥൂല ശരീരത്തോടു കൂടി ജീവിച്ചിരിപ്പുണ്ടെന്ന് മറ്റ് മുസ്‌ലിംകളാരും പറയുന്നില്ല.)

പറയുന്നു. ''നമ്മുടെ സയ്യിദും നേതാവുമായ പ്രവാചകൻ (സ) ഖബറിൽ ജീവിക്കുക എന്നതും തുടർന്ന് ആകാശത്തേക്കു ഉയർത്തപ്പെടുക എന്നതിനേക്കാളും മസീഹിനെ ഉയർത്തൽ എന്നതിൽ എന്ത് അതിശയമാണുള്ളത്? യഥാർഥത്തിൽ ഹദ്റത്ത് ഈസയുടെ ജീവിച്ചിരിപ്പ് ഹദ്റത്ത് മൂസയുടെ ജീവിച്ചിരിപ്പിനേക്കാളും ശോഭ കുറഞ്ഞതാണെന്നാണ് തെളിയുന്നത്. മുൻകടന്ന മഹാത്മാക്കൾ ഏകീകരിച്ചി രിക്കുന്ന ശരിയായ വിശ്വാസവും അതേപോലെ മിഅ്റാജിന്റെ ഹദീസും എല്ലാം വിളിച്ചു പറയുന്നത് പ്രവാചകന്മാർക്കെല്ലാം ഭൗതിക ജീവിതത്തെപ്പോലെയുള്ള ഒരു ജീവിതം നൽകപ്പെടുമെന്നാണ്. അതായത് സ്ഥൂല ശരീരത്തോടുകൂടിയുള്ള ജീവിതമായിരിക്കില്ല. മറിച്ച് ഇതിനോട് താരതമ്യം പുലർത്തുന്ന ജീവിതമാണ്. ശുഹദാക്കളുടെ ജീവിതത്തെക്കാളും പ്രവാചകന്മാരുടെ ജീവിതം ശക്തവും ദൃഢവുമാണ്. ശുഹദാക്കളെക്കുറിച്ച് പറയുന്നത് അവർ മരിച്ചവരാണെന്ന് നിങ്ങൾ പറയരുത്, അവർ ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ പ്രവചകന്മാർ അതിനെക്കാളും ഉന്നതരാണ്. ഏറ്റവും കൂടുതൽ സമ്പൂർണവും സുശക്തവും ആദരണീയ വുമായ ജീവിതം നമ്മുടെ യജമാനനും നേതാവുമായ തിരുനബി (സ) യുടെ താണ്. അദ്ദേഹത്തിൽ എന്റെ സർവതും തണ്ടമായിരിക്കട്ടെ.

ഹദ്റത്ത് മസീഹ് രണ്ടാം ആകാശത്ത് തന്റെ മാതൃസഹോദരി പുത്രനും വഴികാട്ടിയുമായ ഹ: യഹ്‌യുടെ കൂടെയാണ് ഉള്ളത്. എന്നാൽ നമ്മുടെ നേതാവും യജമാനനും (സ) ഏറ്റവും ഉന്നതമായ ആകാശത്താണ്. അതിനെക്കാളും ഔന്നത്യം മറ്റൊന്നിനുമില്ല. അവിടെ ജീവിച്ചിരിക്കുകയാണ്. സിദ്റത്തുൽ മുൻത്ത ഹായുടെ അടുത്ത്. തന്റെ ഏറ്റവും പ്രിയ കൂട്ടുകാരന്റെ അടുത്ത്. ഈ സമുദായത്തിന്റെ സലാമും സലാത്തും തിരുനബി(സ)യുടെ സവിധത്തിൽ നിരന്തരം എത്തിക്കൊണ്ടിരിക്കുകയാണ്. (ഇസാലെ ഔഹാം)

നാം അല്ലാഹുവിനെ തിരുനബി (സ) മുഖേനയാണ് പ്രാപിച്ചത് എന്ന് പറഞ്ഞു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

നമ്മുടെ ആത്മാവും ഓരോ അണുവും സമ്പൂർണനും സത്യസന്ധവുമായ ദൈവത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നു. അവന്റെ കരങ്ങളിലാണ് ഓരോ ആത്മാവും സർവ സൃഷ്ടികളും അതിന്റെ സകലമാന ശക്തികളുൾപ്പെടെ ലോകത്ത് പ്രത്യക്ഷ മായിരിക്കുന്നത്. അവന്റെ അസ്തിത്വം മൂലമാണ് മറ്റെല്ലാം തന്നെ നിലനിൽക്കു ന്നത്. അവന്റെ അറിവിൽനിന്നും ഒന്നുംതന്നെ പുറത്തില്ല. അവന്റെ നിയന്ത്രണത്തിൽ നിന്നും, സൃഷ്ടിപ്പിൽ നിന്നും ഒന്നും വിട്ടുനിൽക്കുന്നുമില്ല. ആയിരമായിരം സലാത്തും സലാമും നമ്മുടെ പ്രവാചകൻ (സ) യിൽ വർഷിക്കുമാറാകട്ടെ. കാരണം അദ്ദേഹം മുഖേനയാണ് നമുക്ക് ജീവനുള്ള ദൈവത്തെ ലഭിച്ചിരിക്കുന്നത്. ആ ദൈവം സ്വയം നമ്മോട് ഭാഷണം നടത്തിക്കൊണ്ട് അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശരിയായ അറിവ് നൽകുന്നു. തന്റെ അദ്ഭുത ദൃഷ്ടാന്തങ്ങൾ പ്രകടമാക്കി കൊണ്ട് തന്റെ അനാദിയും അനന്തവുമായ ശക്തി പ്രഭാവങ്ങളുടെ മുഖം നമുക്ക് കാണിച്ചുതരികയും ചെയ്യുന്നു. ചുരുക്ക ത്തിൽ ദൈവത്തെ കാണിച്ചുതന്ന പ്രവാച കനെയാണ് നാം വിശ്വസിച്ചിരിക്കുന്നത്. ദൈവം തന്റെ സർവ ശക്തികളാൽ സകല വസ്തുക്കളേയും സൃഷ്ടിച്ചു. അവന്റെ കൈകൾ എത്രമാത്രം മഹത്തരമാണ്. അവന്റെ അസ്തിത്വമില്ലാതെ ഒരു വസ്തുവും തന്നെ പ്രപഞ്ചത്തിൽ വന്നിട്ടില്ല. അവന്റെ പിന്തുണ ഇല്ലാതെ ഒന്നുംതന്നെ നിലനിൽക്കുകയും ചെയ്യില്ല. നമ്മുടെ സത്യവാനായ ദൈവം അതിരറ്റ അനുഗ്രഹമുടയവനും ശക്തി പ്രഭാവ മുള്ളവനും സൗന്ദര്യവാനും കാരുണ്യ മുടയവനുമാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല.

തനിക്ക് ലഭിച്ചതത്രയും തിരുനബി (സ) മുഖേനയാണ് ലഭിച്ചത് എന്നു പറഞ്ഞു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ജനങ്ങൾ പറയുന്നത് ഞാൻ തിരുനബി (സ) സ്ഥാനത്തെ ഇകഴ്ത്തുന്നു വെന്നാണ്. എന്നാൽ എനിക്കു ലഭിച്ചത് സർവവും തിരുനബി മുഖേനയാണ് ലഭിച്ചത്. മിനനുർ റഹ്മാൻ എന്ന ഗ്രന്ഥത്തിലെ അറബിവരികളുടെ തർജമയാണ് കേൾപ്പിക്കുന്നത്.

അല്ലാഹുവാണെ സത്യം, എനിക്കു ണ്ടായ വിജയം എന്റെ റബ്ബിൽനിന്നും ലഭ്യമായതാണ്. ഞാൻ അവനെ സ്തുതി ക്കുന്നു. അതോടൊപ്പം റസൂൽ തിരുമേനി (സ) യുടെ മേൽ ഞാൻ സലാത്തോതു കയും ചെയ്യുന്നു. കാരണം എല്ലാ അനുഗ്ര ഹങ്ങളും അദ്ദേഹത്തിൽ നിന്നാണെനിക്ക് ലഭിച്ചിരിക്കുന്നത്. എന്റെ എല്ലാ ഊടും പാവും തിരുനബി (സ) യിൽ നിന്നുള്ള താണ്. എനിക്കാ പുണ്യാത്മാവാണ് വേരും ശാഖയും തന്നനുഗ്രഹിച്ചിരിക്കുന്നത്. എന്റെ വിത്തിനെയും കൃഷിയേയും വളർത്തിയെടുത്തത് അവിടുന്നുതന്നെ യാണ്. ശിക്ഷണം തന്നു വളർത്തി യെടുക്കുന്ന കാര്യത്തിൽ ഏറ്റവും ശ്രേഷ്ഠൻ അദ്ദേഹം മാത്രമാണ്.

തനിക്ക് ലഭിച്ചതത്രയും തിരുനബി(സ) യിൽ നിന്നാണ് ലഭിച്ചത് എന്നതിനെ വിശ ദീകരിച്ചുകൊണ്ട് പറയുന്നു

"ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ട് പറയുന്നു. അല്ലാഹു ഹദ്റത്ത് ഇബ്രാഹിമിനോട് സംസാരിച്ചതുപോലെ ഇസ്ഹാഖിനോടും ഇസ് മാഈലിനോടും യാഖൂബിനോടും യൂസുഫിനോടും മൂസയോടും മസീ ഹ്ബ്നു മറിയമിനോടും എല്ലാവർക്കും ശേഷം നമ്മുടെ നബി (സ) യോടും സംസാരിക്കുകയുണ്ടായി. തിരുനബി (സ) യിൽ സമ്പൂർണ പ്രഭയോടുകൂടി യ ശുദ്ധമായ വഹ്യ് ഇറക്കുകയുണ്ടായി. അല്ലാഹു എനിക്കും അവന്റെ ഭാഷ ണവും വെളിപാടും മുഖേന അനുഗ്രഹിക്കുക യുണ്ടായി. എന്നാൽ ഈ അനുഗ്രഹം എനിക്ക് തികച്ചും തിരുനബി (സ) യെ പൂർണമായും പിൻപറ്റിയതു കാരണമാണു ലഭിച്ചത്. ഞാൻ റസൂൽ (സ) യുടെ ഉമ്മത്തിൽ പെട്ട വ്യക്തി ആയിരുന്നി ല്ലങ്കിൽ തിരുനബിയെ പിൻപറ്റിയില്ലായിരു ന്നെങ്കിൽ എന്റെ പ്രവർത്തനങ്ങൾ ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായിരു ന്നെങ്കിൽ തന്നെയും എനിക്ക് ഒരിക്കലും തന്നെ ദൈവ ഭാഷണവും വെളിപാടു പോലുള്ള അനുഗ്രഹവും കരസ്ഥമാകുമായിരുന്നില്ല. കാരണം മുഹമ്മദീ നുബുവ്വത്തല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും അടഞ്ഞിരിക്കു കയാണ്. ശരീഅത്തുള്ള നബി ആരും വരുന്നതല്ല. ശരീഅത്തില്ലാത്ത നബി ഉണ്ടാകാവു ന്നതാണ്. എന്നാൽ അദ്ദേഹം ആദ്യം ഈ ഉമ്മത്തിൽ ഉൾപെട്ടവനാ യിരിക്കേ ണ്ടതാണ്." (തജല്ലിയാത്തെ ഇലാ ഹിയ്യ)

അല്ലാഹുവിനെ സ്തുതിക്കുന്നതിനെ ക്കുറിച്ചും തിരുനബി (സ) യിൽ സ്വലാത്ത് ചൊല്ലേണ്ടതിനെക്കുറിച്ചും പറഞ്ഞുകൊണ്ട് പറയുന്നു.

"അല്ലാഹുവേ! നിനക്കു ആയിര മായിരം നന്ദി. നിന്നെ തിരിച്ചറിയുവാനുള്ള മാർഗം നീ തന്നെ ഞങ്ങൾക്ക് പറഞ്ഞു തന്നിരിക്കുന്നു. നിന്റെ പവിത്ര ഗ്രന്ഥം ഇറക്കിക്കൊണ്ട് ചിന്തയുടെയും ബുദ്ധി യുടെയും തെറ്റുകളെ അകറ്റു കയുണ്ടായി. പ്രവാചക നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനി യിലും അദ്ദേഹ ത്തിന്റെ കുടുംബത്തിലും അനുചരരിലും അനുഗ്രഹം വർഷിക്കുകയും ചെയ്യുമാറാ കട്ടെ. അദ്ദേഹം മുഖേന വഴിപിഴച്ച ഒരു ലോകത്തെ തന്നെ നേരായ മാർഗത്തിൽ ചരിപ്പിക്കുകയുണ്ടായി. മാർഗഭ്രംശം സംഭവിച്ചിരുന്ന മാനവരാശിയെ നേർമാർഗ ത്തിലേക്ക് കൊണ്ടുവന്ന വഴികാട്ടിയും രക്ഷ കനുമാണദ്ദേഹം. ജനങ്ങളെ ശിർക്കിന്റെ അഴുക്കിൽ നിന്നും ബിംബങ്ങളിൽ നിന്നും രക്ഷിച്ച കരുണാർദ്രനാണദ്ദേഹം. തൗഹീദിന്റെ പ്രകാശത്തെ ലോകത്ത് പ്രസരിപ്പിച്ച പ്രകാശഗോപുരമാണ് തിരുനബി. വഴി തെറ്റിയ ജനങ്ങളെ സത്യ ത്തിലേക്കും നേർരേഖയിലേക്കും കൊണ്ടുവന്ന ഭിഷഗ്വരനും കാലഘ ട്ടത്തിന്റെ ചികിത്സകനുമാണദ്ദേഹം. മരിച്ചവർക്ക് ജീവിതജലം കുടിപ്പിച്ച ആദ രണീയനും അദ്ഭുതങ്ങൾ പ്രകടിപ്പിക്കുന്ന വനുമാണദ്ദേഹം. ഉമ്മത്തിന് വേണ്ടി ദുഃഖം സഹിക്കുകയും വേദന ഏറ്റുവാങ്ങുകയും ചെയ്ത കാരുണ്യവാനും കരുണാനിധിയു മാണവിടുന്ന്. നമ്മേ മരണമുഖത്തു നിന്ന് രക്ഷിച്ചുകൊണ്ടു വന്ന ധീര യോദ്ധാവാണ ദ്ദേഹം. സൗശീല്യനും നിസ്വാർഥനുമായ ആ വ്യക്തി തന്റെ ജീവിതത്തിൽ വിനയാന്വിതനായി ജീവിക്കുകയും നമ്രശിരസ്കനാവുക യും ചെയ്തു. അദ്ദേഹം സമ്പൂർണ തൗഹീദ് വാദിയും ദൈവീക ജ്ഞാനത്തിന്റെ സമുദ്രവു മായിരുന്നു. അവിടുന്ന് അല്ലാഹുവിന്റെ പ്രതാപം മാത്രമല്ല വീക്ഷിച്ചത് മറ്റുള്ളവ യെല്ലാം തന്നിൽ നിന്നും അകറ്റുകയും ചെയ്തു. അദ്ദേഹം റഹ്മാനായ അല്ലാഹുവിന്റെ ശക്തി പ്രഭാവമായിരുന്നു. നിരക്ഷരനായിരുന്നിട്ടു കൂടി എല്ലാവരെയും ദൈവീക ജ്ഞാനത്തിൽ പരാജിതനാക്കുക യുണ്ടായി. എല്ലാ സമൂഹങ്ങളും തെറ്റിലും പാപത്തിലും അകപ്പെട്ടിരിക്കുകയാണെന്ന് കാണിച്ചു കൊടുക്കുകയും ചെയ്തു."

അല്ലാഹുവിന്റെ കല്പനപ്രകാരം തിരുനബി (സ) യിൽ സ്വലാത്ത് അയ ക്കേണ്ടത് ഒരു വിശ്വാസിക്ക് നിർബന്ധമാണ്. അതില്ലാതെ തിരുനബി (സ) യോട് ഒരു വിശ്വാസിക്ക് ഉണ്ടാകേണ്ട ആ യഥാർഥ സ്നേഹം ഉണ്ടാകുന്നതല്ല. സ്വലാത്ത് ഉൾപ്പെടാത്ത ദുആ സ്വീകാര്യത പ്രാപിക്കുകയുമില്ല. തിരുനബി (സ)

ശേഷം 34-ാം പേജിൽ

# ദജ്ജാലിന്റെ കഴുത

ദജ്ജാലി (അന്തിക്രിസ്തു)നെക്കുറിച്ച് റസൂൽ തിരുമേനി(സ)യുടെ അദ്ഭുതകരമായ ഒരു പ്രവചനത്തിന്റെ വ്യാഖ്യാനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

**ഖു**ർആനിലെ നിരവധി വചനങ്ങളിലെ നേരിട്ടുള്ള സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാന കാലത്ത് സംഭവിക്കുന്ന ഒരു ആഗോള യുദ്ധത്തെക്കുറിച്ച് റസൂൽ തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. അന്തിക്രിസ്തു (Antichrist) വിന്റെ ആവിർഭാവത്തോടനുബന്ധിച്ചാണ് ഇത് സംഭവിക്കുക എന്നാണ് റസൂൽ തിരുമേനി(സ) പ്രവചിച്ചത്. റസൂൽ തിരുമേനി (സ)യുടെ തിരുമൊഴികളിൽ നിന്ന് രൂപം കൊള്ളുന്ന ദജ്ജാലിന്റെ (അന്തിക്രിസ്തു) രൂപം അതിന്റെ ബാഹ്യവർണനകളിൽ കാണുന്നത് പോലെ വിചിത്രകരമായതല്ല എന്ന് തുടക്കത്തിൽ തന്നെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. വമ്പിച്ച ശക്തിയുള്ള രാജ്യങ്ങളുടെ ശക്തിയും പ്രതാപവും അന്തി ക്രിസ്തുവിൽ സമ്മേളിച്ചിരിക്കുന്ന രീതിയിലാണ് അന്തിക്രിസ്തുവിനെ പറ്റി പ്രതിപാദിച്ചിരിക്കുന്നത്. വാസ്തവത്തിൽ അവസാന കാലത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതെല്ലാം അന്തിക്രിസ്തുവിന്റെ കാലഘട്ടത്തെ സംബന്ധിച്ചാണ്. ഈ കാലഘട്ടത്തിന്റെ എല്ലാ അടയാളങ്ങളും അന്തിക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്. അന്തിക്രിസ്തുവിനെ തിരിച്ചറിയാൻ സഹായിക്കുന്ന അടയാളങ്ങളിൽ ചിലത് അവൻ യാത്ര ചെയ്യുന്ന വാഹനത്തെ സംബന്ധിച്ചാണ്. അതാകട്ടെ മനുഷ്യർക്ക് അതിന് മുമ്പേ പരിചയമില്ലാത്തതുമാണ്. എന്താണ് അന്തിക്രിസ്തുവെന്നും, എങ്ങനെയാണ് അവൻ ലോകം മുഴുവൻ മേധാവിത്വം പുലർത്തുന്നത് എന്നതിനെ സംബന്ധിച്ചുമുള്ള വിശദമായ വിവരണങ്ങൾ ഒരു നിഷ്പ ക്ഷനായ വായനക്കാരന് യാതൊരു സംശയത്തിനും ഇടം നൽകാത്തവിധം കാര്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കും. അതായത് അന്തിക്രിസ്തു(ദജ്ജാൽ)വിനെ പറ്റിയുള്ള ഈ പ്രവചനങ്ങൾ ഒരാളെ സംബന്ധിച്ചുള്ളതല്ല എന്ന വസ്തുതയാണത്. റസൂൽ തിരുമേനി(സ) അന്തിക്രിസ്തു (ദജ്ജാൽ) എന്ന ഈ സാങ്കേതിക പദം ഉപയോഗിച്ചത് പ്രതീകാത്മകമായാണ്. അവൻ (അന്തിക്രിസ്തു) അവന്റെ കാലഘട്ട ത്തിലെ ശക്തിപ്രതാപങ്ങളുടെ പ്രതീകമായിരിക്കും. അവന്റെ ചൂഷണങ്ങൾ വാസ്തവത്തിൽ അത്യധികം പുരോഗമിച്ച ലോകത്തിലെ ചില ക്രിസ്തീയ രാജ്യങ്ങളുടെ ചൂഷണം തന്നെയാണ്. പക്ഷേ, അവരുടെ മേധാവിത്വം ശാശ്വതമായിരിക്കില്ല. ഈ ക്രിസ്തീയ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന അന്തിക്രിസ്തുവിന്റെ അന്തിമ പതനവും അസന്ദിഗ്ധമായി പ്രവചിക്കപ്പെട്ടിരിക്കുന്നു. ഭൗതികതയുടെ ഈ ചാരകൂമ്പാരത്തിൽ നിന്ന് ഇസ്‌ലാമിക സൂര്യൻ ഉദിച്ചുയരുന്നതാണ്. ഇരുൾ മുറ്റിയ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിക സൂര്യനെ മറച്ചിരുന്ന സന്ദേഹത്തിന്റെയും സംശയത്തിന്റെയും തിരശ്ശീലകൾ അഴിച്ചുമാറ്റി അതിന്റെ പ്രോജ്ജ്വല സൗന്ദര്യം അനാവരണം ചെയ്യപ്പെടും. നാമിപ്പോൾ വിപ്ലവകരമായ വാഹന ഗതാഗതത്തെ പറ്റിയാണ് ഒരിക്കൽക്കൂടി ചർച്ച ചെയ്യുന്നത്. പക്ഷേ, ഇവിടെ റസൂൽ തിരുമേനി(സ)യുടെ വചനങ്ങളാണ് പ്രതിപാദിക്കുന്നത്. മതപര



മായി പ്രാധാന്യമുള്ള അന്തിക്രിസ്തുവിന്റെ അവശേഷിക്കുന്ന അടയാളങ്ങളെപറ്റി സുദീർഘമായി നാം അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നതാണ്.

കര, കടൽ, വായു എന്നിവയിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളെക്കുറിച്ച് ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് പൂർണമായും അനുയോജ്യമായ രീതിയിലുള്ള വിവരണങ്ങൾ നാം ഇതിന് മുമ്പേ ചർച്ച ചെയ്ത് കഴിഞ്ഞതാണ്. പർവതങ്ങളുടെ ചലനത്തെക്കുറിച്ചുപോലും വിശദീകരിച്ചിട്ടുണ്ട്. കാരണം പ്രസക്തമായ ചില വചനങ്ങൾ എളുപ്പത്തിൽ ഓർമയിലേക്ക് കടന്നു വരും. അതുകൊണ്ടാണ് അവയെപറ്റിപോലും വിവരിച്ചത്. അന്തിക്രിസ്തുവിനെ സംബന്ധിച്ച റസൂൽ തിരുമേനി(സ)യുടെ വിവരണവും അവൻ സഞ്ചരിക്കുന്ന അസാധാരണമായ കഴുതയും റസൂൽ തിരുമേനി(സ)യുടെ കാലഘട്ടത്തിലെ ജനതക്ക് അത്യന്തം വിചിത്രമായ ഒരു കാര്യമായി അനുഭവപ്പെട്ടിരിക്കും. അന്തിക്രിസ്തുവിന്റെ ഈ കഴുതയെപറ്റിയുള്ള പരാമർശം വിചിത്രമാണ്. കാരണം റസൂൽ തിരുമേനി(സ) അവന്റെ വാഹനത്തെ ഒരു കഴുതയായിട്ടാണ് ഉടനീളം വിവരിച്ചിട്ടുള്ളത്. കഴുതയുടെ അറിയപ്പെടുന്ന യാതൊരു വിധ ഗുണങ്ങളും ഹദീസുകളിൽ വിവരിക്കപ്പെട്ട വൈചിത്രങ്ങളുമായി പൊരുത്തപ്പെടുന്നില്ല. എന്നിരുന്നാലും ആധുനികമായ വാഹനങ്ങളുടെ എല്ലാ ഗുണങ്ങളും ഈ വിവരണങ്ങളോട് പൂർണമായും യോജിക്കുന്നു.

അവക്ക് പൊതുവായുള്ള സാധർമ്യമെന്താണെന്ന് വെച്ചാൽ അവ രണ്ടും പ്രവർത്തിക്കുന്നത് അഗ്നിദഹനയന്ത്ര (Combustion Engine) ത്തിന്റെ ഊർജം കൊണ്ടാണ്. അതിൽ നിന്നുള്ള അഗ്നിയിൽ നിന്നാണ് അവ ഊർജം സ്വീകരിക്കുന്നത്. ആവിയന്ത്രങ്ങൾ ബാഹ്യദഹന ഭാഗങ്ങളുള്ള വാഹനങ്ങളെപ്പാലെ അഗ്നിയെ ആശ്രയിച്ചാണ് ചലിക്കുന്നത് . ഈയൊരു പ്രത്യേകതയാണ് പഴയകാല വാഹനമായ കഴുതയും ഇക്കാലത്തെ ദജ്ജാലിന്റെ വിപ്ലവകരമായ വാഹനവും തമ്മിലുള്ള വ്യത്യാസം. അക്കാര്യങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ഒരു മൃഗരൂപത്തിലല്ല വെളിപാടിൽ പ്രത്യക്ഷപ്പെട്ടത്. ജീവനില്ലാത്ത വസ്തുവിന്റെ രൂപത്തിലാണ്. നാം ദജ്ജാലിനെ 'അവൻ' എന്നാണ് പരാമർശിക്കുന്നത്. കാരണം പ്രവചനങ്ങളിൽ ദജ്ജാലിനെ ഒരു മൃഗമായിക്കൊണ്ടാണ് ബാഹ്യരൂപത്തിൽ പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ അവന്റെ ഇത്തര ത്തിലുള്ള പ്രത്യേകതകളിലൂടെയാണ് തിരിച്ചറിയപ്പെടേണ്ടത്. ദജ്ജാലിന്റെ കഴുതയെ നിങ്ങൾ തിരിച്ചറിയുമ്പോൾ അവന്റെ ആധുനിക വാഹനത്തിലൂടെയാണ് നിങ്ങൾ അവ നെ തിരിച്ചറിയുന്നത്. അങ്ങനെ നിങ്ങൾ ഒരു തിരിച്ചറിയൽ നടത്തുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ കഴുത യുഗത്തിലേക്ക് പിറകോട്ട് യാത്ര ചെയ്യേണ്ടി വരും.

പല ഹദീസ് ഗ്രന്ഥങ്ങളിലും ഈ പ്രതീകാത്മക കഴുതയുടെ പ്രത്യേകതകളെ സംബന്ധിച്ച് സൂക്ഷ്മമായി വിവരിക്കപ്പെട്ടിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്നത് ഹദീസുകളിൽ നിന്ന് ലഭിച്ച അത്തരം വിവരങ്ങളുടെ മൊത്തത്തിലുള്ള വിവരണമാണ്.

1. അന്തിക്രിസ്തു(ദജ്ജാൽ)അവന്റെ കഴുതയെ പോലെ തന്നെ ഭീകര രൂപിയായിരിക്കും. വിചിത്രമായ യക്ഷി കഥകളിൽ പോലും കേട്ടുകേൾവിയില്ലാത്ത വിധം ഒരു ഭീകരസത്വമായിരിക്കും ദജ്ജാൽ.അവന്റെ നീളം അപാരമായിരിക്കും. എത്രത്തോളമെന്നാൽ അവന്റെ തല മേഘങ്ങൾക്കപ്പുറം മറഞ്ഞിരിക്കും. അവന്റെ ശക്തി അളവറ്റതായിരിക്കും. അവൻ ലോകം മുഴുവനും ഒറ്റക്കൈ കൊണ്ട് കീഴ്പ്പെടുത്തും.

2. ദജ്ജാലിന് ശാരീരികമായ ഈ ശക്തിയുണ്ടെങ്കിലും അവന് ഒരു ദോഷമുണ്ട്. അത് അവന്റെ ഒരു കണ്ണിന്റെ കാഴ്ചയില്ലായ്മയാണ്. വലത് കണ്ണിനാണ് കാഴ്ചയില്ലാത്തത്.

3. ഈ കഴുത, ദജ്ജാലിന്റെ ഒരു സ്വകാര്യ വാഹനമല്ല. പൊതു വാഹനം എന്ന നിലക്ക് അത് എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്. ജനങ്ങൾക്ക് അതിന്റെ വശങ്ങളിൽ നിന്ന് അകത്തേക്ക് കടക്കാൻ പ്രത്യേകമായി നിർമിച്ച വാതിലുകളുണ്ടായിരിക്കും. ഈ വാതിലിലൂടെയായിരിക്കും ആളുകൾ അതിന്റെ വയറിലേക്ക് പ്രവേശിക്കുക.

4. അതിന്റെ വയറ് പ്രകാശ പൂർണമായിരിക്കും. സൗകര്യപ്രദമായ രീതിയിലുള്ള ഇരിപ്പിടങ്ങൾ അതിനകത്തുണ്ടാകും.

5. ദിവസങ്ങളോ മണിക്കൂറുകളോ എടുത്ത് സഞ്ചരിക്കേണ്ട വഴിദൂരങ്ങൾ ഞൊടിയിടക്കുള്ളിൽ ആ കഴുത സഞ്ചരിക്കും. സാധാരണ മൃഗങ്ങൾ മാസങ്ങളെടുത്തായിരിക്കും അത്രയും ദൂരം സഞ്ചരിക്കുക.

6. അതിന്റെ സഞ്ചാര വഴിയിൽ ക്രമമായി നിറുത്തലുകൾ ഉണ്ടായിരിക്കും. നിറുത്തുന്ന എല്ലാ സ്ഥലങ്ങളിൽവെച്ചും ജനങ്ങളെ അതിനകത്തേക്ക് കയറുവാൻ ക്ഷണിക്കും. എന്നിട്ട് യാത്ര തുടരുന്നതിന്മുമ്പേ അതിൽ കയറ്റി ഇരുത്തും. യാത്ര വീണ്ടും ആരംഭിക്കുന്നതിന് മുമ്പേ അത് വിളിച്ചു പറയും. അങ്ങനെ ഈ ആലങ്കാരിക കഴുത ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നിരന്തരം സഞ്ചരിക്കുകയും ജനങ്ങൾക്ക് വേഗമാർന്നതും സുഖകരവുമായ യാത്ര പ്രദാനം നൽകുകയും ചെയ്യും.

7. ഈ കഴുത തീയാണ് ഭക്ഷിക്കുന്നതെങ്കിലും അതിന്റെ വയറിനുള്ളിൽ സഞ്ചരിക്കുന്നയാളുകൾക്ക് ചൂടേൽക്കുന്നില്ല. ഇരിപ്പിട സംവിധാനമുള്ള വയറിനുള്ളിലെ മുറി, തീ കത്തുന്ന മുറിയിൽ നിന്ന് ചൂടേൽക്കാതിരിക്കത്തക്ക വിധമുള്ള സംവിധാനം ചെയ്തിട്ടുണ്ടാകുമെന്ന് ഇത് സൂചിപ്പിക്കുന്നു.

8. ഈ കഴുതക്ക് കടലിലൂടെയും സഞ്ചരിക്കാൻ കഴിയും. സമുദ്രത്തിലെ തിരമാലകളിലൂടെ ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് അതിന് സഞ്ചരിക്കാനാവും.

9. സമുദ്രത്തിലൂടെയുള്ള അവന്റെ യാത്രക്കിടയിൽ അത് കുറേക്കൂടെ വലിയ രൂപം പ്രാപിക്കും. അങ്ങനെ അവന്റെ പിറകിൽ മലയോളം വലുപ്പത്തിൽ ഭക്ഷ്യ വസ്തുക്കൾ വഹിച്ചുകൊണ്ട് പോകാൻ സാധിക്കുന്നു. ഈ വമ്പിച്ച ഭക്ഷ്യകൂമ്പാരങ്ങൾ ദജ്ജാലിന്റെ ആഗ്രഹങ്ങൾക്ക് നികൃഷ്ടമായ രീതിയിൽ വഴങ്ങുന്ന ദരിദ്രരാജ്യങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു. ഭക്ഷ്യവസ്തുക്കളുടെ ഈ പർവത കൂമ്പാരങ്ങളുടെ നീക്കങ്ങൾ ഇതിന് മുമ്പേയുള്ള ഒരു വചനത്തിൽ പ്രതിപാദിച്ചത്പോലെ പർവതങ്ങളുടെ നീക്കത്തെപറ്റിയുള്ള പ്രവചനങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്.

10. ഈ അദ്ഭുതകരമായ കഴുതക്ക് പറക്കാനും അറിയാം. കാരണം അതിന്റെ ചില കുതിപ്പുകൾ കിഴക്ക് നിന്ന് പടിഞ്ഞാറ് വരെയുള്ള ദൂരം മറികടക്കുന്നതാണ്. ആ മൃഗത്തിന്റെ ഒരു പാദം കിഴക്കാണെങ്കിൽ മറ്റൊരു പാദം പടിഞ്ഞാറായിരിക്കും. ഇത് സൂചിപ്പിക്കുന്നത് അത് ഒരു ഭൂഖണ്ഡത്തിൽ നിന്ന് പറന്നുയർന്നാൽ മറ്റൊരു ഭൂഖണ്ഡത്തിലായിരിക്കും പറന്നിറങ്ങുക എന്നാണ്.

11. വായുവിൽ അത് മേഘത്തിനു മുകളിലായിട്ടായിരിക്കും സഞ്ചരിക്കുക.

INTERNATIONAL

# അർറൂഹു മിൻ അംറില്ലാഹി ഒരു വിശദീകരണം

ആര്യസമാജ പണ്ഡിതനായ പണ്ഡിറ്റ് കാളി ചരണുമായി ആത്മാവ് എന്ന വിഷയത്തിൽ ഗുലാം റസൂൽ രാജകി (റ) നടത്തിയ സംവാദം

മൗലവി മുഹമ്മദ് ഉമർ (നാഇബ് നാസിർ അഅ്ലാ, ഖാദിയാൻ)

**ഹ**ദ്റത്ത് വാഗ്ദത്ത മസീഹി(അ)ന്റെ പ്രധാന സഹാബിയും മഹാപണ്ഡിതനും സൂഫി വര്യനുമായിരുന്ന ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി സാഹിബ് (റ) യുടെ ജീവിതം ആത്മീയ പ്രകാശത്താൽ സമ്പൂർണവും 'ഇൽമെ ഇർഫാന്റെ'പ്രതീകവും ആയിരുന്നു. ഒരു സംവാദ വേദിയിൽ വിശുദ്ധ ഖുർആന്റെ അഗാധ അർഥതലങ്ങളുള്ള ഒരു വചനത്തിന് അദ്ദേഹം നല്കിയ യുക്തി പൂർണമായ വിശദീകരണത്തെ പറ്റി ഇവിടെ ഉദ്ധരിക്കാം.



ഗുലാം റസൂൽ രാജകി (റ)

ഒരു യാത്രാ മദ്ധ്യേ ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി(റ) കാൺപൂരി ലെത്തിയപ്പോൾ സംസ്കൃതം അറബി ഭാഷകളിൽ പണ്ഡിതനും നല്ലൊരു വാഗ്മിയുമായിരുന്ന പണ്ഡിറ്റ് കാളി ചരൺ മുസ്‌ലിംകളിലെ വിവിധ വിഭാഗങ്ങളെ സംവാദത്തിനായി ക്ഷണിച്ചു കൊണ്ടിരുന്നതായും അവ രൊക്കെ വിവിധ കാരണങ്ങൾ പറഞ്ഞു ഒഴിഞ്ഞുമാറിയതായും തന്മൂലം ആര്യ സമാജക്കാരുടെ വകയായി 'ആര്യ സമാജത്തിന്റെ മഹത്തായ വിജയവും ഇസ്‌ലാമിന്റെ വ്യക്തമായ പരാജയവും' എന്ന ശീർഷകത്തിൽ പട്ടണം മുഴുവനും വിളംബരം പ്രസിദ്ധീകരിച്ചതായും അറിയാൻ കഴിഞ്ഞു. ഗുലാം റസൂൽ സാഹിബ് പണ്ഡിറ്റ് കാളിചരണ്, താൻ ഇസ്‌ലാം മതത്തിന്റെ ഭാഗത്ത് നിന്ന് സംവാദം നടത്തുവാൻ തയ്യാറാണെന്നും സംവാദത്തിന് സ്ഥലവും തീയതിയും അറിയിക്കണമെന്നും എഴുതി അറിയി ക്കുകയുണ്ടായി. ഈ സംവാദം 1919 ഏപ്രിൽ മാസത്തിലാണ് നടന്നത്.

സംവാദത്തിനായി ആര്യ സമാജ ക്കാർ ഗംഭീരമായ സ്റ്റേജും പന്തലും കെട്ടിയിരുന്നു വെങ്കിലും മുസ്‌ലിംകൾ ക്കായിചെറിയ ഒരു മേശയും കസേരയും ഒരുക്കുകയാണുണ്ടായത്. ഈ സംവാദ ത്തെക്കുറിച്ച് വിപുലമായ രീതിയിൽ പ്രചാരണം നടത്തപ്പെട്ടത് കൊണ്ട് വിവിധ മതസ്ഥർ ആയിരക്കണക്കിന് തടിച്ച് കൂടിയിരുന്നു. ആദ്യ പ്രസംഗം പണ്ഡിറ്റ് കാളി ചരണി ന്റേതായിരുന്നു. ആദ്യമായി അദ്ദേഹം അറബി ഭാഷയിൽ തനിക്കുള്ള പാണ്ഡിത്യത്തെ പറ്റി വീമ്പിളക്കിയ ശേഷം ആത്മാവിനെ ക്കുറിച്ച് വിശുദ്ധ ഖുർആനിലെ '***അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. നീ പറയുക ആത്മാവ് എന്റെ നാഥനിൽ നിന്നുള്ള അം റ്(കൽപന)കളിൽ നിന്നുള്ളതാണ്(17:86)*** എന്ന തിരു വചനമോതിയതിന് ശേഷം ഇ പ്രകാരം തന്റെ ആക്ഷേപം ഉന്നയിച്ചു. ആത്മാവ് എന്താണെന്ന് യഹൂദർ തിരു നബി(സ) യോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ആത്മാവ് തന്റെ റബ്ബിന്റെ അംറിൽ പെട്ടതാണെന്നും നിങ്ങൾക്ക് ആത്മാവിനെക്കുറിച്ച് കുറഞ്ഞ അറിവ് മാത്രമേ നൽകപ്പെട്ടിട്ടുള്ളൂവെന്നും ആയിരുന്നു. ഈ മറുപടി യഹൂദികളുടെ ചോദ്യത്തിനുള്ള മറുപടിയാകുന്നില്ല. ഈ മറുപടിയിൽ നിന്നും ഖുർആനും മുഹമ്മദ് നബി(സ)യും ദൈവത്തിൽ നിന്നുള്ളതാണെന്ന് തെളിയുന്നില്ല. ഇതിന് മറുപടിയായി കൊണ്ട് ഹദ്റത്ത് മൗലാനാ സാഹിബ് പണ്ഡിറ്റിന്റെ അറബി ഭാഷാ പാണ്ഡിത്യത്തിൽ സന്തോഷം പ്രകടിപ്പിക്കുകയും താനും അറബി, പാർസി, ഉറുദു ഭാഷകളിൽ പരിജ്ഞാന മുള്ള ആളും ഈ മൂന്നു ഭാഷകളിലും കവിയുമാണെന്നും അറിയി ക്കുകയും ചെയ്തു. അദ്ദേഹം ഇഷ്ടപ്പെടു കയാണെ ങ്കിൽ അറബി ഭാഷയിൽ ഗദ്യരൂപത്തിലോ പദ്യ രൂപത്തിലോ സംവാദം നടത്താൻ തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. പണ്ഡിറ്റ് കാളി ചരൺ തന്റെ പ്രസംഗ ത്തിൽ ആത്മാവിന്റെ യാഥാർഥ്യവും അതിന്റെ തത്ത്വസാരവും വേദത്തിന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാക്കിയിരുന്നുവെങ്കിൽ വേദാദ്ധ്യാപനങ്ങളുടെ യാഥാർഥ്യം ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കു മായിരുന്നു.പക്ഷേ അദ്ദേഹം അപ്രകാരം ചെയ്തില്ല.

അതിന് ശേഷം മൗലാനാ സാഹിബ് '***അവർ നിന്നോട് ആത്മാവിനെകുറിച്ച് ചോദിക്കുന്നു'*** എന്ന ആയത്തിന് ഇപ്രകാരം വിശദീകരണം നൽകി. ഈ ആയത്തിലുള്ള യസ്അലൂന എന്ന ക്രിയാ രൂപം വർത്തമാനം, ഭാവി എന്നീ രണ്ട് കാലങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ ചോദ്യം ഉന്നയിക്കുന്നവരും വർത്തമാനം, ഭാവി എന്നീ രണ്ട് കാലഘട്ടങ്ങളുമായി ബന്ധപ്പെട്ടവരാണ്. വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലത്ത് 'അഹ്‌ലെ കി താബ്'അഥവാ യഹൂദികൾ ചോദ്യ കർത്താക്കളായിരുന്നു. ഖുർ ആന്റെ ദിവ്യ വെളിപാടുകൾ ഇറങ്ങിക്കൊ ണ്ടിരുന്ന അവസരത്തിലുള്ള ഈ

ചോദ്യം ദൈവ വചനത്തെകുറിച്ചുള്ളതായിരുന്നു. തദവസരത്തിൽ ഇവിടെ വന്ന'റൂഹ്' എന്നതു കൊണ്ട് ദൈവവചനമാണ് ഉദ്ദേശ്യം. ഇത് സംബന്ധിച്ച് അല്ലാഹു അരുൾ ചെയ്യുന്നു:

*'അതായത് ഇതേ പ്രകാരം ഞാൻ നിന്നിലേക്ക് നമ്മുടെ അംറിൽ നിന്നും നമ്മുടെ വചനം മൂലം നാം അവതരിപ്പിച്ചിരിക്കുന്നു.' (42:53)*

ഇവിടെ വന്ന 'റൂഹ്' എന്നത് കൊണ്ട് ദൈവ വചനമാണു ഉദ്ദേശ്യമെന്ന് ഈ വചനത്തിന് മുമ്പും പിമ്പും വന്ന വചനങ്ങൾ വ്യക്തമാക്കുന്നു. പ്രസ്തുത ചോദ്യത്തിനുള്ള മറുപടിയായി അല്ലാഹു അരുൾ ചെയ്യുന്നു. ദൈവ വചനത്തിന്റെ അവതരണം എന്റെ നാഥനിൽ നിന്നുള്ളതാണെന്ന് നീപറയുക. ആർക്കും തന്നെ ദൈവ വചനം യഥേഷ്ടം ഇറക്കുവാൻ സാദ്ധ്യമല്ല. ഈ ദൈവ വചനാവതരണം ദൈവകല്പനക്കനുസൃതവുമായിരിക്കണം. ദൈവ വചനാവതരണം ഒരു പ്രവാചകന്റേയും പരിധിയിൽ പെട്ടതല്ല. മറിച്ച് അല്ലാഹുവിന്റെ അഭീഷ്ടവും കല്പനയുമനുസരിച്ചാണ് അവതരിക്കുന്നത്.

പ്രസ്തുത ആയത്തിലുള്ള രണ്ടാമത്തെ മറുപടിയിൽ, അതായത് റൂഹിനെക്കുറിച്ചുള്ള കുറഞ്ഞ അറിവ് മാത്രമേ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളൂ എന്ന വചനം സുചിപ്പിക്കുന്നത് ഭൗതികമായ അറിവ് വളരെ കുറഞ്ഞതും അപൂർണവും ആണ് എന്നാണ്. അത്കൊണ്ട് ആത്മീയമായ അറിവും മഅ്രിഫത്തും (ആത്മീയമായ ജ്ഞാനം) വളരെ ആവശ്യവുമാ ണെന്നാണ്. ഈ ജ്ഞാനം ദൈവ വചനം മുഖേനയാണ് ലോകത്തവതരിക്കുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു അരുൾ ചെയ്യുന്നു:

***അതായത് ഇതേ പ്രകാരം നാം നിന്നിലേക്ക് നമ്മുടെ കല്പനയനുസരിച്ച് നമ്മുടെ വചനം ഇറക്കിയിരിക്കുന്നു. ഗ്രന്ഥം എന്താണെന്നോ ഈമാൻ എന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ ഒരു പ്രകാശമാക്കി യിരിക്കുകയാണ്. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേർ മാർഗത്തിലേക്ക് നയിക്കുന്നു'(42:53)***
ദൈവത്തെക്കുറിച്ച് ഉണ്ടാവാം എന്നും ഉണ്ട് എന്നും ഉള്ള വിശ്വാസത്തിൽ അന്തരമുണ്ട്. ദൈവം ഉണ്ട് എന്ന ദൃഢ വിശ്വാസം ദൈവ വചനം മൂലം മാത്രമേ സംജാതമാവുകയുള്ളൂ. ദിവ്യ വെളിപാടിനും (വഹ്‌യ്) മനുഷ്യന്റെ ബുദ്ധിക്കും ഉള്ള ബന്ധം സൂര്യനും കണ്ണിനുമുള്ള ബന്ധം പോലെയാണ്. കണ്ണിൽ കാഴ്ച്ചയുടെ പ്രകാശ കോശങ്ങൾ ഉണ്ടെങ്കിലും ഈ പ്രകാശ കോശങ്ങൾ അന്ധകാരത്തിൽ വസ്തുവിനെ സംവേദിച്ചറിയുന്നില്ല. ഏതു വരെ ബാഹ്യമായ പ്രകാശം ഉണ്ടാകുന്നില്ലയോ കൂരിരുട്ടിൽ കണ്ണിന് കാണുവാൻ സാദ്ധിക്കുന്നതല്ല.

പിന്നെ ബാഹ്യമായ പ്രകാശവും ഒളിയും വിവിധ ആവൃത്തിയിലുള്ളതാണ്. സൂര്യ വെളിച്ചത്തിൽ വളരെ സ്ഫുടമായും വ്യക്തമായും ഒരു വസ്തു കാണപ്പെടുമ്പോലെ ചന്ദ്രന്റെ വെട്ടത്തിൽ കാണപ്പെടുന്നില്ല. അതേ സമയം നക്ഷത്രങ്ങളുടെയും വിളക്കുകളുടെയും പ്രകാശങ്ങൾ വിവിധ ആവൃത്തിയിലുള്ളതാണ്. അവയ്ക്ക് തമ്മിലുള്ള അന്തരം പ്രകടമാണ്.

ചുരുക്കത്തിൽ എപ്രകാരം കണ്ണുണ്ടായിട്ടും അതിന്റെ കാഴ്ച്ചശക്തിയെ പ്രയോജനപ്പെടുത്തണമെങ്കിൽ പ്രകാശത്തിന്റെ ആവശ്യമുണ്ടോ അതേ പ്രകാരം മനുഷ്യന്റെ ബുദ്ധിക്കും അറിവിനും ദിവ്യ വെളിപാടും ദൈവ വചനവും ആവശ്യമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഒരു കവിതാ ശകലം ഇവിടെ പ്രസ്താവ്യമാണ്. അതായത് ' അഖൽ അന്ധീഹെ അഗർ നയ്യറെ ഇൽഹാം ന ഹോ (ദിവ്യവെളിപാടിന്റെ പ്രകാശമില്ലെങ്കിൽ ബുദ്ധി അന്ധമാണ്.) ഈ ആവശ്യം പൂർത്തീകരിക്കുന്നതിനായി അല്ലാഹു തന്റെ അംറിൽ നിന്ന് റൂഹ് അഥവാ ദൈവ വചനം അവതരിപ്പിക്കുന്നു. ഹദ്റത്ത് റസൂൽ കരീമിൽ നിന്ന് ലഭിച്ച വിശുദ്ധ ഖുർ ആൻ എന്ന സമ്പൂർണ ഗ്രന്ഥം അല്ലാഹുവിന്റെ അംറിൽ നിന്നും അവതരിക്കപ്പെട്ടതാണ്. എന്നാൽ അഹ്‌ലെ കിതാബിന് ഇഞ്ചീലിന്റെയും തൗറാത്തിന്റെയും രൂപത്തിൽ ലഭിച്ച അറിവും അദ്ധ്യാപനങ്ങളും ഒരു പ്രത്യേക കാലഘട്ടത്തിലേക്കും ജനതക്കും മാത്രമായത് കൊണ്ട് പരിമിതമാണ്. സാർവജനീനവും ശാശ്വതവുമായ ആവശ്യങ്ങൾ അവ പൂർത്തീകരിക്കുന്നില്ല. അത് കൊണ്ട് നിങ്ങൾക്ക് കുറഞ്ഞ അറിവ് മാത്രമേ നൽകപെട്ടിട്ടുള്ളുവെന്ന് ഇവിടെ അരുൾ ചെയ്തിരിക്കുന്നത്. ഇതിനെതിരിൽ പരിപൂർണവും സാർവജനീനവുമായ അദ്ധ്യാപനങ്ങളടങ്ങിയ വിശുദ്ധ ഖുർആൻ അല്ലാഹുതന്റെ അംറിൽ നിന്ന് ഇറക്കുകയുണ്ടായി.

'യസ്അലൂനക്ക' എന്ന ക്രിയാ രുപം വർത്തമാനം, ഭാവികാലം എന്നീ ക്രിയകളുമായി ബന്ധപ്പെട്ടതാണെന്ന് മുമ്പു പറഞ്ഞുവല്ലോ. അതുകൊണ്ട് ഈ ആധുനിക കാലത്ത് ആര്യ സമാജത്തിലെ പണ്ഡിറ്റ് കാളിചരൺ അടക്കമുള്ളവർ റൂഹിനെക്കുറിച്ച് ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടിയും ഈ ആയത്തിലുണ്ട്. ഇതനുസരിച്ച് അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു എന്ന ആയത്തിൽ റൂഹ് എന്നത് കൊണ്ട് മനുഷ്യാത്മാവ് എന്നാണ് ഉദ്ദേശിക്കപ്പെടുന്നത്. ആധുനിക കാലത്തെ ശാസ്ത്രജ്ഞന്മാരും മതനേതാക്കളും ദാർശനികരും ആത്മാവിന്റെ അന്തസത്തയും യാഥാർഥ്യവും മനസ്സിലാക്കാൻ കിണഞ്ഞ് പരിശ്രമിച്ച് വരുന്നു. ആര്യ മതക്കാർക്കും ഇസ്‌ലാമിനുമിടയിൽ ആത്മാവിന്റെ യാഥാർഥ്യത്തെക്കുറിച്ച് ഭിന്ന വീക്ഷണമാണുള്ളത് ആത്മാവിനെക്കുറിച്ചുള്ള ആര്യമതക്കാരുടെ വിശ്വാസം ആത്മാവ് പരമേശ്വരനെ പോലെ അനാദിയും അനന്തവുമാണെന്നും ഒരു സൃഷ്ടി അല്ലെന്നുമാണ്. എന്നാൽ ഇതിനെതിരിൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം അല്ലാഹു എല്ലാറ്റിന്റെയും സ്രഷ്ടാവാണെന്നാണ്.(13:12) വീണ്ടും ഖുർആൻ പറയുന്നു:'***ഹുവൽ അവ്വലു വൽ ആഖിറു'(57: 4)*** അവൻ ആദ്യനും അനന്തനുമാണ്. ഇതോടൊപ്പം ആത്മാവ് അനന്തവും അനാദിയുമാണെന്ന് വിശ്വസിക്കുന്നത് ശരിയല്ല. ഇതേ പ്രകാരം ഹദീസിൽ ഇപ്രകാരം കാണുന്നു.'***കാനല്ലാഹു വലം യക്കൂൻ മഅഹു ശൈഖുൻ'*** അതായത് ആരംഭത്തിൽ അല്ലാഹുവാണ്, അവനോടൊപ്പം ആരും തന്നെ ഉണ്ടായിരുന്നില്ല.

ചുരുക്കത്തിൽ ആത്മാവിനെക്കുറിച്ച് മുസ്‌ലിംകളു ടെ വിശ്വാസം അനാദിയോ അനന്തമോ അല്ലെന്നാണ്. എന്നാൽ ഇതിനെതിരായ വിശ്വാസമാണ് ആര്യമതക്കാരുടേത്. ഈ ഭിന്നതയുടെ യാഥാർഥ്യം പ്രസ്തുത ആയത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതായത് '***ഖുലിർ റൂഹിമിൻ അംറി റബ്ബി'*** എന്ന വചനത്തിൽ ആത്മാവ് അല്ലാഹുവിന്റെ അംറിൽ നിന്ന് ഉള്ളവയാണെന്ന് പറയപ്പെടുന്നു. വിശുദ്ധ ഖുർആനിലെ '***അലാ ലഹുൽ ഖൽഖു വൽ അംറു***' (സൃഷ്ടിക്കുവാനും കല്പ്പിക്കുവാനുമുള്ള അധികാരം അവനുള്ളതത്രെ) (7:55) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ ***ഖൽക്ക്, അംറ്*** എന്നീ രണ്ട് കാര്യങ്ങളാണുള്ളത്. ഖൽക്ക് പ്രകൃതിപരമായ ഭൗതികതയും അംറ് ആത്മീയതയുമായി ബന്ധപ്പെട്ടതുമാണ്. '***ഖുലിൽ റൂഹിമിൻ അംറി റബ്ബിഹി'*** (ആത്മാവ് എന്റെ റൂഹിന്റെ അംറിൽ

പെട്ടതാണ് എന്ന് നീ പറയുക.) എന്ന വചനം ഇതിന്റെ യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. മുഴു പ്രപഞ്ചത്തിന്റെയും'റുബൂബിയത്ത്' (പരിപാലനം) നിർവഹിക്കുന്ന റബ്ബ് മനുഷ്യന്റെ ആത്മാവിന്റെ റുബൂബി യത്തും നിർവഹിക്കുന്നു. ഏപ്രകാരം മനുഷ്യ ശരീരത്തിന്റെയും അതിന്റെ അവയവങ്ങളുടെയും കഴിവ് പരിമിത മാണോ അതേ പ്രകാരം ആത്മാവും അതിന്റെ ശക്തിയിലും ഗുണങ്ങളിലും പരിമിതമാണ്. അപ്പോൾ ആത്മാവിന്റെ ഗുണങ്ങളേയും ശക്തികളേയും നിർണയിക്കുന്ന മറ്റൊരു ശക്തിയുടെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കാം. ഈ കാര്യം ആത്മാവിനെ സൃഷ്ടിപ്പും നശ്വരവും ആയതാക്കി തീർക്കുന്നു. ' മിൻഅംറിറബ്ബീ ' എന്ന ആയത്ത് ആത്മാവ് ആദ്യനും അനന്തവുമാണെന്ന ആര്യസമാജക്കാരുടെ വിശ്വാസം നിരർഥക മാണെന്ന് തെളിയിക്കുന്നു. കാരണം വിശുദ്ധ ഖുർആന്റെ അറബി കോശമനുസരിച്ച് റബ്ബ് എന്നതിന് സ്രഷ്ടാവ് എന്ന അർഥമുണ്ടെന്ന് മനസ്സിലാവുന്നു. വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു

***'ജനങ്ങളേ! നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ള വരെയും സൃഷ്ടിച്ച നിങ്ങ ളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുവിൻ '(2:22)*** ഈ ആയത്തിൽ റബ്ബ് എന്ന വാക്കുപയോഗിച്ചത് കൊണ്ട് അല്ലാഹു സൃഷ്ടികർത്താവു കൂടിയാണെന്ന് വ്യക്തമാക്കുന്നു. റബ്ബ് എന്നവാക്കിന് താഴ്ന്ന നിലയിൽ നിന്നും ഉയർന്ന നിലയിലേക്ക്, അപൂർണതയിൽ നിന്നും പരിപൂർണതയിലേക്ക് എത്തിക്കുന്നവൻ എന്നർഥമുണ്ട് അല്ലാഹു ആത്മാവിനെയും താഴ്ന്ന പടിയിൽ നിന്നും ഉയർന്ന സ്ഥാനത്തെത്തിക്കുന്നു എന്ന് ഇവിടെ ഗ്രാഹ്യമാവുന്നു.

ചുരുക്കത്തിൽ ആത്മാവ് റബ്ബിന്റെ അംറിൽ പെട്ടതായത് കൊണ്ട് ആത്മാവ് പരിവർത്തന വിധേയമാണെന്ന് വ്യക്തമാവുന്നു. ശരീരത്തിന്റെ അവസ്ഥ പരിവർത്തന വിധേയമാവുന്നത് പോലെ ആത്മാവിന്റെ അവസ്ഥയും പരിവർത്തന വിധേയമാകുന്നു എന്ന യാഥാർഥ്യം അനുഭവത്തിൽ കൂടി സുസ്ഥാപിതമാണ്. അതിന്റെ അറിവിലും ശക്തിയിലും ഏറ്റക്കുറച്ചിലുണ്ടാകാം.

ഹദ്റത്ത് മൗലാനാ സാഹിബ് വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ആത്മാവിന്റെ യാഥാർഥ്യത്തെ കുറിച്ച് വിശദീകരിച്ച് സംസാരിച്ചപ്പോൾ പ്രസ്തുത ആക്ഷേപം ഉന്നയിച്ച് പണ്ഡിറ്റ് കാളീചരൺ, മൗലാനാ രാജകി സാഹിബ് പുതിയൊരു വീക്ഷണ കോണിൽ കൂടിയാണ് മറുപടി പറഞ്ഞതെന്നു മാത്രം പറഞ്ഞു മൗനമവലംബിക്കുകയും ആര്യ സമാജക്കാരനായ അദ്ധ്യക്ഷൻ സംവാദം തുടരാൻ സമയമുണ്ടായിട്ടും ചില ഒഴിവുകഴിവുകൾ പറഞ്ഞ് സംവാദമവസാനിപ്പിച്ചതായി പ്രഖ്യാപിക്കുകയായിരുന്നു. പണ്ഡിറ്റ് കാളി ചരൺ ഉന്നയിച്ച ആക്ഷേപത്തിന് ഒരഹ്മദിയിൽ നിന്നും ഈ രൂപത്തിൽ മറുപടി മുസ്ലിംകൾ പ്രതീക്ഷിച്ചിരുന്നില്ല. അത് കൊണ്ട് അവർ വളരെയധികം സന്തോഷാരവങ്ങൾ മുഴക്കുകയുണ്ടായി.

സംവാദം കഴിഞ്ഞ് ഹദ്റത്ത് മൗലാനാ സാഹിബ് സുഹൃത്തുക്കളോ ടൊപ്പം പുറത്ത് വന്നപ്പോൾ ചില പാതിരിമാർ വന്ന് റൂഹിനെ കുറിച്ച് തങ്ങൾക്ക് ചില സംശയങ്ങൾ ഉണ്ടെന്നും അത് നിവർത്തിച്ചു തരേണമെന്നും അഭ്യർഥിച്ചു. അവർ 'യസ്അലൂനക്ക അനിർ റൂഹി 'എന്ന ആയത്തോതി. ഈ ആയത്തിൽ പ്രതിപാദിക്കപ്പെട്ട ചോദ്യകർത്താക്കൾ ആരാണെന്നും ഇവിടെ റൂഹ് എന്നത് കൊണ്ടുള്ള ഉദ്ദേശ്യമെന്തെന്നും ചോദിച്ചു. ഇത് സംബന്ധിച്ച് ഹദ്റത്ത് മൗലാനാ തന്റെ ആത്മ കഥയിൽ പ്രസ്താവിക്കുന്നു.

'അപ്പോൾ അല്ലാഹു വിസ്മയകരമായ ഒരു മഅ്രിഫത്ത് (ദിവ്യപ്ര കാശം) എന്റെ ഹൃദയത്തിൽ ഇട്ടു തന്നതായിട്ട് എനിക്കനുഭവപ്പെട്ടു. പാതിരിമാരുടെ മുഖ്യ ചോദ്യത്തിനു ത്തരമായിട്ട് ഞാൻ പറഞ്ഞു: ' വിശുദ്ധ ഖുർആൻ എല്ലാ കാലഘട്ടത്തിലുമുള്ള ആളുകൾക്കുമായി മാർഗദർശനം നൽകുന്ന ഗ്രന്ഥമാണ്. അത്കൊണ്ട് പ്രസ്തുത ചോദ്യത്തിന്റെ കർത്താക്കൾ അതായത് റൂഹിനെക്കുറിച്ചുള്ള ചോദ്യമുന്നയിക്കുന്നവർ ഈ കാലത്ത് പാതിരിമാരായ നിങ്ങളാണ്. ' അപ്പോൾ പാതിരി മുഖ്യൻ യസ്അലൂനക്ക എന്ന ആയത്തിൽ വന്ന '*ക*' (താങ്കളോട്) എന്നതു കൊണ്ട് ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചപ്പോൾ ഞാനിപ്ര കാരം മറുപടി പറഞ്ഞു:'വിശുദ്ധ ഖുർആന്റെ അവതരണ കാലത്ത് അല്ലാഹുവിന്റെ റസൂലി നോടാണ് ഈ ചോദ്യം ഉന്നയിക്കപ്പെട്ടത്. എന്നാൽ ഇക്കാലത്ത് റസൂൽ തിരുമേനി(സ)യുടെ ദാസനായ ഏതെങ്കിലും ഒരു 'ഗുലാം റസൂലി'നോടാ യിരിക്കും ഈ ചോദ്യം ആവർത്തി ക്കപ്പെടുക. അക്ഷരാർഥത്തിൽ ഞാൻ റസൂലിന്റെ ദാസനാണ് ('ഗുലാം റസൂൽ' എന്ന പേരിന്റെ അർഥം നബി (സ) യുടെ ദാസൻ എന്നാണ്.) എന്റെ പേരു തന്നെ ഗുലാം റസൂൽ എന്നാണ്.

എന്റെ മറുപടി കേട്ട് സന്തുഷ്ടനായ പാതിരി ഇവിടെ ആത്മാവ് കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചു. അവർക്ക് ഞാൻ നൽകിയ ഉത്തരമിതായിരുന്നു. ' താങ്കൾചോദിക്കുന്ന ആത്മാവ് എന്നത് കൊണ്ടുള്ള ഉദ്ദേശ്യം, യോഹന്നാൻ അദ്ധ്യായം 14 വചനങ്ങൾ 16,17 ൽ പ്രതിപാദിക്കപ്പെട്ട ***' അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടുന്നതിന് നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയുക യില്ല. (യോഹന്നാൻ 14: 16,17) '***

സത്യത്തിന്റെ ആത്മാവ് ആരാണെന്ന തിനെക്കുറിച്ച് ഹദ്റത്ത് മസീഹ് നാസിരി തുടർന്ന് പറയുന്നു

എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്ര യോജനം . ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുത്ത് വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കു റിച്ചും ന്യായവിധിയെ ക്കുറിച്ചും ലോകത്തിന്ന് ബോദ്ധ്യം വരുത്തും. അവൻ എന്നിൽ വിശ്വസിക്കായ്ക കൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകുകയും ഇനി നിങ്ങൾ എന്നെ കാണാതിരി ക്കുകയും ചെയ്യുന്നത് കൊണ്ട് നീതിയെ ക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായ വിധിയെക്കുറിച്ചു തന്നെ ഇനിയും നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും (യോഹന്നാൻ 16: 7-13)

ഈ ഉദ്ധരണികൾ കേൾപ്പിച്ചു കൊണ്ടു ഞാൻ പാതിരിയോട് പറഞ്ഞു: ഹദ്റത്ത് മസീഹിന്റെ പ്രവചനമനുസരിച്ച് ക്രിസ്ത്യാനികളായ നിങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന സത്യാത്മാവ് എന്റെ റബ്ബിന്റെ അംറ് അനുസരിച്ച് ആഗതനായി. സത്യത്തിന്റെ ആത്മാവ് ഹ: മുഹമ്മദ് നബി (സ) ആണ്. ഇഞ്ചീലിൽ പറഞ്ഞ വാക്കുകളനുസരിച്ച് '***ഇനിയും വളരെ നിങ്ങളോട് പറവാനുണ്ട്. എന്നാൽ നിങ്ങൾക്കിപ്പോളത് വഹിപ്പാൻ കഴിയില്ല. സത്യത്തിന്റെ ആത്മാവ്***

# കൺഫ്യൂഷ്യസ്: ദൈവഭാഷണം സിദ്ധിച്ച മഹാത്മാവ്



ആസിം അഹ്മദ് കളിയിക്കാവിള

**ദൈ**വനിയോഗിതരായ മഹാത്മാക്കളിൽ സിംഹഭാഗം പേരുടെയും ചരിത്രം വർണോജ്ജ്വലമാണ്. അത് കൽപ്പിത കഥകളാലും അതിവർണനകളാലും തീർത്തും സങ്കീർണവും ഇതിഹാസ വത്ക്കൃതവുമാണ്. ഉൽകൃഷ്ടമായ ജീവചരിത്രങ്ങളിലും ഉദാത്തമായ അദ്ധ്യാപനങ്ങളിലും കാലാന്തരത്തിൽ കടന്നുകൂടിയ പ്രക്ഷിപ്തങ്ങളും വ്യാഖ്യാന പ്പിഴവുകളും ഹേതുവായി അവർ അമാനുഷികരും ആരാധ്യരുമായി പരിണമിച്ചു. അത്തരം മതഗുരുക്കന്മാരിൽ പ്രമുഖ സ്ഥാനീയനാണ് മഹാനായ ചൈനീസ് ചിന്തകൻ കുങ്ങ് -ഫുറ്റ്സു എന്ന കൺഫ്യൂഷ്യസ്.

ദൈവിക പ്രേഷിത പ്രവർത്തനാർഥം നിയോഗിതരായ മറ്റുപല പുണ്യാത്മാക്കളെപോലെ സന്ദിഗ്ധതകളുടെയും നിഗൂഢതകളുടെയും ധൂമപടലങ്ങളാൽ

***വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിതെളിയിക്കും'*** എന്ന വചനം നിങ്ങൾക്ക് കുറഞ്ഞ അറിവ് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന പ്രസ്തുത ഖുർആൻ വാക്യത്തിന് തെളിവാണ് നിങ്ങളുടെ ഈ ചോദ്യം. അതായത് നിങ്ങൾക്ക് ഇഞ്ചീൽ മുഖേന ലഭിച്ച അദ്ധ്യാപനം വളരെ കുറഞ്ഞതും അപൂർണവും ആണ്. എന്നാൽ വിശുദ്ധ ഖുർആൻ എല്ലാ സത്യങ്ങളും അടങ്ങിയതാണെന്ന് വാദിക്കുന്നു.

ചുരുക്കത്തിൽ പ്രസ്തുത ഇഞ്ചീൽ വചനങ്ങളിൽ സത്യത്തിന്റെ ആത്മാവ് (റൂഹുൽ ഹഖ്) എന്റെ റബ്ബിന്റെ കൽപ്പനയനുസരിച്ച് അവതരിക്കുകയും പരിപൂർണ സത്യത്തെ ലോകത്തിന് പ്രദാനം ചെയ്യുകയും ചെയ്തു. അതിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ അരുൾ ചെയ്യുന്നു:

***ഇന്നത്തെ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർണമാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹത്തെ നിങ്ങളുടെ മേൽ പൂർത്തീകരിച്ചു തന്നിരിക്കുന്നു. നിങ്ങൾക്കായി ഇസ്ലാം മതത്തെ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു*** **(5:4)**

ഞാൻ പാതിരിമാരോട് ഇക്കാര്യം വിശദീകരിച്ചു പ്രസ്താവിച്ചപ്പോൾ അവർ എന്നോട് താങ്കൾ 'ഖാദിയാനി'യാണോ എന്ന് ചോദിച്ചു. ഞാനവരോട് ഞാൻ ഒരഹ്മദിയാണെന്ന് പറഞ്ഞു. ആര്യ സമാജക്കാ രോടും പാതിരിമാരോടും എന്റെ സംവാദം ശ്രവിച്ച ചില മുസ്ലിം പ്രമുഖന്മാർ താങ്കൾ ഖുർആൻ എവിടെ നിന്നു പഠിച്ചുവെന്ന് ചോദിച്ചു. ഞാനവരോട് പറഞ്ഞ മറുപടി ഇതായിരുന്നു.

'ഇക്കാലത്ത് ഖുർആനിക ജ്ഞാനങ്ങളുടെ ഉറവിടം ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ആണ്. എനിക്ക് ലഭിച്ച ഖുർആനിക ജ്ഞാനങ്ങളുടെ ഉറവിടം ആ പുണ്യാത്മാവ് തന്നെയാണ് (അവലംബം- *ഹയാത്തെ ഖുദ്സി*)'

കലുഷിതമാണ് കൺഫ്യൂഷ്യസിന്റെ ചരിത്രം. അല്പജ്ഞാനികളും നിക്ഷിപ്ത താൽപര്യക്കാരുമായ പല ചരിത്രകാര ന്മാരും യാഥാർഥ്യങ്ങൾക്ക് വിപരീത മായി അദ്ദേഹത്തെ ഒരു ഭൗതിക ചിന്തകനായും നിരീശ്വരവാദിയായും കാലാകാലങ്ങളിലായി ചിത്രീകരിച്ചു വന്നിട്ടുണ്ട്. ദിവ്യജ്ഞാനം അഥവാ ദൈവിക അരുളപ്പാട് മുഖാന്തിരം സമകാലിക സമൂഹത്തിന് അദ്ദേഹം നൽകിയിരുന്ന പരിശുദ്ധവും പ്രായോഗി കവുമായ പാഠങ്ങൾ കേവലം ലൗകിക ദർശനങ്ങളായി അവർ വ്യാഖ്യാനിച്ചു. അങ്ങനെ അദ്ധ്യാത്മികതയുടെ വിശുദ്ധ തലങ്ങളിൽനിന്നും ആ മഹാത്മാവിനെ മാറ്റി പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളു ണ്ടായി. അതുപോലെ അജ്ഞരും സ്വാർ ഥമതികളുമായ ചില അനുയായികൾ മിത്തുകളും വിസ്മയകഥകളും ചമച്ച് വസ്തുതകൾക്ക് വിരുദ്ധമായി അദ്ദേഹ ത്തെ ദൈവാവതാരമായും ആരാധനാ മൂർത്തിയായും വരുത്തിത്തീർക്കു വാനും ശ്രമിച്ചു. ഉപര്യുക്ത രണ്ട് പ്രചാര പ്രവർത്തനങ്ങളുമായി ആ മഹാത്മാവിന് വിദൂര ബന്ധം പോലുമില്ലെന്നതാണ് വാസ്തവം. പിൽക്കാലത്തെ പരസ്പര വിരുദ്ധങ്ങളായ രണ്ട് വിധ പ്രചാരണ പ്രവർത്തനങ്ങൾക്കും വ്യാപകമായ ജനസ്വാധീനം ലഭ്യമായി.

എന്നാൽ ഇന്ന് ഭൂരിപക്ഷം ജനതകളും കരുതുന്നത്പോലെ അഥവാ വിശ്വസിക്കുന്നത് പോലെ കൺഫ്യൂ ഷ്യസ് എന്ന മഹാനായ തത്ത്വജ്ഞാനി ഒരു നാസ്തികനോ അല്ലെങ്കിൽ ആരാധന ക്കർഹൻ എന്നവകാശപ്പെടുകയോ ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നില്ല. പ്രത്യുത ദിവ്യഭാഷണം കൊണ്ടനുഗ്രഹി ക്കപ്പെട്ട സർവശക്തനായ ദൈവത്തിന്റെ ഒരു വരിഷ്ഠ പ്രവാചകനായിരുന്നു. അദ്ദേഹത്തിന്റെ സമാകാലിക സമൂഹ ത്തെ സമസ്ത തിന്മകളിൽ നിന്നും വിമുക്തരാക്കി അവരെ ധാർമി കതയുടെയും ആദ്ധ്യാത്മികതയുടെയും പര്യായങ്ങളാക്കി തീർത്ത പാവനവും പ്രായോഗികവുമായ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളും പ്രത്യേകിച്ച് ഈ കാലഘട്ടത്തിന്റെ മാർഗ ദർശകനും വിധികർത്താവുമായ ഹദ്റത്ത് അഹ്മദ് (അ) അവർകൾ ദൈവിക വെളിപാടിന്റെ വെളിച്ചത്തിൽ നൽകിയ ആധികാരി കവും യുക്തി ഭദ്രവും സ്വീകാര്യയോഗ്യ വുമായ ഒരു മാനദണ്ഡവും മഹാനായ കൺഫ്യുഷ്യസിന്റെ സത്യതയിലേക്ക് പ്രകാശം പൊഴിക്കാൻ യോഗ്യവുമാണ്.

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: ആ മഹാത്മാക്കളിൽകോടിക്കണക്കായ ജനങ്ങൾ വിശ്വസിക്കുകയും അവരുടെ പേരിൽ ലോകത്തിലെ ഏതെങ്കിലുമൊരു ഭാഗത്തുള്ള ഒരു ജനവിഭാഗം സ്നേഹ ബഹുമാനങ്ങൾ അർപ്പിക്കുകയും ഈ അവസ്ഥ അനേക യുഗങ്ങളായി തുടർന്നു വരികയും ചെയ്താൽ തന്നെ അത് ആ മഹാത്മാക്കളുടെ സത്യത്തിലേക്കുള്ള മതിയായ തെളിവാണ്. എന്തുകൊണ്ടെ ന്നാൽ അവർ ദൈവനിയുക്തരായ സത്യപുരുഷന്മാരായിരുന്നില്ലെങ്കിൽ അവരുടെ പേരിൽ കോടിക്കണക്കായ ജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥായി യായ ഭക്തി വിശ്വാസങ്ങൾ കുടി കൊണ്ടി രിക്കാൻ സംഗതിയാകുമായിരുന്നില്ല. ദൈവം നി യോഗിച്ചയക്കുന്ന മഹാത്മാ ക്കൾക്കുണ്ടാകുന്ന തരത്തിലുള്ള സ്വീകാ ര്യതയും ബഹുമാന്യതയും അന്യർക്ക് സിദ്ധിക്കുന്നതിന് ആ ഭക്ത വത്സലൻ ഒരിക്കലും ഇടവരുത്തുകയില്ല. (പൈഗാ മെ സുൽഹ്)

## കുങ് – ഫുറ്റ്സു എന്ന കൺഫ്യൂഷ്യസ്

ബി. സി. അഞ്ചാം നൂറ്റാണ്ടിലാണ് മഹാനായ കൺഫ്യൂഷ്യസ് ജീവിച്ചിരു ന്നത്. ഉത്തര ചൈനയിൽ ഷാൻ തൂങ്ങ്ഗ എന്ന സംസ്ഥാനത്തിൽ മലയോര പ്രദേശമായ മൂ–ഫു ആണ് അദ്ദേഹ ത്തിന്റെ ജന്മദേശം. മറ്റു പല പുണ്യാത്മാ ക്കൾക്കുമെന്ന പോലെ മഹാനായ കൺഫ്യൂഷ്യസിനെക്കുറിച്ചും മുൻ കൂട്ടി ദൈവിക സുവാർത്തയുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മാതാവിന്റെ സമക്ഷം ഒരു ദൈവദൂതൻ (മലക്ക്) പ്രത്യക്ഷപെട്ട് നീ ജ്ഞാന വൈഭവമുള്ള ഒരു മകനെ ഗർഭം ധരിക്കും, ആ പുത്രനെ പ്രസവിക്കേണ്ടത് പൊള്ളയായ മൾബറി ക്കുള്ളിലാണ്(Hollow Mulbery) എന്ന് അറിയിക്കുകയുണ്ടായി. ആ വിവരം അവർ ഭർത്താവിനെ ധരിപ്പിച്ചപ്പോൾ പ്രസ്തുത വിശേഷണത്തോടു കൂടിയ ഒരു പ്രദേശം ഉള്ളതായി അദ്ദേഹം ഭാര്യയെ അറിയിച്ചു. ഈ സുവാർ ത്തയുടെ പ്രത്യക്ഷ സാക്ഷാത് ക്കാരത്തിനായി (ബി. സി. 551) കൺഫ്യൂ ഷ്യസിന്റെ ജ്ഞാനോദയം. അദ്ദേഹത്തിന്റെ ശരിയായ പേര് കുങ് ഫുറ്റ്സു എന്നാണ്. ആ നാമത്തിന്റെ പാശ്ചാത്യ വത്ക്കരണമാണ് കൺഫ്യൂഷ്യസ് എന്ന നാമം.

കൺഫ്യൂഷ്യസി നെക്കുറിച്ച് നില വിൽ വിവിധ മത സാഹിത്യങ്ങളിൽ പരാമർശമുണ്ടെങ്കിലും അദ്ദേഹത്തെ സംബന്ധിച്ച് കൂടുതൽ വ്യക്തവും സുതാര്യതയും നൽകുന്ന ഗ്രന്ഥം അനലേക് ത്തുസ് ആണ്. തന്റെ അനുയാ യികളുമായി പല അവസരങ്ങളിൽ അദ്ദേഹം നടത്തിയ സംഭാഷണങ്ങളു ടെയും സമകാലിക സമൂഹത്തിനു നൽകിയിരുന്ന ഉപദേശങ്ങളുടെയും പിൽക്കാല ക്രോഡീകരണമാണ് പ്രസ്തുത ഗ്രന്ഥം. അതിന്റെ ഇംഗ്ലീഷ് പരിഭാഷ പലപ്പോഴായി പലരും നിർവഹിച്ചിട്ടുണ്ടെങ്കിലും അതിലൊക്കെ കണ്ടിരുന്ന അപാകതകളും ന്യൂനതകളും ഒരളവോളം പരിഹരിച്ചു കൊണ്ട് 1910 ൽ ഓക്സ്ഫോർഡ് യൂണി വേഴ്സിറ്റിയിൽ ചൈനീസ് ഭാഷാ സാഹിത്യ വിഭാഗ ത്തിന്റെ മേധാവിയായിരുന്ന ഡോ, സൂതിൻ നിർവഹിച്ച പരിഭാഷയാണ് ഏറ്റവും മികച്ചത്. ആ ഗ്രന്ഥത്തിന്റെ മലയാള തർജമ കേന്ദ്ര സാഹിത്യ അക്കാഡമിക്ക് വേണ്ടി 'കൺഫൂഷ്യ സിന്റെ തത്ത്വചിന്തകൾ' എന്ന പേരിൽ 1963 ൽ ശ്രീ.കളത്തിൽ വർഗീസ് നിർവഹിച്ചിട്ടുണ്ട്.

## പ്രബോധനങ്ങൾ

ലീ എന്ന ഏക ദൈവത്തെ ക്കുറിച്ച് അദ്ദേഹം തന്റെ സമകാലീന സമൂഹത്തിന് വ്യക്തമായ തരത്തിൽ സന്ദേശം നൽകിയിരുന്നതായി കൺഫ്യൂഷ്യസ് സാഹിത്യങ്ങളിൽ സുലഭമായി ദർശിക്കാമെങ്കിലും അന ലേക്ത്തുസിൽ അത് സംബന്ധിച്ച് യാതൊരു വിധ പ്രത്യക്ഷ പരാമർ ശങ്ങളുമില്ല. ക്രോഡീകരണത്തിലുണ്ടായ അപാകതയാണോ അല്ലെങ്കിൽ പിൽക്കാലത്ത് ആസൂത്രിതമായി നീക്കം ചെയ്തതോ ആവാം അതിന് കാരണം. എന്നാൽ പ്രാർഥന, മരണാനന്തര ജീവിതം, സ്വർഗനരകങ്ങൾ, നന്മ തിന്മകൾ, ഭൗതിക ലോകത്തിന്റെ നശ്വരത എന്നിവയെ കുറിച്ചൊക്കെ ആ മഹാത്മാവ് തന്റെ ജനങ്ങളെ ആവർത്തിച്ചാവർത്തി ച്ചുണർത്തുകയുണ്ടായി.

തന്റെ ആശയങ്ങളുടെയും ദർശന ങ്ങളുടെയും ഗുണം അതിവേഗം സമൂഹത്തിലെ താഴെതട്ടുവരെ എത്തിപ്പെടണമെങ്കിൽ ഭരണാധികാരി കൾക്ക് ആ തത്ത്വ സംഹിത പ്രഥമമായി എത്തിക്കുന്നതാണ് ഉചിതം എന്ന കാഴ്ച്ചപ്പാടായിരുന്നു കൺഫ്യൂഷ്യസിന്. അന്നത്തെ ഫ്യൂഡലിസ്റ്റ് വ്യവസ്ഥയില ധിഷ്ഠിതമായിരുന്ന ചൈനയിൽ പല നാട്ടുരാജാക്കന്മാരുമായും മാടമ്പി മാരുമായും നല്ല ബന്ധങ്ങൾ സ്ഥാപിക്കു കയും കാലഘട്ടങ്ങൾക്കനുസൃതമായി അവർക്ക് നല്ല ഉപദേശങ്ങൾ നൽകി പോരുകയുമാ യിരുന്നു. അദ്ദേഹം. ഒരു മിതമായ കാലയളവ് ഭരണകൂടത്തിന്റെ കീഴിൽ ചുങ്ങ്തു എന്ന ജില്ലയിൽ

ഗവർണറായും മന്ത്രിയായും ലു എന്ന സംസ്ഥാനത്തിൽ ചീഫ് ജസ്റ്റീസായും പ്രധാന മന്ത്രി യായും സേവനമനുഷ്ഠിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്ത് **'ലു '** സംസ്ഥാനത്തിന്റെ അവസ്ഥയെപറ്റി ചൈനീസ് ചരിത്രകാരനായ ലഗ്ഗെ ഇപ്രകാരം രേഖപ്പെടുത്തുന്നു. സ്നേഹവും ഉത്തമ വിശ്വാസവും പുരുഷന്മാരുടെ അടയാളമാവുകയും പാതിവ്രത്യവും എളിമയും സ്ത്രീകളുടെ ലക്ഷണങ്ങളായി തീരുകയും ചെയ്തു. അങ്ങനെ ജനങ്ങളുടെ ആരാധനാ പാത്രങ്ങളായി കൺഫ്യൂഷ്യസ് മാറുകയും അവരുടെ നാവുകളിലൂടെ അവിരാമം അദ്ദേഹം ഗാനങ്ങളായി ഒഴുകുകയുമുണ്ടായി. (The Chinese Classics)

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപകമായിരുന്ന അക്കാലത്ത് തന്റെ കർമപൂർണവും മാതൃകായോഗ്യവുമായ ജീവിതത്തെ അതിനെതിരിൽ ഒരു പാഠശാലയാക്കി തീർക്കുകയാണ് കൺഫ്യൂഷ്യസ്. താൻ പ്രബോധിച്ച ആശയങ്ങളും ദർശനങ്ങളും സമൂഹത്തിന്റെ നന്മക്കും അതിന്റെ മേന്മക്കും വേണ്ടിയുള്ളതാണെന്ന് അവകാശപ്പെട്ടിരുന്ന ആ മഹാത്മാവ് സമുഹത്തിന്റെ അടിസ്ഥാന ഘടകം കുടുംബമാണെന്നും കുടുംബത്തിന്റെ കുറ്റവും കുറവും സമൂഹത്തിന്റെയും കുറ്റവും കുറവുമാണെന്നും പഠിപ്പിച്ചു. കുടുംബത്തിന്റെ ഐക്യവും സന്തോഷവുമാണ് സമൂഹത്തിന്റെയും രാഷ്ട്രത്തി ന്റെയും അടിത്തറയെന്നും കുടുംബത്തിന് ഹിതകരമായതും ഗുണകരവുമായതും നടപ്പിൽ വരുത്തുക എന്നതാണ് ഉത്തമമായ ഭരണമെന്നും അദ്ദേഹം ഭരണാധികാരികളെ നിരന്തരമായി ഉപദേശിച്ചു. ആത്മീയതയിൽ രാഷ്ട്രതന്ത്രത്തിൽ, വ്യക്തി ജീവിതത്തിൽ ധാർമികതക്ക് മുൻ തൂക്കം നൽകണമെന്നും നിയമ വിധേയനായ പൗരനായിരിക്കേണ്ട ഒരോ വ്യക്തിക്കും രാഷ്ട്രത്തോടുള്ള അടിസ്ഥാനം ധാർമ്മികതയാണെന്നും തെര്യപ്പെടുത്തിയ കൺഫ്യൂഷ്യസ് ഏറ്റവും ശ്രേഷ്ഠമായ ഗുണങ്ങൾ സാഹോദര്യവും ഔദാര്യവുമാണെന്നും ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തിന്മയെ തച്ചുടച്ച് നന്മകൊണ്ടു മുന്നേറുന്ന തത്ത്വദീക്ഷയുള്ളവനായിരിക്കണം ഓരോ മനുഷ്യനെന്നും സമകാലിക സമൂഹത്തോടു നിഷ്ക്കർശിക്കുകയും അവർക്ക് പ്രായോഗിക തല പാഠങ്ങൾ പകർന്നു നൽകുകയും ചെയ്തു.

## ഉൽക്കൃഷ്ടമായ അദ്ധ്യാപനങ്ങൾ

ശിഷ്യനായ ഫാൻ ചിഹ് ഒരിക്കൽ കൺഫ്യൂഷ്യസിനോട് ചോദിച്ചു

സദ്ഗുണത്തിന്റെ അർഥം എന്താണ്? അദ്ദേഹം പ്രതിവചിച്ചു: നിന്റെ സഹജീവികളായ മനുഷ്യരെ സ്നേഹിക്കുക എന്നതാണ്.

ശിഷ്യൻ ചോദ്യം തുടർന്നു. വിജ്ഞാനം എന്നാലെന്താണ്? നി ന്റെ സഹജീവികളായ മനുഷ്യരെ അറിയുക എന്നായിരുന്നു കൺഫ്യൂഷ്യസ്സിന്റെ മറുപടി..

മറ്റൊരിക്കൽ ശിഷ്യനായ ത്സുലുവിന്റെ ചോദ്യം ഇങ്ങനെ യായിരുന്നു. ശ്രേഷ്ഠനായ ഒരു മനുഷ്യന്റെ സ്വഭാവം എന്തായിരിക്കും? അതിന് അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. 'അയാൾ മറ്റുള്ളവരെ ബഹുമനിക്കാൻ പഠിച്ചിരിക്കും'.

ചോദ്യ കർത്താവ് തുടർന്നു ചോദിച്ചു

സദ്ഗുണത്തിന്റെ അർഥമെന്താണ് ? കൺഫ്യൂഷ്യസ് അതിന് ഉത്തരം നൽകിയത് ഇങ്ങനെയാണ്.

ഒരാൾ പോകുന്നിടത്തെല്ലാം അഞ്ച് കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുക എന്നതിലാണ് സദ്ഗുണം അടങ്ങിയിരിക്കുന്നത്. മര്യാദ, ആത്മാർഥത, ഹൃദയ പൂർവകമായ ഉത്സാഹം, കരുണ എന്നിവയാണത്. മര്യാദ കാരണം നിങ്ങൾ അപദാനത്തെ ഒഴിവാക്കും, മഹാമനസ്കത ഹേതു നിങ്ങൾ ഏല്ലാവരെയും വശഗതരാക്കും, ആത്മാർഥത നിമിത്തം മനുഷ്യർ നിങ്ങളിൽ വിശ്വസിക്കും, ഹൃദയപൂർവമായ ഉത്സാഹം കൊണ്ട് നിങ്ങൾ വിജയശ്രീ ലാളിതരാവും. കരുണ കാരണം നിങ്ങൾ ആജ്ഞനടത്തുവാനുള്ള യോഗ്യത നേടും.

മറ്റു രണ്ടവസരത്തിൽ അതേക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്.

ജലത്തേക്കാളും അഗ്നിയേക്കാളും മനുഷ്യന് സുപ്രധാനമായിട്ടുള്ളത് സദ്ഗുണമാണ്. ജലത്തിലേക്കോ അഗ്നിയിലേക്കോ നടന്നു പോകുമ്പോൾ മനുഷ്യൻ മരിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ സദ്ഗുണത്തിന്റെ പാന്ഥാവിൽ നടക്കുന്ന മനുഷ്യൻ മരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല. സദ്ഗുണ സമ്പന്നനായ ഒരാളെ കാണുമ്പോൾ അയാളുടെ നിലവാരത്തിലേക്കുയരുന്നത് എങ്ങനെയെന്ന് ചിന്തിക്കുക. നിർഗുണനായ ഒരാളെ കാണുമ്പോൾ അന്തർ നിരീക്ഷണത്താൽ ആത്മപരിശോധന നടത്തുക.

ഒരിക്കൽ നാൻ യൂങ്ങ് എന്ന ശിഷ്യന്റെ സംശയം ഇങ്ങനെ യായിരുന്നു. ഒരു യഥാർഥ ജ്ഞാനി എങ്ങനെയുള്ളവനായിരിക്കണം?

കൺഫ്യുഷ്യസ് പറഞ്ഞു: ഒരു ജ്ഞാനി കഴിവും സഹനവും ശക്തിയുമില്ലാത്തവനായിരിക്കരുത്. എന്തെന്നാൽ അയാളുടെ ചുമട് ഭാരമുള്ളതും പാത ദീർഘമേറിയതുമാണ്. അയാൾ സദ്ഗുണത്തെ ചുമടായിട്ടെടുക്കുന്നു. അത് ഭാരമുള്ളതല്ലേ? മരണത്തോടു കൂടി മാത്രമേ അയാളുടെ പാത അവസാനിക്കൂ. അത് ദൈർഘ്യമേറിയതല്ലേ?

മറ്റൊരു സന്ദർഭത്തിൽ ജ്ഞാനി അഥവാ ബുദ്ധിമാനായ മനുഷ്യനെ ക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്.

ബുദ്ധിമാനായ മനുഷ്യൻ ശ്രദ്ധാപൂർവം ശ്രദ്ധിക്കുന്ന ഒമ്പത് സംഗതികളുണ്ട്. നോട്ടത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലാണ്. കേൾവിയിൽ അദ്ദേഹത്തിന്റെ ശ്രദ്ധ സ്പഷ്ടമായി ഗ്രഹിക്കുന്നതിലാണ്. അദ്ദേഹത്തിന്റെ ഭാവത്തിൽ കാരുണ്യമുണ്ടായിരിക്കും, സംസാരത്തിൽ അദ്ദേഹം ആർജവം നിലനിർത്തും. കർത്തവ്യങ്ങൾ ആത്മാർഥതയോടെ നടപ്പിൽ വരുത്തും. സംശയമുള്ള കാര്യത്തിൽ അദ്ദേഹം കൂടുതൽ അറിവ് തേടും. കോപത്തിൽ പോലും ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തിക്കും. ലാഭത്തിനു അവസരം ലഭ്യമായാലും ശരിയാണോ എന്നതിൽ ശ്രദ്ധിക്കും. ഇവർ നന്മയിലേക്ക് ഉന്മുഖമുള്ളവരാണ്. പൊള്ളുന്ന വെള്ളത്തിൽ എന്ന പോലെ അവർ തിന്മയിൽ നിന്നുമകലുന്നു. ഇത്തരം മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ട്.

അതു പോലെ സന്യാസ ജീവിതം നയിച്ച് ജ്ഞാനി ചമയുന്നവരെക്കുറിച്ച് അദ്ദേഹം പറയുന്നു.

'ലക്ഷ്യങ്ങൾ ചിന്തിച്ചറിയുന്നതിന് വേണ്ടി ഏകാന്തതയിൽ വസിക്കുന്നതിന് വേണ്ടി സന്യാസ ജീവിതം നയിക്കുന്നു എന്ന് പറയുന്നവരുണ്ട്. പക്ഷേ അത്തരക്കാരിൽ ജ്ഞാനികളെ ഞാൻ കണ്ടിട്ടില്ല.'

കൺഫ്യൂഷ്യസിന്റെ രഥങ്ങൾ തെളിക്കുകയും പിൽക്കാലത്ത് അദ്ദേഹത്തിന്റെ അനുയായിയായി തീരുകയും ചെയ്ത യുവാവായ ഫാൻ ഹ്സു ഒരിക്കൽ ചോദിച്ചു'ഒരാൾ സ്വന്തം സ്വഭാവം നന്നാക്കുന്നതെങ്ങനെയെന്നും അയാളുടെ വ്യക്തി പരമായ ന്യൂനതകൾ എങ്ങനെ പരിഹരിക്കാമെന്നും ബുദ്ധിശൂന്യമായതിനെ എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നും പറയാമോ?' കൺഫ്യു

ഷ്യസ് പറഞ്ഞു:

'ഇത് നല്ലൊരു ചോദ്യമാണ്, ഒരു മനുഷ്യൻ ധർമത്തിന് മുൻഗണനയും വിജയത്തിന് പിന്നത്തെ സ്ഥാനവും നൽകിയാൽ അത് അവന്റെ സ്വഭാവത്തെ നന്നാക്കും. മറ്റുള്ളവരുടെ വീഴ്ചകൾക്കെതിരായി സമരം ചെയ്താൽ സ്വന്തം ന്യൂനതകൾ പരിഹരിക്കുമല്ലോ! ഒരു പ്രഭാതകാലത്തുണ്ടായ കോപത്തിന്റെ ഫലമായി സ്വന്തം സുരക്ഷിതത്വത്തെമറക്കുകയും ബന്ധുക്കളുടെ സുരക്ഷിതത്ത്വത്തിന് അത് ബാധകമാക്കുകയും ചെയ്താൽ അത് അവിവേകമല്ലേ.'

ഉത്ക്കൃഷ്ടനായ മനുഷ്യന് കൺഫ്യൂഷ്യസ് നൽകുന്ന നിർവചനം ഇത്തരത്തിലാണ്.

'ഉത്ക്കൃഷ്ട മനുഷ്യൻ തന്റെ അടിസ്ഥാന പ്രമാണമായി ധർമ സാധുത്വത്തെ സ്വീകരിക്കുന്നു. പൂർണ മര്യാദയോടുകൂടി അത് ആസ്വദിക്കുന്നു. സൗമ്യതയോടു കൂടി അത് നടപ്പിൽ വരുത്തുന്നു. ആത്മാർഥത യോടുകൂടി അതിൽ മുഴുകുന്നു. ആത്മാർഥത യോടുകൂടി അത് അഭ്യസിക്കുന്നു. ഉത്കൃഷ്ടനായ മനുഷ്യൻ അങ്ങനെയാണ്. സ്വന്തം കാര്യ ക്ഷമതയില്ലായ്മയെ പറ്റി അവൻ വേദനയുള്ളവനാണ്. മറ്റുള്ളവർ തന്നെ അവഗണിക്കുന്നുവെന്നതിൽ അവൻ വേദനയുള്ളവനല്ല. തനിക്ക് വശമുള്ളത് ഉത്കൃഷ്ടനായ മനുഷ്യൻ തന്നിൽ തന്നെ അന്വേഷിക്കുന്നു'

കൺഫ്യൂഷ്യസ് പലപ്പോഴും തന്റെ ശിഷ്യഗണങ്ങളോട് ഇപ്രകാരം പറയുമായിരുന്നു.

'ഋജു സ്വാഭാവവും ആത്മാർഥതയും നിങ്ങളുടെ മൗലിക പ്രമാണമായി സ്വീകരിക്കുക. നിങ്ങളേക്കാൾ ഹീനമായ സുഹൃത്തുക്കൾ നിങ്ങൾക്കുണ്ടാവരുത്. തെറ്റ് ചെയ്യുമ്പോൾ അത് തിരുത്താൻ മടിക്കരുത്.

മാതാപിതാക്കന്മാർ മക്കൾക്കുള്ള കടമകളെക്കുറിച്ചും അവരോട് അനുവർത്തിക്കേണ്ട രീതിയെ സംബന്ധിച്ചും ഒരിക്കൽ കൺഫ്യൂഷ്യസ് പറഞ്ഞത് ഏറെക്കുറെ ഖുർആനിക വാക്യങ്ങളുമായി സാമ്യമുള്ളതാണ്.

'മാതാപിതാക്കന്മാരോട് പുത്രന് സൗമ്യമായി എതിർ ന്യായം പറയാം. എന്നാൽ അവർ വഴങ്ങുന്നില്ലെങ്കിൽ ബഹുമാനത്തോടെ പെരുമാറണം. എന്നാൽ പിരിഞ്ഞുപോകരുത്. അവർ കഠിനമായി പെരുമാറിയാൽ പോലും അവരോട് പരാതിപ്പെടരുത്'.

പിതാവോ മാതാവോ ജീവിച്ചിരിക്കുമ്പോൾ പുത്രൻ ദീർഘയാത്ര ചെയ്യരുത്. അഥവാ യാത്ര ചെയ്യുകയാണെങ്കിൽ അവൻ എവിടെ പോകുന്നു എന്ന് അറിയിച്ചിരിക്കണം. സ്വന്തം മാതാക്കളുടെ പ്രായം എപ്പോഴും ഓർത്തിരിക്കണം അത് സന്തോഷത്തിനും ഭയത്തിനും കാരണമാകും.'

ഏറെ സുതാര്യതയും പ്രായോഗികതയും നിറഞ്ഞ കൺഫ്യൂഷ്യസ് വചനങ്ങൾ ഇങ്ങനെ നീളുന്നു. ചുരുക്കത്തിൽ ലോകത്തിലെ മുഴുവൻ പണ്ഡിതരേയും പാമരരെയും ചിന്തിപ്പിച്ച് സ്വാധീനിച്ച് പ്രായോഗിക തത്ത്വശാസ്ത്രത്തിന്റെ മഹാഗുരുവായി അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന ആ പുണ്യാത്മാവ്, ചൈനീസ് ജനതയുടെ സമുദ്ധാരണാർഥം നിയോഗിതനായ ഒരു ദൈവിക പ്ര വാചകനായിരുന്നു എന്നത് അവിതർക്കിതമാണ്.


## Statement about ownership and other particulars about newspaper

## Sathyadoothan

(Form IV-See Rule-8)

| | | |
|---|---|---|
| 1. Place of publication | : | Ernakulam |
| 2. Periodicity of its publication | : | Monthly |
| 3. Printer's Name | : | B.B. Ahmad Kabeer |
| Nationality | : | Indian |
| Address | : | Blayil, Karama Road,Elamakkara, P.O., Pin 682026 |
| 4. Publisher's Name | : | B.B. Ahmad Kabeer |
| Nationality | : | Indian |
| Address | : | Blayil, Karama Road,Elamakkara, P.O., Pin 682026 |
| 5. Editor's Name | : | A.M. Muhammad Salim |
| Nationality | : | Indian |
| Address | : | Darussalam, Near Zeena Plastic, pavangad, Calicut |

6. Names and addresses of individuals who own the newspaper and partners or shareholders holding

More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my

knowledge and belief.

Dated: 1. 03. 2013 S/d -Publisher



# ശ്രീരാമൻ (അ)
## ഒരു സത്യപ്രവാചകൻ

ഭാരതത്തിലെ ജനകോടികളുടെ ആരാധ്യ പുരുഷനായ ശ്രീരാമൻ (അ)* അല്ലാഹുവിൽ നിന്ന് അവതീർണരായ ഒരു സത്യ പ്രവാചകനായിരുന്നു.

**ബുഷ്റാ നജീബ്,വാഴക്കാല**

**ഫ**ലഭൂയിഷ്ഠവും, സുഗന്ധ ദ്രവ്യങ്ങളാൽ പുകൾ പെറ്റതുമായ നാടായിരുന്നു, അന്ന് നമ്മുടെ ഭാരതം. ഇക്കാരണത്താലാണ് വിവിധ വംശജരായ അനേകം കച്ചവടക്കാർ ഈ നാട്ടിൽ ആധിപത്യമുറപ്പിച്ചത്. ആതിഥേയത്വത്തിൽ പ്രഗല്ഭരായിരുന്ന നമ്മുടെ പൂർവികർ എല്ലാ വിഭാഗക്കാരേയും ആദരിച്ചിരുന്നു,അതിനാൽ തന്നെ ഇസ്ലാമിക സംസ്ക്കാരം വളരെ പെട്ടെന്ന് ഈ മണ്ണിൽ വേരോടുകയുണ്ടായി.

ആദ്യ കാലത്ത് മനുഷ്യ വംശം ഒറ്റ സമുദായമായിരുന്നു. പിന്നീട് ലോക ജനത പല ജനവർഗങ്ങളും ഗോത്രങ്ങളുമായിത്തീരുകയും ചെയ്തു. എല്ലാ ഗോത്രങ്ങളിലേക്കും അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ച് ജനങ്ങളെ സംസ്ക്കരിച്ച് കൊണ്ടിരുന്നു. ഏക ദൈവത്തെ ആരാധിക്കുവാനും ധർമത്തെ സംരക്ഷിക്കുവാനും ഈ ആത്മീയാചാര്യൻമാർ ജനങ്ങളെ പഠിപ്പിച്ചു. ഇതിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. വ ഇമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ. ,ഒരു പ്രബോധകൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു ജനതയുമില്ല (35:25)

നമ്മുടെ ഭാരതം അനേകം മഹാത്മാക്കളെകൊണ്ട് പുകൾപെറ്റ നാടാണ്. ആർഷ ഭാരതം എന്ന പേര് തന്നെ ഇത് വ്യക്തമാക്കുന്നു. അനേകം സമുദായങ്ങളും, ഒട്ടനവധി സംസ്ക്കാരങ്ങളും പിറവിയെടുക്കാൻ ഇത് കാരണമായി. നാനാത്വത്തിൽ ഏകത്വം എന്ന തത്വം സംജാതമായതും ഇത്കൊണ്ട് തന്നെയാണ്. പ്രവാചകൻമാരെല്ലാം തന്നെ ഒരേ കുടുംബത്തിൽപെട്ടവരാണ്. ഈ പ്രവാചക കുടുംബത്തിലെ വിശുദ്ധനായ ഒരംഗമാണ് ശീരാമൻ(അ).

അനേകം ആത്മീയാചാര്യന്മാരുടെ പാദ സ്പർശമേറ്റ ഈ ഹർഷഭൂവിൽ ജന്മം കൊണ്ട ഋഷി വര്യൻമാരാണ് ശീകൃഷ്ണനും ശ്രീരാമനും. ഭാരതത്തിൽ അവതരിച്ച ഈ പുണ്യാത്മാക്കൾ പ്രവാചകൻമാരാണെന്ന്, ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുകയുണ്ടായി. അദ്ദേഹം പറയുന്നു.

***ശ്രീ രാമനും ശ്രീ കൃഷ്ണനും ദൈവത്തിന്റെ സത്യദാസൻമാരും അവനുമായി ദൃഢബന്ധം പുലർത്തിയിട്ടുള്ളവരുമാണെന്ന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു.അവരെ ആക്ഷേപിക്കുകയോ അവരെക്കുറിച്ച് പുച്ഛമായി സംസാരിക്കുകയോ ചെയ്യുന്നവരെ ഞാൻ വെറുക്കുന്നു.അങ്ങനെയുള്ളവർ സമുദ്രത്തിന്റെ വിശാലതയെക്കുറിച്ചറിയാത്ത കൂപമണ്ഡൂകങ്ങളാകുന്നു. പ്രസ്തുത മഹിത വ്യക്തികളുടെ ജീവി***

*അ എന്നത് 'അലൈഹിസ്സലാം' എന്ന പ്രാർഥനയുടെ ചുരുക്കരൂപമാണ്. 'അദ്ദേഹത്തിന്റെ മേൽ ശാന്തിയുണ്ടാവട്ടെ'എന്നാണ് ഇതിനർഥം. പ്രവാചകന്മാരുടെ നാമം കേൾക്കുമ്പോൾ ബഹുമാനസൂചകമായി മുസ്ലിംകൾ ഈ പ്രാർഥന ഉരുവിടാറുണ്ട്.

***തചര്യകളിൽ നിന്ന് ഗ്രഹിക്കാൻ സാധിച്ചിടത്തോളം അവർ ദൈവമാർഗത്തിൽ തീവ്രയജ്ഞം ചെയ്യുകയും ദൈവത്തിലേക്കു നയിക്കുന്ന നേരായ മാർഗം കണ്ടെത്തുന്നതിന് തങ്ങളുടെ ജീവിതത്തിന്റെ വിലപ്പെട്ട ഭാഗങ്ങൾ ചിലവഴിക്കുകയും ചെയ്തിട്ടുള്ളവരാകുന്നു.അവർ നീതിയും ഭക്തിയും ഉള്ളവരല്ലെന്ന് പറയുന്നവർ ഖുർആന്റെ അദ്ധ്യാപനത്തിന് വിരുദ്ധം പറയുന്നവരാകുന്നു. (മൽഫൂസാത്ത്,വാള്യം:211,212)***

ഭഗവാൻ ശങ്കർ എഴുതിയ മഹാരാമായണം എന്ന അതിബൃഹത്തായ ഗ്രന്ഥമാണ് കഥാപുരുഷന്റെ ചരിത്രം വ്യക്തമാക്കുന്ന പ്രഥമ ഗ്രന്ഥം.അതിന് വാത്മീകി രാമായണത്തേക്കാൾ പഴക്കമുണ്ടെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു. അത് ഇന്ന് ലഭ്യമല്ലെന്നും പറയപ്പെടുന്നു.

നിരവധി പുണ്യപുരുഷൻമാർക്ക് ജൻമം നൽകിയ വംശമാണ് സൂര്യ വംശം.ആ കുടുംബത്തെ ദൈവം വളരെയധികം അനുഗ്രഹിച്ചിരുന്നു.സൂര്യദേവനാണ് അവരുടെ ആദ്ധ്യാത്മിക പിതാവ്. ആത്മീയാചാര്യനും ധർമിഷ്ഠനുമായിരുന്നു അദ്ദേഹം. പല പുണ്യപുരുഷൻമാർക്കും ജൻമം നൽകിയ ഉന്നത വംശമായ ആ സൂര്യ വംശത്തിലാണ് ശ്രീ രാമൻ ഭൂജാതനായത്. ദശരഥമഹാരാജാവിന്റേയും കൗസല്ല്യയുടേയും പുത്രനായ അദ്ദേഹം ആദർശ ധീരതയും സഹിഷ്ണുതയും സൗമ്യതയുമുള്ള കോമളനായിരുന്നു .

ക്ഷത്രിയനായ ശ്രീ രാമൻ ,തെക്കൻ ഭാരതനിവാസികളെ ഉദ്ധരിക്കുവാൻ അല്ലാഹുവിനാൽ നിയോഗിതനായ പുണ്യാത്മാവായിരുന്നു. അദ്ദേഹം ഏക ദൈവത്തെ ആരാധിക്കാൻ തന്റെ അനുയായികളെ പഠിപ്പിച്ചു. എന്നാൽ ഈസാനബി(അ)യെ ക്രിസ്ത്യാനികൾ ദൈവമാക്കിയതുപോലെ ശ്രീ രാമനേയും പിൽക്കാലത്ത് അവരുടെ അനുയായികൾ ദൈവമാക്കിമാറ്റി.എന്നാൽ ഞാൻ വെറുമൊരു മനുഷ്യൻ മാത്രമാണെന്ന് ശ്രീരാമൻ തന്റെ അനുയായികളെ പഠിപ്പിച്ചു.അദ്ദേഹം അരുളുന്നു.

***ആത്മാനം മാനുഷം മന്യേരാമം ദശരഥാത്മജം.***

(യുദ്ധകാണ്ഡം-117:11)

***ദശരഥ പുത്രനായ ഒരു മനുഷ്യനായിട്ടല്ലാതെ ഞാനെന്നെ കരുതുന്നില്ല.***

പ്രവാചക പ്രഭുവായ നബികരിം (സ)തിരുമേനി ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാണ് എന്നരുളിയപോലെ തന്നെയാണ് അദ്ദേഹവും പറഞ്ഞത്.

ചെറുപ്രായത്തിലേ അദ്ദേഹം വളരെ പക്വമതിയായി കാണപ്പെട്ടു. വിദേഹ നാട്ടിൽ വെച്ച് ചാപഭഞ്ജനം നടത്തിയ സംഭവം വിവരിക്കുമ്പോൾ നിർവികാരനായ ഒരു സാധാരണയുവാവിനെ ശ്രീ രാമൻ(അ)ൽ നമുക്ക് ദർശിക്കാൻ സാധിക്കും. കോസല രാജ്യത്ത് പട്ടാഭിഷേകം നടത്തി രാജാവാകാൻ പോകുന്ന ശ്രീരാമൻ(അ) ലും പതിനാലു വർഷം കാട്ടിൽ വനവാസമനുഷ്ഠിക്കാൻ പോകുന്ന ശ്രീ രാമൻ (അ) ലും ഒരേ വികാരമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അമിതമായ വ്യസനമോ സന്തോഷമോ ആ മുഖത്ത് കളിയാടിയില്ല. സത്യത്തിനും ധർമത്തിനും വേണ്ടി ജീവൻ ബലികഴിക്കാനും അദ്ദേഹം തയ്യാറായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരൻമാർ സ്വജീവനേക്കാൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. പട്ടാഭിഷേക സമയത്ത്, അച്ഛന്റെ മറ്റൊരു ഭാര്യയായ കൈകേയി സ്വന്തം പുത്രനായ ഭരതനെ രാജാവാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, സ്വപിതാവിനെ വധിച്ച് രാജ്യം പിടിച്ചടക്കിതന്നെ ഏൽപ്പിക്കുവാൻ തയ്യാറായിരുന്ന ലക്ഷ്മണനെ, അനന്തര ഫലങ്ങളെ ക്കുറിച്ച് മുന്നറിയിപ്പ് നൽകികൊണ്ട്, ആ ദൗത്യത്തിൽ നിന്ന് അദ്ദേഹം പിന്തിരിപ്പിക്കുകയാണ് ചെയ്തത്. ഭരതനാകട്ടെ, സ്വസഹോദരന്റെ ചെരുപ്പ് പ്രതീകാത്മകമായി രാജാവായി പ്രതിഷ്ഠിച്ചു കൊണ്ടാണ്, രാജ്യ ഭരണം നടത്തിയത്.

അക്രമവും അനീതിപരവുമായ ഒന്നും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ധാർമികമായി അധഃപതിച്ച് മൃഗതുല്യമായ ജീവിതം നയിച്ചിരുന്ന തന്റെ ജനതയെ അദ്ദേഹം തന്റെ ജീവിത മാതൃകയിലൂടെ ഉന്നത സൃഷ്ടികളാക്കി മാറ്റുകയുണ്ടായി. കിഷ്കിന്ധയിലെ സുഗ്രീവാദികളാണ് അദ്ദേഹത്തിന്റെ ആദിമ വിശ്വാസികളെന്ന് പറയപ്പെടുന്നു. സ്വന്തം മതത്തിനും മതാചാര്യനും വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ അവർ തയ്യാറായിരുന്നു.

എല്ലാ പ്രവാചകൻമാർക്കും എതിർപ്പുകൾ ഉണ്ടാകാറുള്ളത് പോലെ, ശ്രീ രാമൻ (അ)നും എതിർപ്പുകളേയും പരീക്ഷണങ്ങളേയും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. പ്രത്യക്ഷ ശത്രുവായ രാവണൻ അദ്ദേഹത്തെ പലതരത്തിലും ബുദ്ധിമുട്ടിച്ച് കൊണ്ടിരുന്നു.

രാവണൻ ശ്രീ രാമൻ(അ)നെതിരായി യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് പ്രമുഖ വ്യക്തികളുമായി കൂടിയാലോചന നടത്തുകയുണ്ടായി. രാവണാനുജന്മാരായ വിഭീഷണൻ, കുംഭകർണൻ, മന്ത്രിയായ മഹോദരൻ, നാട്ടുപ്രഭുക്കൻമാരായ പ്രഹസ്തൻ, സുപാർശ്വൻ തുടങ്ങിയ പ്രമുഖരായ വ്യക്തികൾ പങ്കെടുത്ത ആ യോഗത്തിൽ, ശ്രീ രാമൻ(അ)നേയും ശിഷ്യവൃന്ദത്തേയും നശിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ അവർ മെനഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.തനിക്കനുകൂലമായുള്ള എല്ലാവരുടേയും പ്രതികരണം രാവണനെ വളരെയധികം സന്തോഷിപ്പിച്ചു.സർവരും അവരവരുടേതായ രീതിയിൽ ശ്രീ രാമൻ (അ) വളരെനിസ്സാരനാണെന്നും പെട്ടെന്ന് നമുക്ക് വിജയിക്കാൻ കഴിയുമെന്നുമുള്ള വാദങ്ങൾ നിരത്താൻ തുടങ്ങി. എന്നാൽ ആ സമയത്ത് അപ്രതീക്ഷിതമായി സഭാമദ്ധ്യത്തിൽ ഒരാൾ എഴുന്നേറ്റു നിന്നു. രാവണ സഹോദരനായ വിഭീഷണനായിരുന്നു അത്. അദ്ദേഹം എല്ലാവരോടുമായി ഇപ്രകാരം പറഞ്ഞു. “ഒരു ഉപദ്രവവും ചെയ്തിട്ടില്ലാത്ത ആ മഹാത്മാവിനെ നശിപ്പിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്റെ പ്രിയപ്പെട്ട സഹോദരാ, പുണ്യപുരുഷൻമാരാൽ അനുഗ്രഹിക്കപ്പെട്ട വംശമാണ് സൂര്യവംശം.ആ സൂര്യവംശത്തിൽ ശ്രീ നാരായണന്റെ അവതാരമായാണ് ശ്രീ രാമൻ ഭൂജാതനായിട്ടുള്ളത്.അതിനാൽ നമ്മുടെ വംശത്തിന്റേയും, ജേഷ്ഠന്റേയും നൻമയെ ഉദ്ദേശിച്ച് ഈ ഉദ്യമത്തിൽ നിന്ന് പിൻമാറിക്കൊണ്ട് ശ്രീ രാമചന്ദ്രന്റെ സവിധത്തിൽ ഹാജരായി സകലതെറ്റുകൾക്കും മാപ്പപേക്ഷിച്ചാലും.നാശത്തിന്റെ വഴി സ്വയം സൃഷ്ടിക്കാതിരിക്കലാണ് ഉചിതം.ദൈവ കല്പ്പനയെ ധിക്കരിച്ചാൽ സർവനാശമായിരിക്കും ഫലം.അതിനാൽ ആ മഹാത്മാവിനെ എതിർക്കരുതെന്ന് ഞാൻ നിങ്ങളോട് പറയുകയാണ്.”

എന്നാലിതുകേട്ട രാവണൻ ക്രുദ്ധനായി മാറുകയാണ് ചെയ്തത്. രാക്ഷസ രാജാവായ രാവണൻ കേവലമൊരു നിസ്സാരമനുഷ്യനുമുന്നിൽ ശിരസ്സു നമിക്കണമെന്നോ?എല്ലാവരും വിഭീഷണനെ എതിർത്തു. അവസാനം രാവണൻ അദ്ദേഹത്തെ ലങ്കയിൽ നിന്ന് നിഷ്കാസിതനാക്കി. അദ്ദേഹത്തെ കണ്ടാൽ കൊന്ന് കളയുമെന്ന് ഭീഷണിയും മുഴക്കി.

സത്യം തുറന്ന് പറയുകയും, സ്വജനതയെ സത്യത്തിലേക്ക് വഴികാട്ടുകയും, കാലത്തിന്റെ അവതാരപുരുഷനെ വിശ്വസിക്കുകയും ചെയ്തതിനാൽ വിഭീഷണന് സ്വന്തം നാട്ടിൽ ജീവിക്കാൻ കഴിയാതെയായി.ജീവിതം ദുസ്സഹമായപ്പോൾ അദ്ദേഹം തന്റെ നാല് സുഹൃത്തുക്കളേയും കൂട്ടി രാമ സന്നിധിയിലേക്ക് പുറപ്പെട്ടു.

ശ്രീരാമശിഷ്യനായ സുഗ്രീവനെ അദ്ദേഹം കണ്ട്മുട്ടുകയും കാര്യങ്ങൾ അദ്ദേഹത്തെ ഗ്രഹിപ്പിക്കുകയും ചെയ്തു.

എന്നാൽ വിഭീഷണന്റെ പെട്ടെന്നുള്ള ആഗമനം ശ്രീ രാമശിഷ്യന്മാരിൽ സംശയം ജനിപ്പിച്ചു. വിഭീഷണന്റെ ആഗമനത്തെക്കുറിച്ച് ശ്രീ രാമൻ (അ) അറിഞ്ഞപ്പോൾ ശിഷ്യന്മാരുടെ അഭിപ്രായമെന്താണെന്ന് ആരാഞ്ഞു. ശ്രീ രാമൻ(അ)ന്റെ പ്രിയ ശിഷ്യനായ സുഗ്രീവൻ, രാവണ സഹോദരനായ വിഭീഷണൻ വഞ്ചിക്കാനിടയുണ്ടെന്നും അതിനാലവനെ കൊല്ലാൻ അനുവാദം നൽകണമെന്നും അപേക്ഷിച്ചു. ശ്രീ രാമൻ (അ)ന്റെ ശിഷ്യ വൃന്ദത്തിലധികം പേരും വിഭീഷണന്റെ വരവിനെ സംശയത്തോടെയാണ് വീക്ഷിച്ചത്. എല്ലാവരും ഇക്കാര്യം ശ്രീരാമൻ (അ) നെ അറിയിക്കുകയും ചെയ്തു. എന്നാൽ ശ്രീ രാമൻ(അ)തന്റെ ശിഷ്യഗണങ്ങളോട് ഇപ്രകാരം ഉപദേശിക്കുകയാണ് ചെയ്തത്.

മിത്ര ഭാവേന സമ്പ്രാപ്തം
ന ത്യജേയം കഥഞ്ചനഃ
ദോഷോ യദ്യപി തസ്യ സ്യാത്
സതാമേതദഗർഹിതം

മിത്രമായി വന്ന് ചേർന്നവനെ ഞാനൊരുനാളും കൈവെടിയുകയില്ല. അവൻ ദോഷവാനാണെങ്കിലും സജ്ജനങ്ങൾ അനുമോദിക്കുന്ന പ്രവൃത്തി ഇതാണ്. (യുദ്ധകാണ്ഡം,18:3)

അഭയം പ്രാപിച്ചവനെ രക്ഷിക്കാതിരുന്നാൽ പാപം വന്നു ചേരും.അതിനാൽ, ധർമിഷ്ടവും, യശസ്സ്യവും, സ്വർഗവുമായ ധർമത്തെ ഞാൻ സ്വീകരിക്കുവാൻ പോകുന്നു.

തുടർന്ന് അദ്ദേഹം സുഗ്രീവനോടായി ഇപ്രകാരം പറഞ്ഞു.

സകൃദേവ പ്രപന്നായ തവാസ്ഥിതി ചയാചതേ

അഭയം സർവഭൂതേഭ്യോ ദദാമ്യേത ദ്വ്രതം മമ

ആനയൈനം ഹരിശ്രേഷ്ഠ ദത്തമ സ്യാഭയം മയാ

വിഭീഷണോ വാ സുഗ്രീവ യദി വാ രാവണഃ സ്വയം

ഹേ സുഗ്രീവാ, ഞാൻ അവിടത്തെ ദാസൻ എന്നിങ്ങനെ ഒരു പ്രാവശ്യം പറഞ്ഞ് അഭയം ചോദിക്കുന്നവന് സർവമനുഷ്യരിൽ നിന്നും ഭയനിവൃത്തി ഞാൻ കൊടുക്കും.ഇതെന്റെ വ്രതമാണ്. ഹേ, വരിഷ്ഠ! ഞാനിവന് അഭയം നൽകിയിരിക്കുന്നു. അവനെ കൂട്ടിക്കൊണ്ട് വരിക. വിഭീഷണനോ അഥവാ രാവണൻ തന്നെയോ ആയാലും വേണ്ടതില്ല. കൂട്ടിക്കൊണ്ട് വന്നാലും. (യുദ്ധകാണ്ഡം18:33,34)

അങ്ങനെ വിഭീഷണനും കൂട്ടുകാരും ശ്രീ രാമൻ(അ)ന്റെ സവിധത്തിൽ ഹാജരായിക്കൊണ്ട് തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ചു. നവ വിശ്വാസികളിൽ വിശ്വാസമർപ്പിച്ച് കൊണ്ട് ,അദ്ദേഹം അവരെ ആശ്വസിപ്പിക്കുകയും ആശിർവദിക്കുകയും ചെയ്തു. വിഭീഷണന്റെ സത്യവിശ്വാസം, നബി(സ)ന്റെ അനുയായികളുടെ വിശ്വാസം പോലെ നമുക്ക് തോന്നാം. ദൈവമാർഗത്തിൽ അഭയം ചോദിക്കുന്നവന് അഭയം നൽകിയ ചരിത്രം പ്രവാചകന്മാരിൽ മാത്രമാണ് കണ്ടിട്ടുള്ളത്.

പിന്നീട് ധർമയുദ്ധം ആവശ്യമായി വരികയും ശ്രീ രാമൻ(അ) യുദ്ധത്തിൽ വിജയശ്രീലാളിതനാവുകയും ചെയ്തു. യുദ്ധത്തിനു മുമ്പായി അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ച് കൊണ്ട് ഇപ്രകാരം അരുളുകയുണ്ടായി.

യുദ്ധം ചെയ്യാതിരിക്കുന്നവനേയും ഒളിഞ്ഞു നിൽക്കുന്നവനേയും ഓടുന്നവനേയും കൈകൂപ്പിയ വനേയും വിശ്വാസമർപ്പിച്ചവനേയും തലക്കു വെളിവില്ലാത്തവനേയും കൊല്ലരുത്.

(യുദ്ധകാണ്ഡം-80:39)

യുദ്ധസമയത്ത് അദ്ദേഹം തന്റെ അനുയായികൾക്ക് നല്കിയ ഉപദേശ നിർദേശങ്ങൾക്ക്,നബി (സ) തന്റെ അനുയായികൾക്ക് നൽകിയ ഉപദേശ നിർദേശങ്ങളുമായി അഭേദ്യമായ ബന്ധമാണുള്ളത്.തന്റെ ശത്രുക്കളുടെ നാശമല്ല അദ്ദേഹം ആഗ്രഹിച്ചത്,മറിച്ച് പരിവർത്തനമാണ് അദ്ദേഹം ആഗ്രഹിച്ചതെന്ന് പ്രസ്തുതവാക്യത്തിൽ നിന്ന് നമുക്ക് ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

ഈ സമയത്ത് തന്നെ അദ്ദേഹത്തിനു നേരിടേണ്ടിവന്ന മറ്റൊരു പരീക്ഷണഘട്ടം തന്റെ പ്രിയസഖിയെക്കുറിച്ചുള്ള അപവാദപ്രചരണമായിരുന്നു.ഇതിൽ മനം നൊന്ത് അദ്ദേഹം തന്റെ പ്രാണേശ്വരനോട് നടത്തിയ അർഥനകൾ അവിടുന്ന് സ്വീകരിക്കുകയും തന്റെ പ്രിയദാസനെ ഇപ്രകാരം വെളിപാട് മുഖേന ആശ്വസിപ്പിക്കുകയും ചെയ്തു.

ഏഷാ തേ രാമ വൈദേഹീ,
പാപമസ്യാം ന വിദ്യതേ

ഹേ രാമാ, നിന്റെ സീതയിൽ പാപമൊന്നുമില്ല.അവൾ ചാരിത്രവതിയാണ്. (യുദ്ധകാണ്ഡം-118:5)

ദൈവീക വെളിപാട് ലഭിച്ചശേഷം ശ്രീ രാമൻ (അ) തന്റെ പ്രിയതമയെ സ്വീകരിക്കുകയും പതിനാല് വർഷത്തെ വനവാസ ജീവിതത്തിനുശേഷം വിജയശ്രീലാളിതനായി കോസലരാജ്യത്ത് പ്രവേശിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖരിൽ ബ്രാഹ്മണനായ വിഭീഷണനും കാട്ടുരാജാവായ സുഗ്രീവനും ക്ഷത്രിയനായ ലക്ഷ്മണനും ഉൾപ്പെടുന്നു. ഒരേ ചരടിൽ വിവിധവംശത്തിൽപ്പെട്ട ജനങ്ങളെ കോർത്തിണക്കി ഒരാത്മീയ വിപ്ലവം സൃഷ്ടിക്കാൻ വിജയശ്രീലാളിതനായ ആ പ്രവാചകന് കഴിഞ്ഞു. ഞാനും എന്റെ പ്രവാചകൻമാരും വിജയിക്കുക തന്നെ ചെയ്യും എന്ന അല്ലാഹുവിന്റെ വാഗ്ദാനം അങ്ങനെ പൂർത്തീകരിക്കപ്പെട്ടു.

### അപഗ്രഥനം

രാമന്റെ ജീവിത കാലഘട്ടത്തെ കുറിച്ച് ചരിത്രകാരൻമാർക്കിടയിൽ ശക്തമായ അഭിപ്രായ വ്യത്യാസങ്ങളുണ്ട്.രാമന്റെ ജനനവും അദ്ദേഹത്തിന്റെ ഭരണവും എന്ന വിഷയത്തിൽ 1980 ൽ ഡോക്ടർ എസ്.വി.റായ് തയ്യാറാക്കിയ ഒരു ഗവേഷണ പ്രബന്ധത്തിൽ ഈസാ മസീഹിനെക്കാൾ 2000 വർഷങ്ങൾക്ക് മുമ്പാണ് രാമന്റെ ജീവിത കാലഘട്ടമെന്ന് പറയുന്നു.

ചിലയാളുകളുടെ വീക്ഷണത്തിൽ അദ്ദേഹം ഒരു ചരിത്ര പുരുഷനല്ല, മറിച്ച് നൻമയുടെ പ്രതീകമായ ഒരു കഥാപാത്രമാണ്. അതിനവർ പറയുന്ന കാരണം ലങ്ക ആക്രമിക്കുന്നതിന് വേണ്ടി ഒരു രാജാവ് കുരങ്ങൻമാരുടെ ഒരു സൈന്യത്തെ കൊണ്ട് പോകുക എന്ന് ദൃഢമായി വിശ്വസിക്കുന്നത് എങ്ങനെയാണ്? രാമായണം ഒരു കഥയാകുന്നു അതിനു ചരിത്രവസ്തുതകളുമായിട്ട് ഒരു ബന്ധവുമില്ല എന്നാണ് ചരിത്രകാരനായ ഡോക്ടർ സുനിതി കുമാർ ചാറ്റർജിയുടെ അഭിപ്രായം. ചുരുക്കത്തിൽ രാമായണത്തിൽ വളരെയധികം കറ്റുകെട്ടുള്ളതിനാൽ വികലമായ ആ ചരിത്രത്തിന്റെ നിജസ്ഥിതി രാമാനുയായികൾക്ക് തന്നെ സംശയാസ്പദമാണ്.

ശ്രീ രാമൻ(അ)ന്റെ ജീവിതം നാം പരിശോധിക്കുകയാണെങ്കിൽ പരിശുദ്ധാത്മാവിനാൽ അനുഗ്രഹിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു, അദ്ദേഹം എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.എന്നാൽ അദ്ദേഹത്തിന്റെ ജീവിതം വളരെ വികലമാക്കപ്പെട്ട രീതിയിലാണ് ഇന്ന് രേഖപ്പെട്ടു കിടക്കുന്നത്. ശ്രീരാമൻ (അ)നേക്കാൾ പ്രാധാന്യം കൽപ്പിക്കുന്നതും, അദ്ദേഹത്തേക്കാൾ ധാർമികമായി ഉയർന്നതുമായ സ്ഥാനം മറ്റ് കഥാപാത്രങ്ങൾക്ക് ലഭിക്കുന്ന എത്രയോ മുഹൂർത്തങ്ങൾ കഥയിലൂടനീളം നമുക്ക് ദർശിക്കാൻ സാധിക്കുന്നുണ്ട്. ഉദാഹരണയായി, ബാലിയും സുഗ്രീവനും തമ്മിൽ യുദ്ധം നടന്നപ്പോൾ ശ്രീ രാമൻ(അ) ഒളിയമ്പ് എയ്ത് ബാലിയെ വീഴ്ത്തിയ രംഗം രാമായണത്തിൽ വിവരിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ ബാലി ശ്രീ രാമൻ (അ)നോട്

ചോദിക്കുന്ന കുറെ ചോദ്യങ്ങളുണ്ട്.നീ നീതിമാനാണെങ്കിൽ ഒളിയമ്പ് എയ്ത് എന്നെ വീഴ്ത്തിയത് എന്തിനാണ്? സീതയെ വീണ്ടെടുക്കാനായിരുന്നെങ്കിൽ എന്നോടൊരുവാക്ക് പറഞ്ഞാൽ മതിയായിരുന്നല്ലോ? ഇങ്ങനെ നീളുന്ന ഈ ചോദ്യ ശരങ്ങൾ വിശകലനം ചെയ്തു നോക്കുമ്പോൾ, ബാലിയാണ് യഥാർഥത്തിൽ നീതിമാനെന്ന് തോന്നും.

എന്നാൽ രാമായണമൊന്ന് പരതി നോക്കിയാൽ ഒരു പ്രവാചകന്റെ എല്ലാവശങ്ങളും രാമൻ (അ) ൽ കാണാൻ കഴിയും. ഇക്കാലത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു അറിയിച്ചതനുസരിച്ച് ആ ചരിത്രം നാം പരിശോധിക്കുകയാണെങ്കിൽ ഇക്കാര്യങ്ങൾ നമുക്ക് വ്യക്തമാകുന്നതാണ്.

ദശരഥമഹാരാജാവിന് മൂന്ന് ഭാര്യമാരിലായി നാല് ആൺമക്കളാണ് ജനിച്ചിട്ടുള്ളത്. കൗസല്യയിൽ പിറന്ന ഏകസന്താനമാണ് ശ്രീ രാമൻ (അ). ഒരമ്മയുടെ മക്കളല്ലാതെയിരുന്നിട്ടും അദ്ദേഹത്തിന്റെ സഹോദരൻമാർ സ്വന്തം ജീവനേക്കാൾ അദ്ദേഹത്തെ സ്നേഹിച്ചു. പ്രത്യേകിച്ച് ലക്ഷ്മണൻ തന്റെ ഭാര്യയെ അമ്മമാരുടെ അടുക്കലാക്കി ജ്യേഷ്ഠനെ അനുഗമിച്ച്കൊണ്ട് കാട്ടിലേക്ക് യാത്രയായി. സ്വന്തം സഹോദരങ്ങളുടെ മേൽ ഇത്രമാത്രം സ്വാധീനം ചെലുത്താൻ അദ്ദേഹത്തിനുസാധിച്ചത്, അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ഠ്യം കൊണ്ട് തന്നെയാണ്. രാജപദവി ഉപേക്ഷിച്ച്കൊണ്ട് അച്ഛന്റെ വാക്ക് പാലിക്കാനായി വനവാസത്തിന് പോകുന്ന ശ്രീ രാമൻ (അ) ഭൗതീകകാര്യങ്ങളിൽ അമിതമായി താൽപര്യം കാണിച്ചില്ലെന്ന് മാത്രമല്ല, മാതാപിതാക്കളെ പരിപൂർണമായി അനുസരിക്കുകയും അതിന്റെ ആവശ്യകതയെക്കുറിച്ച് സഹോദരൻമാരെ ബോധ്യപ്പെടുത്തുകയും ചെയ്തു.

അദ്ദേഹത്തെ ആദ്യമായി വിശ്വസിച്ചിരുന്നത് താഴ്ന്ന ആളുകളായ അപരിഷ്കൃതരായ ജനതയായിരുന്നു. വനവാസികളായതിനാൽ അവർ കുരങ്ങുകളായി അറിയപ്പെട്ടു. മിക്ക പ്രവാചകൻമാരുടേയും ആദ്യ വിശ്വാസികൾ സാധുക്കളായിരുന്നു. സുഗ്രീവനും, ഹനുമാനുമെല്ലാം, ശ്രീരാമൻ (അ) ന്റെ ശിഷ്യ പ്രമുഖരാണ്. കാട്ടുനിവാസിക ളായത് കൊണ്ട്, പരുക്കൻ ജീവിത സാഹചര്യമായതിനാൽ കുരങ്ങുകളെ പോലെ വേഗത്തിൽ ചാടാനും,അതുപോലെ കായികപരമായ പല സംഗതികൾ ചെയ്യുന്നതിനും അവർ മിടുക്കരായിരുന്നു.എല്ലാറ്റിലുമുപരിയായി തങ്ങളുടെ നേതാവിനെ അനുസരിക്കുന്നതിൽ അവർ മുൻപന്തിയിലായിരുന്നു.

ശ്രീ രാമൻ (അ) ന് രണ്ട് ആൺകുട്ടികളാണു ണ്ടായിരുന്നത്. അദ്ദേഹത്തിന്റെ പുത്രൻ കുശന്റെ തലമുറയിൽ പല മഹാരഥൻമാരും ഭൂജാതരായി ട്ടുണ്ട്. ശ്രീ ബുദ്ധൻ (അ) അദ്ദേഹത്തിന്റെ പരമ്പരയിൽപ്പെട്ടതാണെന്ന് പറയപ്പെടുന്നു. കഥാവസാനം സീത ഭൂമി പിളർന്ന് അതിനുള്ളിലേക്ക് പോയതായും ശ്രീ രാമൻ (അ) കടലിലേക്കിറങ്ങി പോയതായും പറയുന്നു. ഒരു പ്രവാചകന് ഇങ്ങനെ സംഭവിക്കുക അസാധ്യമാണ്. അതിനാൽ അത് വ്യാഖ്യാനാർഹമായ കാര്യമാണ്.

ശ്രീ രാമൻ (അ) ഒരു സത്യ പ്രവാചകൻ ആയിരുന്നില്ലെങ്കിൽ അനേകം ആളുകൾ അദ്ദേഹത്തെ വിശ്വസിക്കുകയും ഏതെങ്കിലും ഒരു ജന വിഭാഗം അദ്ദേഹത്തിനു സ്നേഹ ബഹുമാനങ്ങൾ അർപ്പിക്കുകയും ഈ അവസ്ഥ അനേക യുഗങ്ങളായി തുടർന്നു വരികയുംചെയ്യുകയില്ലായിരുന്നു. ഇത് തന്നെ അദ്ദേഹത്തിന്റെ സത്യതയിലേക്കുള്ള മതിയായ തെളിവാകുന്നു.


mta INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

## ജുമുഅ ഖുത്വ്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

**www.mta.tv**

# ശുചിത്വം:ഇസ്‌ലാം നൽകുന്ന പാഠങ്ങൾ

മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

പ്രപഞ്ചത്തിലുള്ള സർവ വസ്തുക്കളിൽ വെച്ചേറ്റവും മഹത്തരവും ഉത്കൃഷ്ടവുമായ സൃഷ്ടി മനുഷ്യനാണ്.പ്രപഞ്ച സ്രഷ്ടാവ് മനുഷ്യന് അനുഗ്രഹിച്ചു നൽകിയിട്ടുള്ള വിവേചന ശക്തിയുടെ ഫലമായി നന്മതിന്മകൾ വിവേചിച്ചറിയുവാനും യുക്തിയും ബുദ്ധിയും ഉപയോഗിച്ചു അവനവന്റെ കർമപരിപാടികൾക്ക് രൂപം നൽകുവാനും അവനു കഴിയുന്നു. അതുകൊണ്ട്തന്നെയാണ് മനുഷ്യൻ മറ്റു ജന്തുവർഗങ്ങളിൽ നിന്നു വ്യത്യസ്തനാകുന്നത്. എന്നാൽ, പരിസരത്തിന്റെ വ്യതിയാനങ്ങളനുസരിച്ച് അവൻ അവന്റെ ജീവിത സൗകര്യങ്ങൽ മെച്ചപ്പെടുത്തുന്നതിലൂടെ സീമാതീതമായ ആശകളും ആഗ്രഹങ്ങളും അവനെ ഭൗതികതയുടെ അടിമയാക്കുന്നു. ഭൗതിക വസ്തുക്കളിൽ അവൻ ആനന്ദം തേടി അലയുമ്പോഴും നിത്യാനന്ദദായകമായ സ്വർഗ പ്രാപ്തി അവൻ ആഗ്രഹിക്കുകയും സർവ ശക്തനായ ദൈവത്തിന്റെ സാമീപ്യം അവൻ ഇച്ഛിക്കുകയും ചെയ്യുന്നുണ്ട്.

സർവലോക നിയന്താവായ ദൈവം പരിശുദ്ധിയുടെ ഉറവിടമാണ്. അവന്റെ ദർബാറിൽ അശുദ്ധിയുടെ ലാഞ്ചന പോലും അവൻ ഇഷ്ടപ്പെടുന്നില്ല. അത് സംസാരത്തിലാണെങ്കിലും, പ്രവർത്തിയിലാണെങ്കിലും, വികാരവിചാരങ്ങളിലാണെങ്കിലും, നോട്ടത്തിലാണെങ്കിലും, ഉദ്ദേശ്യത്തിലാണെങ്കിലും ശരി, അത് കൊണ്ട് തന്നെ അവന്റെ ഇഷ്ടഭാജനമായി തീരുന്നതിനു പരിശുദ്ധി അനിവാര്യമാണ്. ഇസ്ലാം മനുഷ്യന്റെ സകല അഭിവൃദ്ധികളുടെയും അടിത്തറ ശുചിത്വവുമായി നിശ്ചയിച്ചിരിക്കുന്നു. ശുചിത്വം എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, സ്ഥൂല ദൃഷ്ടിയിൽ ഒരാളുടെ നിർമലവും പരിശുദ്ധവുമായ ബാഹ്യമായ അവസ്ഥയല്ല. മറിച്ച് അയാളുടെ ആന്തരീകമായ പരിശുദ്ധാവസ്ഥയും പരിഗണിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഇസ്ലാം മനുഷ്യന്റെ മാനസീകാരോഗ്യത്തിനും ശരീരികാരോഗ്യത്തിനും ആത്മീയാരോഗ്യത്തിനും ശുദ്ധി, അല്ലെങ്കിൽ ശുചിത്വം അനിവാര്യമായി നിർദ്ദേശിച്ചിരിക്കുന്നത്. മറ്റു മതങ്ങൾ ഒരു ഒഴുക്കൻ രൂപത്തിൽ ശുചിത്വത്തെകുറിച്ച് പറയുന്നുണ്ടെങ്കിലും, അതിലെ അനുയായികളെ കണിശവും വ്യക്തവുമായ രീതിയിൽ ശുചിത്വം പാലിക്കുവാൻ പഠിപ്പിക്കുന്നില്ല. എന്നാൽ ഇസ്ലാം വൃത്തിയെ അല്ലാഹുവിന്റെ ആരാധനയുമായി ബന്ധപ്പെടുത്തികൊണ്ടാണ് പറഞ്ഞിട്ടുള്ളത്. അതായത്,ഇസ്ലാമിൽ അല്ലാഹുവിനു വേണ്ടി ചെയ്യപ്പെടുന്ന ആരാധനകളുടെ അടിസ്ഥാന നിബന്ധനകളിൽ ഒന്നാണ് ശുചിത്വം. അതായത് ആന്തരികവും ബാഹ്യവുമായ ശുചിത്വത്തോടെ ചെയ്യപ്പെടുന്ന ആരാധ നകൾ മാത്രമേ ദൈവസവിധത്തിൽ സ്വീകരിക്കപ്പെടുകയുള്ളൂ. ഇസ്ലാം അതിന്റെ അനുയായികളെ വ്യക്തമായ തരത്തിൽ ശുചീകരണ പ്രിക്രിയ പഠിപ്പിക്കുന്നുണ്ട്. മാനസീകവും, ശാരീരികവും, ആത്മീയവുമായ ആരോഗ്യത്തിന്റെ അസ്ഥിവാരമാണ് ശുചിത്വം. ശരീരശുദ്ധി ഇല്ലാതെ മന:ശുദ്ധി കൈവരിക സാധ്യമല്ല. ഇത് രണ്ടും പരസ്പര പൂരകങ്ങളാണ്.

**ഇസ്ലാമിൽ ശുചിത്വം**

വിശുദ്ധഖുർആൻ പറയുന്നു. ദൈവം പശ്ചാത്തപിക്കുന്നവരെയും, പരിശുദ്ധന്മാരേയും ഇഷ്ടപ്പെടുന്നു. ആദരവായ നബി(സ) പറയുന്നു. പ്രാർഥനയുടെ താക്കോൽ ശുചിത്വമാകുന്നു. മറ്റൊരു ഹദീസിൽ പറയുന്നു. ശുചിത്വം വിശ്വാസത്തിന്റെ പകുതിയാകുന്നു. ഒരിക്കൽ അനസ്(റ) യോട് നബി (സ) തിരുമേനി ഇപ്രകാരം പറഞ്ഞു. നിങ്ങൾ സദാ വൃത്തിയുള്ള വരായിരിക്കുക. എന്നാൽ നിങ്ങൾക്ക് ദീർഘായുസ്സുണ്ടാകും. കഴിവുള്ളപക്ഷം, ദിനരാത്രങ്ങൾ മുഴുവനും ശുദ്ധമായിത്തന്നെ കഴിച്ചുകൂട്ടുക. ശുചിത്വത്തോടെ മരിക്കുന്നവന് രക്ത സാക്ഷികളുടെ പദവി ലഭിക്കും.

മനുഷ്യന്റെ ബീജാവസ്ഥയിലുള്ള ജനനം മുതൽ മരണപ്പെട്ട് മറയടക്കപ്പെടുന്നതു വരെയുള്ള സകലമാന അവസ്ഥകളിലും പാലിക്കപ്പെടേണ്ട ശുചിത്വമുറകളെകുറിച്ച് നബി (സ) സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. മറ്റു മതാദ്ധ്യാപനങ്ങളിലൊന്നിലും വിവരിക്കപെടാത്ത തരത്തിലുള്ള ശാരീരികവും മാനസീകവും ആത്മീയവുമായ ആരോഗ്യം പ്രധാനം ചെയ്യുന്ന അതിശ്രേഷ്ടവും,അന്യൂനവുമായ അദ്ധ്യാപനങ്ങളാണ് ഇസ്ലാം തദാനുയായികൾക്ക് നൽകിയിട്ടുള്ളത്. അത് കണിശമായി പാലിക്കാൻ താക്കീതായി പറയുകയും ചെയ്തിട്ടുണ്ട്. വൃത്തി രണ്ട് തരമുണ്ടെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഒന്ന് ആന്തരീക ശുദ്ധി, രണ്ട് ബാഹ്യ ശുദ്ധി. ഒരോ കുട്ടിക്കും വിവേകബോധം ഉണ്ടാകുന്ന കാലഘട്ടം മുതൽ അവന്റെ മനസ്സാക്ഷി തൽസംബന്ധമായി അവനു മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ സാമൂഹികചുറ്റുപാടുകളിൽ അകപ്പെട്ട്കൊണ്ട് അവൻ ആ നിർദേശങ്ങളെയെല്ലാം അവഗണിക്കുകയാണ് ചെയ്യുന്നത്.

നന്മ മാത്രം ചിന്തിക്കുകയും നല്ലതു മാത്രം പറയുകയും, സഹപ്രവർത്തകരോട് നല്ല രീതിയിൽ പെരുമാറുകയും ആരാധനാ കർമങ്ങൾ ആത്മാർഥതയോടെ അനുഷ്ഠിക്കുകയും വിശ്വാസാദർശങ്ങൾ മനശുദ്ധിയോടെ മുറുകെ പിടിക്കുകയും ചെയ്യുമ്പോൾ അത് ആന്തരീകമായ ശുദ്ധിക്ക് കാരണമായീ തീരുന്നു. വാസ്തവത്തിൽ ബാഹ്യമായ ശുചിത്വത്തിന്റെ തുടർച്ചതന്നെയാണ് ആന്തരീകമായ ശുദ്ധിയുടെയും ഉറവിടം. അതായത് ബാഹ്യമായ ശുചീകരണം ആഭ്യന്തരശുദ്ധിയുടെ ആരംഭഘട്ടമെന്ന് പറയാം. നിർമലവും, പരിശുദ്ധവുമായ ഹൃദയമുള്ള ഒരാൾക്ക് ബാഹ്യമായ ശുചിത്വം പാലിക്കാതിരിക്കാൻ ഒരിക്കലും കഴിയുകയില്ല. സൂക്ഷ്മമായി ചിന്തിക്കുകയാണെങ്കിൽ ആത്മ ശുചീകരണമാണ്

സർവതോന്മുഖമായ അഭിവൃദ്ധിക്കും ജന്മ സാഫല്യത്തിനും കാരണമായിട്ടുള്ള തെന്ന് കാണാം. അപ്പോൾ മന:ശുദ്ധി ക്കാണ് ശരീരശുദ്ധിയേക്കാളും പ്രാധാന്യം എന്നു പറയേണ്ടിവരും. ഉദാഹരണമായി, ഒരു കുട്ടി ക്രമാനുഗതമായി ശാരീരിക വളർച്ച പ്രാപിച്ചുകൊണ്ട് നല്ല കായിക ബലമുള്ള ഒരാളായി തീരുന്നതു പോലെയാണ് ഇത്. ഒരാൾ ബാഹ്യമായ ശുദ്ധി കൈവരിച്ചുകൊണ്ട് അതിൽ ക്രമാനുഗതമായി പുരോഗതി പ്രാപിച്ചു കൊണ്ട് മനഃശുദ്ധി കൈവരിക്കുകയും അതിൽ പടിപടിയായി ഉയർന്നു പരിശുദ്ധനായി അവസാനം അവൻ മനുഷ്യസൃഷ്ടിപ്പിന്റെ യഥാർഥ ലക്ഷ്യമായ ദൈവ സാക്ഷാത്ക്കാരം പ്രാപിക്കുകയും ചെയ്യുന്നു.എന്നാൽ ഈ രണ്ട് രീതിയിലുള്ള ശുചിത്വവും, പരിശുദ്ധിയും കൈവരിക്കാൻ അതിനെ കുറിച്ച് അറിവു ഉണ്ടാകുന്നതോടൊപ്പം കഠിന പ്രയത്നവും അനിവാര്യമാണ്. തീവ്രമായ പ്രയത്നങ്ങൾ കൂടാതെ ഒരുതരത്തിലുള്ള ശുചിത്വവും നമുക്ക് കരസ്ഥമാക്കാൻ സാധ്യമല്ല.

## ശുചിത്വപ്രിക്രിയകൾ

വ്യക്തികൾ സ്വയമായി പാലിക്കേണ്ട ശുചിത്വ പ്രിക്രിയകൾ, അതുപോലെ വ്യക്തി, സമൂഹത്തിനു വേണ്ടി അനുഷ്ഠി ക്കേണ്ട ശുചിത്വ സമ്പ്രദായങ്ങൾ എന്നി വയെ കുറിച്ച് ഇസ്‌ലാമിക ദർശനങ്ങളിൽ വ്യക്തമായ മാർഗ രേഖകൾ ഉണ്ട്. ഇസ്‌ലാം ആദ്ധ്യാത്മിക തത്വങ്ങൾ മാത്രമല്ല പഠിപ്പിക്കുന്നത് മറിച്ച് ഭൗതിക ജീവിതത്തെ ഭാസുരമാക്കിതീർക്കുന്നതി നുള്ള മാർഗങ്ങൾ കൂടി അത് നിർദേശി ക്കുന്നുണ്ട്. ജീവിതം ഈ ഭൗതിക ജീവിതത്തോടെ അവസാനിക്കുന്നില്ലെ ന്നും ആനന്ദപ്രദമായ ഒരു പാരത്രികജീ വിതമുണ്ടെന്നും അതാണ് യഥാർഥ ജീവിതമെന്നും അത് കരഗതമാക ണമെങ്കിൽ അതിനുള്ള മാർഗങ്ങൾ തേടേണ്ടത് ഭൗതിക ജീവിതത്തിൽനിന്നു തന്നെയാണെന്നും അത് പഠിപ്പിക്കുന്നു. അതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള വിധി വിലക്കുകൾ പരിധികൾ എന്നിവയെ പരിഗണിക്കേണ്ടതും അനിവാര്യമാണ്.

## വ്യക്തി ശുദ്ധി

വിശുദ്ധ ഖുർആൻ പറയുന്നു: എഴുന്നേറ്റ് നിന്റെ രക്ഷിതാവിനെ മഹത്വ പ്പെടുത്തുക. നിന്റെ വസ്ത്രം ശുദ്ധി വരുത്തുക.

ഈ സൂക്തത്തിൽ നിന്റെ വസ്ത്രം ശുദ്ധിയാക്കുകയെന്നത് കൊ ണ്ടുദ്ദേശിക്കുന്നത് ആന്തരീകവും ബാഹ്യവുമായ ശുചീകരണമാണ് എന്ന് വിശുദ്ധഖുർ ആന്റെ വ്യാഖ്യാതാക്കൾ വിവരിച്ചിട്ടുണ്ട്. ഇതിൽ വസ്ത്രം എന്നതിനു അറബിഭാഷയിൽ ഉപയോഗിച്ചിട്ടുള്ള പദം സിയാബ് എന്നാണ്. ഈ പദത്തിനു വസ്ത്രം എന്നുമാത്രമല്ലാതെ മനസ്സ്, സ്വഭാവം, പ്രവൃത്തി, കുടുംബം എന്നീ നാനാർഥങ്ങളും ഉണ്ട്. അതിനാൽ ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ ഈ സൂക്തത്തിന്റെ അർഥവ്യാപ്തി വളരെ വിശാലമാ വുകയാണ്.സാധാരണ അർഥമായ വസ്ത്രംവൃത്തിയാക്കുക യെന്ന ആശയത്തിൽ തന്നെ നമുക്ക് ഈ സൂക്തത്തെ വിലയിരുത്താവുന്നതാണ്. എന്നാൽ, സിയാബ് എന്ന വാക്കിന്റെ നാനാർഥങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഗൂഢാർഥത്തിലേക്ക് (മജാസി യായനിലയിൽ)നാം ഇറങ്ങി ചിന്തിക്കു കയാണെങ്കിൽ,ആന്തരീക ശുദ്ധിയെ കുറിച്ചും ഇതിൽ പറഞ്ഞിട്ടു ണ്ടെന്ന് വ്യക്തമാകുന്നതാണ്. അതായത്, വസ്ത്രം അഴുക്കുകളാൽ മലിന മാകുന്നതുപോലെ അഹങ്കാരം, നിന്ദ, അസൂയ, അത്യാ ഗ്രഹം, തുടങ്ങി പല ആത്മീയ മാലിന്യ ങ്ങളാൽ ഹൃദയവും അശുദ്ധമാകു ന്നതാണ്. അതിനാൽ വസ്ത്രത്തെ കഴുകി ശുദ്ധീകരിക്കുന്നതുപോലെ ഹൃദയ ത്തെയും കഴുകി വൃത്തിയാക്കേണ്ട താണ്.

വ്യക്തി ശുദ്ധിക്ക് വേണ്ടി ഇസ്‌ലാം നൽകുന്ന മറ്റുപാഠങ്ങളിൽ സുപ്രധാന മായത് ശാരീരിക ശുചീകരണ പ്രക്രിയ യാണ്. ആദരവായ നബി (സ) പറയുന്നു.

ചേലാകർമം ചെയ്യുക, ഗുഹ്യക്ഷൗരം ചെയ്യുക, മീശ വെട്ടുക, നഖംമുറിക്കുക, കക്ഷം വടിക്കുക, ഇവയിലെ ഓരോ ശുചീകരണ പ്രക്രിയയും വ്യക്തിയുടെ ശാരീരിക ആരോഗ്യത്തിനു അതീവ പ്രധാന്യമുണ്ടെന്നു നമുക്ക് മനസിലാക്കാ വുന്നതാണ്.അതുപോലെ തന്നെ മൂത്രവിസർജനത്തിനു ശേഷം കഴുകി വൃത്തിയാക്കേണ്ടതും ഇസ്‌ലാമിൽ നിർബന്ധമാക്കപെട്ടിരിക്കുന്നു.ഇത് ഗുഹ്യപരമായ സർവവിധ രോഗങ്ങളെ യും തടയുകയും ചെയ്യുന്നു.

## ചേലാകർമം

ശുചിത്വത്തിനുഏറ്റവും പ്രാധാന്യ മർഹിക്കുന്ന ഒരു പ്രവൃത്തിയാണ് ചേലാകർമം. എന്നാൽ ഇസ്‌ലാമി നോടുള്ള അന്ധമായ വിരോധം കൊണ്ട് ഈ പ്രവൃത്തിയെ അശാസ്ത്രീയമായ ഒരുരീതിയായി വിരോധികൾ ആരോപി ക്കുന്നു. എന്നാൽ ചേലാകർമം ചെയ്യു ന്നതുകൊണ്ടും, മൂത്ര വിസർജനത്തിനു ശേഷം കഴുകി വൃത്തിയാക്കുന്നതുകൊ ണ്ടും, ലിംഗാർബുദം,ലൈംഗീക രോഗ ങ്ങൾ മുതലായവ ഒരു പരിധിവരെ തടയു വാൻ കഴിയുമെന്ന് വിദഗ്ധർ അംഗീ കരിച്ചുകഴിഞ്ഞ വസ്തുതയാണ്. ചേലാ കർമത്തിനു വിധേയരായവരുടെ ഭാര്യ മാരിൽ ഗർഭാശയ കാൻസറും, അണു ബാധമൂലമുണ്ടാകുന്ന ലൈംഗിക,ഗുഹ്യ രോഗങ്ങളും മറ്റുള്ളവരെ അപേക്ഷിച്ച് താരതമ്യേന കുറവാണെന്ന് പറയപ്പെടുന്നു.

## ദന്ത സുദ്ധി

വ്യക്തി ശുചിത്വത്തിൽ അതി പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ദന്ത ശുദ്ധി. ഇതിനെ സംബന്ധിച്ചു ഒരുപാട് താക്കീതുകൾ തിരുനബി(സ) യുടെ ഹദീ സുകളിൽ കാണാവുന്നതാണ്. കാരണം മറ്റു അവയവങ്ങൾ പോലെ പ്രപഞ്ച നിയന്താവ് മനുഷ്യന് കനിഞ്ഞു നൽകിയ ഒന്നാണ് ദന്തം. അതില്ലാത്തതിന്റെ ബുദ്ധിമുട്ടും, കൃത്രിമ പല്ലുകളുടെ പോരായ്മയും അതിന്റെ വാഹകർ അനുഭവസ്ഥരാണ്. ബുഖാരി ഉദ്ധരി ക്കുന്ന ഒരു ഹദീസ് ഇപ്രകാരമാണ്.

എന്റെ അനുചരന്മാർക്ക് വിഷമം നേരിടുമെന്ന് ഞാൻ ഭയന്നിരുന്നില്ലെങ്കിൽ എല്ലാ നമസ്കാര വേളകളിലും ദന്തശുദ്ധി വരുത്തുവാൻ ഞാൻ കല്പിക്കു മായിരുന്നു. മറ്റു ചില ഹദീസുകളിൽ നിന്നും വ്യക്തമാകുന്നത് ദന്ത ശുദ്ധി മാത്രമല്ല വരുത്തേണ്ടത്, മറിച്ച് വായയുടെ ഉള്ളിലെ മൃദുലമായ ഭാഗങ്ങളായ നാവിന്റെ ഇരുവശങ്ങളും,മുകൾ ഭാഗവും താഴ്ഭാഗവും രണ്ട് കവിളുകളുടെയും ഉൾവശവും, അതുപോലെ തന്നെ വായയുടെ മുകൾ ഭാഗവും കീഴ്ഭാഗവും, കൂടി വൃത്തിയാക്കണമെന്ന് നബി (സ) ശക്തമായി നിർദശിക്കാറുണ്ടായിരുന്നു. നബി (സ)നമസ്കാരവേളകളിൽ മാത്രമല്ല മറ്റു സമയങ്ങളിലും മിസ്‌വാക്ക് കൊണ്ട് വായ വൃത്തിയാക്കുമായിരുന്നു. യാത്രക ഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചുവന്നാൽ നബി(സ) ആദ്യം തന്നെ കൈകാലുകൾ വൃത്തിയാക്കുന്നതോടൊപ്പം വായയും അനിവാര്യമായും വൃത്തിയാക്കുമാ യിരുന്നു. പരമ പരിശുദ്ധനായ അല്ലാഹു വിനെ സ്തുതിക്കുന്ന നാവും വായയും പരിശുദ്ധമായിരിക്കേണ്ടത് അവനോടുള്ള സ്നഹത്തിന്റെ നിലവാരം ഉയരുന്നതിനു കാരണമാകുന്നതാണ്.

ഇന്ന് ദന്ത രോഗം സർവ സാധാരണ മായിരിക്കുകയാണ്. നാം കഴിക്കുന്ന ഭക്ഷണത്തിൽ ധാരാളം അന്നജം അടങ്ങിയിട്ടുള്ളതിനാൽ ഭക്ഷണാനന്തരം അത് പല്ലുകളിൽ പറ്റി പിടിച്ചിരിക്കുകയും അതിൽ നിന്ന് മാരകങ്ങളായ ബാക്ടീ രിയകൾ ഉണ്ടാവുകയും ചെയ്യു ന്നു. ഈ

# ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയഃ (റദിയല്ലാഹു അൻഹാ)

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**ന**മ്മുടെ പ്രിയങ്കരനായ നബി ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ) അല്ലാഹുവിന്റെ കല്പനയാൽ വിവിധ സമയങ്ങളിൽ ഒന്നിലധികം വിവാഹം കഴിക്കുകയുണ്ടായി. അവരെല്ലാവരും നബി(സ) തിരുമേനിയുടെ പരിശുദ്ധരായ ഭാര്യമാരായിരുന്നു. സത്യവിശ്വാസികളുടെ ഉമ്മമാരെന്നാണ് അവരെക്കുറിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത്.

ഇവിടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യുടെ ജീവിത ചരിത്രമാണ് പറയുന്നത്. അതിനുമുമ്പേ ഇത്രയും വിവാഹം കഴിക്കാൻ അല്ലാഹു എന്തിനു നബി(സ)തിരുമേനിക്കു അനുവാദം നല്കി എന്നതിനെക്കുറിച്ച് അല്പം പറയട്ടെ!

നബി(സ)തിരുമേനിയുടെ ജോലി, ജനങ്ങളെ മതകാര്യങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു. അതുകൊണ്ടുതന്നെ അറിവും ദീനും പഠിക്കുന്നതിനുവേണ്ടി പുരുഷന്മാരുടെ ഒരു സംഘം എപ്പോഴും മസ്ജിദുന്നബ്വിയിൽ താമസിച്ചിരുന്നു. **അസ്ഹാബുസ്സുഫ്ഫ** എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. നബി(സ) വീട്ടിൽ നിന്ന് പള്ളിയിൽ വരുമ്പോൾ എന്താണോ പറയാറുണ്ടായിരുന്നത് അതെല്ലാം അവർ മനഃപാഠമാക്കു മായിരുന്നു. ഭൗതികമായ ഒരുജോലിയും അവർ ചെയ്യാറു ണ്ടായിരുന്നില്ല. അവർ എപ്പോഴും മസ്ജിദുന്നബ്വിയിൽത്തന്നെ ഇരിക്കുകയും നബി(സ)യിൽനിന്ന് മതപരമായ കാര്യങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു.

നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് അറിവു സമ്പാദി ക്കുക എന്നത് മുസ്‌ലിം പുരുഷനും സ്ത്രീയ്ക്കും നിർബന്ധമാണ്. മതപരമായ അറിവുനേടുക എന്നത് വളരെ നിർബന്ധമാണ്. മസ്ജിദുന്ന ബ്വിയിലിരുന്ന് മതകാര്യങ്ങൾ പഠിക്കാൻ പുരുഷ

---

ബാക്ടീരിയകളിലൂടെ ദന്തങ്ങൾ ക്ഷയിക്കുക മാത്രമല്ല മറിച്ച് ഇതിൽ ചില ബാക്ടീരിയകൾ ഹൃദയത്തെ ബാധിക്കുന്നവയുമാണെന്ന് തെളിയിക്കപെട്ടിട്ടുള്ള വസ്തുതയാണ്. അതുപോലെ വയറ് സംബന്ധമായ പല രോഗങ്ങൾക്കും കാരണം പല്ലിൽ കാണുന്ന ബാക്ടീരിയകളാണ്.ആയതിനാൽ യാതൊരു മടിയോ അലസതയോ കൂടാതെ ദിവസത്തിൽ ഇടക്കിടക്ക് ദന്ത ശുദ്ധി വരുത്തുന്ന ശീലം വളർത്തിയെടുക്കുകയാണെങ്കിൽ ദന്തങ്ങൾ കേടുവരുന്നതിൽ നിന്നു മുക്തി നേടുവാൻ സാധിക്കുന്നതാണ്.

**സാമൂഹിക ജീവിതത്തിലെ ശുചീകരണം**

ഒരു സമൂഹത്തിൽ നാം ജീവിക്കുമ്പോൾ പലതരത്തിലുള്ള സദസ്സുകളിലും,അതുപോലെ വിവിധ വിഭാഗത്തിൽ പെട്ട വ്യക്തികളുമായും നമുക്ക് സഹവസിക്കേണ്ടി വരുന്നു. അത്തരം ഘട്ടങ്ങളിൽ ഒരു വ്യക്തി എന്ന നിലയിൽ അതീവ ഗൗരവത്താടെ അനുഷ്ഠിക്കേണ്ട ശുചിത്വ പ്രവർത്തന രീതികളെ കുറിച്ചും ഇസ്‌ലാം അനുശാസിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ച് ആരാധനാലയങ്ങളിൽ മറ്റുള്ളവർക്ക് അസഹ്യതയുണ്ടാകുന്ന തരത്തിൽ നാം പോകരുതെന്ന് ഇസ്‌ലാം കല്പിക്കുന്നു. പൊതുവഴിയിൽ മാർഗതടസ്സമായികിടക്കുന്ന വസ്തുക്കൾ എടുത്തുമാറ്റി വീഥികൾ സഞ്ചാരയോഗ്യമാക്കേണ്ടത് വിശ്വസത്തിന്റെ ഒരു ഭാഗമായിട്ടാണ് നബി(സ) പറഞ്ഞിട്ടുള്ളത്. എന്നാൽ സാക്ഷരതനേടിയെന്ന് അഭിമാനം കൊള്ളുന്ന ഇന്നത്തെ സമൂഹം ജീവിക്കുന്ന നമ്മുടെ സാമൂഹിക ചുറ്റുപാട് മാരകരോഗങ്ങൾ പരത്തുന്ന തരത്തിലുള്ള മാലിന്യങ്ങൾകൊണ്ട് മലീമസമായിക്കൊണ്ടിരിക്കുകയാണ്.വ്യക്തിശുചിത്വത്തിനു പ്രാധാന്യം നൽകുന്ന നമ്മുടെ സമൂഹം സാമൂഹിക ശുചിത്വത്തിന്റെ കടമകൾ പാടെ മറന്നിരിക്കുന്ന ഒരവസ്ഥയാണ് ഇന്ന് കാണുന്നത്. കാരണം വീട്ടിലെ മാലിന്യങ്ങൾ യാതൊരുവിധകുറ്റബോധവുമില്ലാതെ തെരുവീഥികളിലേക്ക് വലിച്ചെറിയുന്ന സ്വഭാവ ശീലത്തിനു അടിമയായിരിക്കുകയാണ് ഇന്നത്തെ സമൂഹം.അതുക്കൊണ്ട് തന്നെ ദുർഗന്ധം വമിക്കുന്ന തെരുവീഥികളിലുള്ള സഞ്ചാരം നമ്മുടെ നയനങ്ങൾക്കും,നാസികകൾക്കും അസഹ്യമാണ്.അതിലൂടെ നാശകരമായ രോഗങ്ങളുടെ വ്യാപനവും നമുക്ക് തടുക്കാൻ കഴിയുന്നതിനു അപ്പുറവുമാണ്.എന്നാൽ ഇസ്‌ലാം നൽകുന്ന പാഠങ്ങൾ അനുസരിച്ച് ഒരോ വ്യക്തിയും സാമൂഹിക ശുചിത്വത്തിന്റെ കടമകൾ യഥോചിതം പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് ശാരീരികമായ ആരോഗ്യം, നിലനിർത്താൻ കഴിയുന്നതോടൊപ്പം മാനസീകമായും ആത്മീയമായും അഭിവൃദ്ധി കൈവരിക്കാൻ സാധിക്കുന്നതാണ്.

ന്മാർക്കു കഴിഞ്ഞു. പക്ഷേ, സ്ത്രീകൾക്കു അതു പഠിക്കാൻ സൗകര്യമൊന്നുമുണ്ടായിരുന്നില്ല. തങ്ങളുടെ യജമാനരിൽ നിന്ന് മതകാര്യങ്ങൾ പഠിക്കണമെന്ന് സ്ത്രീകളും ആഗ്രഹിച്ചു. പക്ഷേ, എപ്പോഴും പള്ളിയിൽ വരാൻ അവർക്കു സാധിക്കുമായിരുന്നില്ല. അവർക്കു വീട്ടുകാര്യങ്ങൾ നോക്കാനും കുട്ടികളെ പോറ്റാനുമുണ്ടായിരുന്നു. അങ്ങനെ മുസ്‌ലിം സ്ത്രീകളുടെ ഈ അഭിലാഷം പൂർത്തിയാക്കാൻവേണ്ടി അല്ലാഹു നബി(സ)തിരുമേനിയെക്കൊണ്ട് ഒന്നിലധികം വിവാഹം ചെയ്യിക്കുകയായിരുന്നു. നബി(സ)തന്റെ ഭാര്യമാർക്കു മതപരമായ കാര്യങ്ങൾ പഠിപ്പിക്കുകയും ആ ഭാര്യമാർ മറ്റു വിശ്വാസിനികളെ പഠിപ്പിക്കുകയും ചെയ്തു എന്നതാണ് അതുകൊണ്ടുള്ള മഹത്തായനേട്ടം.

ചുരുക്കം പറഞ്ഞാൽ നബി(സ)തിരുമേനിയുടെ സകല വിവാഹങ്ങളും മാതൃകാപരമായ ഇസ്‌ലാമിക സാമൂഹിക ജീവിതത്തിന്റെ രൂപീകരണത്തിന് നിമിത്തവും ഇസ്‌ലാം വ്യാപിക്കുന്നതിന് മാർഗവുമായിത്തീർന്നു.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യും നമ്മുടെ നബി(സ)യുടെ ഒരു പ്രിയപ്പെട്ട പത്നിയും സത്യവിശ്വാസികളുടെ മാതാവുമാണ്. എങ്ങനെയാണ് നബി(സ) തിരുമേനിയുടെ വിവാഹം അവരുമായി നടന്നതെന്ന് നോക്കാം. ഹുദയ്ബിയ എന്ന സ്ഥലത്തുവച്ച് നബി(സ) തിരുമേനിയും മക്കക്കാരും തമ്മിൽ ഒരു സന്ധി നടന്നിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ 'ഹുദയ്ബിയസന്ധി' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. ഇസ്‌ലാമിക ചരിത്രത്തിൽ അതിനൊരു പ്രത്യേക പ്രധാന്യമുണ്ട്. ആ സന്ധിയോടെയാണ് നമ്മുടെ നബി(സ)തിരുമേനിയുടെ ജീവിതത്തിൽ പുതിയൊരു കാലഘട്ടം ആരംഭിക്കുന്നത്. ഈ പുതിയ കാലഘട്ടം സമ്പൂർണ സമാധാനത്തിന്റേതായിരുന്നുവെന്ന് ഒരിക്കലും പറയാൻ പറ്റുകയില്ല. കാരണം അപ്പോഴും അറേബ്യയിലെ ധാരാളം ഗോത്രങ്ങൾ ഇസ്‌ലാമിനെതിരെ ഗൂഢതന്ത്രങ്ങൾ മെനഞ്ഞെടുക്കുകയായിരുന്നു. അറബികളിൽ ഖുറയ്ശീ ഗോത്രം കഅ്ബഃദേവാലയത്തിന്റെ മുത്തവല്ലി (ഭരണംനടത്തുന്നവർ)യായ കാരണത്താൽ പൊതുവെ എല്ലാ ഗോത്രങ്ങളെക്കാളും കൂടുതൽ ആദരണീയരായി മനസ്സിലാക്കപ്പെട്ടിരുന്നു. ഇസ്‌ലാമിനെതിരിൽ യുദ്ധത്തിന് തുടക്കം കുറിച്ചതും ഈ ഗോത്രക്കാരാണ്. അതുകൊണ്ടു ഖുറയ്ശികളുമായി സമാധാനസന്ധി ചെയ്തതിന്റെ ഫലമായി രാജ്യത്തിന്റെ ഒരു ഭാഗത്ത് താത്ക്കാലികമായ സമാധാനം തീർച്ചയായുമുണ്ടായി. ഈ താത്ക്കാലിക സമാധാനത്തിനു ശേഷം നബി(സ)തിരുമേനി ആദ്യംതന്നെ വിവിധ രാജ്യങ്ങളിലെ രാജാക്കന്മാർക്കും മന്ത്രിമാർക്കും പ്രബോധന കത്തുകൾ അയക്കാൻ തുടങ്ങി. ഹുദയ്ബിയ സന്ധി കഴിഞ്ഞുടനെ വിവിധ രാജ്യങ്ങളുടേയും രാജാക്കന്മാരുടേയും പേരിലെഴുതിയ ഈ കത്തുകൾ തെളിയിക്കുന്നത് നബി(സ) തിരുമേനിയുടെ യഥാർഥലക്ഷ്യം ഇസ്‌ലാമിക പ്രബോധനമായിരുന്നുവെന്നാണ്.

നബി(സ)തിരുമേനി അയച്ച തബ്ലീഗ്കത്ത് മുഖൗഖസ് രാജാവിന് കിട്ടിയപ്പോൾ, അദ്ദേഹം അതിനു മറുപടി അയച്ചതിനോടൊപ്പം രണ്ടുപെൺകുട്ടികളുടെ പേരും അയച്ചിരുന്നു. അതിലൊന്ന് മാരിയഃയുടേതായിരുന്നു.

മിസ്റികളിൽ (ഈജിപ്ഷ്യർ) പൗരാണികമായൊരു സമ്പ്രദായം നിലനിന്നുപോന്നിരുന്നു. അവർ തങ്ങളുടെ ആദരണീയരായ അതിഥികളുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കാനുദ്ദേശിക്കുമ്പോൾ തങ്ങളുടെ കുടുംബത്തിലോ ജനതയിലോപെട്ട മാന്യരായ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കാറുണ്ടായിരുന്നു.

ഹദ്റത്ത് ഇബ്റാഹീം(അ) മിസ്റിൽ പോയപ്പോൾ അവിടത്തെ ഭരണാധികാരി അദ്ദേഹത്തിനും ഒരു മാന്യയായ പെൺകുട്ടിയെ (ഹദ്റത്ത് ഹാജറ) വിവാഹം കഴിക്കാൻ നല്കിയിരുന്നെന്നും പിന്നീടു അവർ ഹദ്റത്ത് ഇസ്മായീലിന്റെ ഉമ്മയായെന്നും ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്.

എന്തായാലും മുഖൗഖസ് രാജാവ് അയച്ച പെൺകുട്ടികൾ മദീനയിലെത്തിയപ്പോൾ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ നബി(സ) വിവാഹം കഴിച്ചു. അവരുടെ സഹോദരി സീരീനിനെ സുപ്രസിദ്ധ അറേബ്യൻ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്തിനും വിവാഹം ചെയ്തു കൊടുത്തു. മാരിയ എന്ന അനുഗൃഹീത മഹതിയിൽനിന്നാണ് നബി(സ)തിരുമേനിക്ക് ഇബ്റാഹീം എന്ന കുട്ടി ജനിച്ചത്.

ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യുടെ പിതാവിന്റെ പേര് ശംഓൻ എന്നായിരുന്നു; മാതാവ് റോമക്കാരിയും. 'ഹഫൻ' എന്ന സ്ഥലത്താണ് മാരിയഃ ജനിച്ചത്. നല്ല പൊക്കവും ചെമപ്പുംവെളുപ്പും ഇടകലർന്ന നിറവുമുള്ള മാരിയഃ സൗന്ദര്യവതിയായിരുന്നു.

അല്ലാമ ദഹ്ബി തന്റെ 'ഇഅ്ലാമുന്നിസാഅ്' എന്ന ഗ്രന്ഥത്തി ലെഴുതിയിട്ടുള്ളത് ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) തന്റെ കാലഘട്ടത്തിലെ ആലിംഫാദിൽ (ഫാദിൽഡിഗ്രി)കരസ്ഥമാക്കിയ സ്ത്രീയായിരുന്നുവെന്നാണ്.

മുഖൗഖസ് രാജാവ് ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യേയും അവരുടെ സഹോദരി സീരീനിനേയും നബി(സ) തിരുമേനിയുടെ അടുക്കലേക്ക് അയച്ചപ്പോൾ, ആയിരം മിഥ്ക്കാൽ സ്വർണവും വെള്ളത്തുണിയുടെ 20 റോളും യാത്ര ചെയ്യാൻ 'വുൽദുൽ' എന്നു പേരുള്ള ഒരു കോവർക്കഴുതയും കൊടുത്തയച്ചിരുന്നു.

കോവർക്കഴുതയുടെ നിറം വെളുപ്പായിരുന്നു. നബി(സ)മിക്കപ്പോഴും അതിലായിരുന്നു യാത്ര ചെയ്യാറുണ്ടായിരുന്നത്. ഹുനയ്ൻ യുദ്ധത്തിലും നബി(സ) ആ കോവർക്കഴുതയിലാണ് യാത്ര ചെയ്തിരുന്നത്.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യും അവരുടെ സഹോദരി സീരീനും മിസ്റിൽനിന്ന് മദീന മുനവ്വറയിലേക്കു വരുമ്പോൾ അവരോടൊപ്പം ഇസ്‌ലാമിന്റെ മുബല്ലിഗായ ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽതഅഃയും ഉണ്ടായിരുന്നു. അദ്ദേഹം അവർക്കു ഇസ്‌ലാമിന്റെ കാര്യങ്ങൾ പറഞ്ഞു കൊടുത്തു. ഇസ്‌ലാമിന്റെ ഉദ്ദേശ്യവും അവർക്കു മനസ്സിലാക്കിക്കൊടുത്തു. ആ രണ്ടു സഹോദരിമാരേയും അതു നല്ലവണ്ണം സ്വാധീനിച്ചു. കാരണം ആദ്യമേതന്നെ അവർ സൽസ്വഭാവക്കാരികളായിരുന്നു. ഇസ്‌ലാമിനെക്കുറിച്ചു കേട്ടപ്പോൾ അവരുടെ ഹൃദയത്തിൽ അതിനോടു സ്നേഹമുണ്ടായി. വഴിമദ്ധ്യേതന്നെ അവർ രണ്ടുപേരും ഹദ്റത്ത് ഹാത്വിബ് മുഖേന ഇസ്‌ലാം സ്വീകരിച്ചു.

നബി(സ) ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ നിക്കാഹ് ചെയ്ത് മസ്ജിദുന്നബ്വിയുടെ അടുത്ത് ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനിന്റെ (റ)വീട്ടിൽ താമസിപ്പിച്ചു. കുറച്ചു കഴിഞ്ഞ് അവരെ ആലിയ എന്ന സ്ഥലത്തുകൊണ്ടുപോയി. ആ സ്ഥലം പിന്നീടു 'മശ്റബഃഇബ്റാഹീം' എന്ന പേരിൽ പ്രസിദ്ധമായി. മാബൂർ എന്ന് പേരായ ഒരു മിസ്റി ഭൃത്യൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ സേവിക്കാൻ വഖ്ഫ് ചെയ്തിരുന്നു. ഈ ഭൃത്യൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യ്ക്ക് വെള്ളവും വിറകും എത്തിച്ചു കൊടുത്തിരുന്നു.

ഹിജ്റ എട്ടാം വർഷം ഹദ്റത്ത്

മാരിയഃ ഖിബ്ത്വിയാ(റ)യ്ക്ക് അല്ലാഹു മറ്റൊരു അനുഗ്രഹം നല്കി. അവരിൽ നബി(സ)തിരുമേനിക്ക് ചന്ദ്രനെപ്പോലെ വിളങ്ങുന്ന ഒരു മകൻ ജനിച്ചു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്റാഹീം(റ) ജനിച്ചപ്പോൾ ഹദ്റത്ത് ജിബ്രീൽ(അ)വന്ന് നബി(സ) തിരുമേനിയെ സംബോധനചെയ്തു: **'അസ്സലാമു അലയ്ക്ക യാ അബാ ഇബ്റാഹീം.'** ഇബ്റാഹീമിന്റെ പിതാവേ, അങ്ങയുടെമേൽ സമാധാനം. ഇപ്രകാരമാണ് നബി(സ) ഈ പ്രിയ പുത്രന് ഇബ്റാഹീം എന്നു പേരിട്ടത്. കുട്ടി ജനിച്ചുവെന്ന സന്തോഷ വാർത്ത നബി(സ)തിരുമേനിയെ അറിയിച്ചത് ആ മഹാത്മാവിന്റെ ഒരു ഭൃത്യനായ അബൂറാഫിഅ് ആയിരുന്നു. വിവരം അറിഞ്ഞ് നബി(സ) വളരെ സന്തോഷിച്ചു. ഈ സന്തോഷത്താൽ നബി(സ) അബൂറാഫിഅ്ന് ഒരു ഭൃത്യനെ സമ്മാനമായി നല്കി. ഏഴാം ദിവസം അഖീഖഃ നടന്നു. മുടി വടിച്ചു. മുടിയുടെ തൂക്കത്തിനു സമാനം വെള്ളി ദാനം ചെയ്തു. മുടി മണ്ണിൽ കുഴിച്ചിട്ടു.

അറേബ്യയുടെ പൗരാണിക സമ്പ്രദായമനുസരിച്ച് സയ്യിദുനാ ഹദ്റത്ത് ഇബ്റാഹീം(റ)നെ പാലൂട്ടുന്നതിനായി ഉമ്മുബർദ നിശ്ചയിക്കപ്പെട്ടു. ഒരു കൊല്ലന്റെ ഭാര്യയായിരുന്നു അവർ. എപ്പോഴും പുക നിറഞ്ഞു നില്ക്കുന്ന അന്തരീക്ഷമായിരുന്നു അവിടെ. നബി(സ)തിരുമേനിയ്ക്ക് ഒടുവിലുണ്ടായ പുത്രനാണ് ഹദ്റത്ത് ഇബ്റാഹീം. അവനെ നബി(സ) ഒരുപാടു സ്നേഹിച്ചിരുന്നു. ഉമ്മുബർദയുടെ വീട്ടിൽ നബി(സ)പോകുകയും പുന്നാരമുത്തിനെയെടുത്ത് മടിയിലിരുത്തി ഓമനിക്കുകയും പതിവായിരുന്നു. ആ സന്ദർഭത്തിലെല്ലാം നബി(സ)യുടെ കണ്ണും മൂക്കും പുകകൊണ്ടു നിറയുമായിരുന്നു. പക്ഷേ, തന്റെ മോനുവേണ്ടി നബി(സ)തിരുമേനി എല്ലാം സഹിച്ചു.

ഹദ്റത്ത് ഇബ്റാഹീം(റ) 18 മാസമാണ് ജീവിച്ചത്. ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) തന്റെ മകനെ നല്ലവണ്ണം നോക്കി. രാത്രികൾ ഉറക്കമിളച്ചു. പക്ഷേ, ഇബ്റാഹീമിന്റെ ജീവിതദീപം മെല്ലെമെല്ലെ മങ്ങാൻ തുടങ്ങി. കുട്ടിയുടെ രോഗം മൂർച്ഛിച്ച വിവരമറിഞ്ഞപ്പോൾ നബി(സ)അവിടെയെത്തി. മോനെ എടുത്ത് മടിയിലിരുത്തി. വിതുമ്പിക്കൊണ്ടു പറഞ്ഞു, 'മോനേ ഇബ്റാഹീം! അല്ലാഹുവിന്റെ തീരുമാനത്തിൽനിന്ന് നിന്നെ രക്ഷിക്കാൻ ഉപ്പാക്കാവില്ല.' നബി(സ)തിരുമേനിയുടെ കണ്ണിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങി. നബി (സ) കുനിഞ്ഞ് ഇബ്റാഹീമിന് മുത്തംകൊടുത്തു. എന്നിട്ടു പറഞ്ഞു: 'ഇബ്റാഹീമേ! നമുക്കു ശേഷം വരുന്നവർ മുമ്പേ പോയവരുമായി കൂടിച്ചേരുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം സത്യമല്ലായിരുന്നെങ്കിൽ, അല്ലാഹുവിന്റെ കല്പന സത്യമല്ലായിരുന്നെങ്കിൽ ഇതിനേക്കാൾ വലിയ വേദന നമുക്കുണ്ടാകുമായിരുന്നു. ഇബ്റാഹീമേ! നിന്റെ വേർപാടിൽ ഞാൻ ദുഃഖിക്കുന്നു. കണ്ണുകൾ കരയുന്നു. മനസ്സ് വേദനിക്കുന്നു. അല്ലാഹുവിനെ വെറുപ്പിക്കുന്ന വാക്കുകൾ നമുക്ക് പറയാൻ പറ്റുകയില്ല.'

പിന്നീടു നബി(സ)തിരുമേനി ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇബ്റാഹീം എന്റെ മോനാണ്. അവൻ മുലപ്പാൽ കുടിച്ചുകൊണ്ടു വിട പറഞ്ഞു. ഇവനെ മുലയൂട്ടാൻ അല്ലാഹു രണ്ടു ധാത്രിമാരെ സ്വർഗത്തിൽ നിശ്ചയിച്ചിരിക്കുന്നു. അവർ ഇവനെ അവിടെ മുലയൂട്ടുന്നതാണ്.

ഹദ്റത്ത് ഇബ്റാഹീം(റ)മരിച്ചപ്പോൾ നബി(സ)തിരുമേനിയും ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യും ക്ഷമയുടെ ഉത്തമ മാതൃകയാണ് കാണിച്ചത്. നബി(സ) ഹദ്റത്ത് ഇബ്റാഹീമിന്റെ മയ്യിത്ത് ഖബറടക്കാൻ കൊണ്ടുപോയി. ഖബ്റിനടു ത്തെത്തിയപ്പോൾ തന്റെ മോന്റെ ശരീരം സ്വന്തം കൈയിൽവാങ്ങി. ലഹ്ദിൽമയ്യിത്തുവച്ചുകൊണ്ടു നബി(സ) പറഞ്ഞു: 'മോനേ, പോകുക. നിന്റെ സഹോദരൻ ഉഥ്മാൻ ബിൻ മദ്ഊന്റെ (റ) അടുക്കൽ.' ഹദ്റത്ത് ഉഥ്മാൻ ബിൻ മദ്ഊൻ (റ) ഹദ്റത്ത് ഇബ്റാഹീം(റ) മരിക്കുന്നതിന് 6 വർഷം മുമ്പേ മരിച്ചിരുന്നു. നബി(സ) തിരുമേനിക്ക് അദ്ദേഹത്തെ ഏറെ ഇഷ്ടമായിരുന്നു. ഉഥ്മാൻ ഒരു യുദ്ധത്തിൽ ശഹീദാകുകയായിരുന്നു.

ഹദ്റത്ത് ഫദ്ൽ ബിൻ അബ്ബാസ്(റ) നിവേദനം. ഉമ്മുബർദഃ(റ) ഹദ്റത്ത് ഇബ്റാഹീമിനെ കുളിപ്പിച്ചു. ചെറിയൊരു കട്ടിലിൽ ജനാസഃ വെച്ചു. അവിടെനിന്ന് ജന്നത്തുൽബഖീഅ് എന്ന ഖബ്ർസ്ഥാനിൽകൊണ്ടുപോയി ഉഥ്മാൻ ബിൻ മദ്ഊന്റെ അടുത്ത് ഖബ്റടക്കി. മയ്യിത്ത് ഖബ്റിൽ ഇറക്കിയത് ഹദ്റത്ത് ഫദ്ൽ ബിൻ അബ്ബാസും(റ) ഹദ്റത്ത് ഉസാമ(റ)യുമായിരുന്നു. ഖബ്റിനുമീതെ വെള്ളം തളിച്ചു. അടയാളമായി ഒരു കല്ല് നാട്ടുകയും ചെയ്തു.

ഹദീഥുഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു, നബി(സ)തന്റെ മകൻ ഇബ്റാഹീമിനെക്കുറിച്ചു പറഞ്ഞു: 'ലവ് ആശ ഇബ്റാഹീമ ലകാന സിദ്ദീഖൻ ന്നബിയ്യാ.' ഇബ്റാഹീം ജീവിച്ചിരുന്നെങ്കിൽ സിദ്ദീഖായ നബി ആകുമായിരുന്നു.

സയ്യിദുനാ ഹദ്റത്ത് ഇബ്റാഹീം(റ) വഫാത്തായ ദിവസം യാദൃച്ഛികമായി സൂര്യഗ്രഹണമുണ്ടായി. വലിയ വലിയ ആളുകൾ മരിക്കുമ്പോൾ സൂര്യനോ ചന്ദ്രനോ ഗ്രഹണമുണ്ടാകുമെന്ന വിശ്വാസം പുരാതന കാലത്ത് ജനങ്ങളിൽ നിലനിന്നിരുന്നു. ഈ വിശ്വാസമനുസരിച്ച് ഹദ്റത്ത് ഇബ്റാഹീം മരിച്ചതുകൊണ്ടാണ് സൂര്യന് ഗ്രഹണമുണ്ടായതെന്ന് മുസ്ലീംകളും പറയാൻ തുടങ്ങി. അത് നബി(സ)ഇഷ്ടപ്പെട്ടില്ല. കാരണം അത്തരം ചിന്താഗതി മനുഷ്യന്റെ വിനീത സ്വഭാവത്തിനു വിരുദ്ധമാണ്. നബി(സ) ഉടനെ ജനങ്ങളെ വിളിച്ചുകൂട്ടി. പ്രസംഗത്തിൽ പറഞ്ഞു: 'ആരെങ്കിലും മരിക്കുന്നതുകൊണ്ടു ഗ്രഹണമുണ്ടാകുകയില്ല. അതു അല്ലാഹുവിന്റെ അടയാളങ്ങളിൽപ്പെട്ട രണ്ടടയാളമാണ്. നിങ്ങൾ ഗ്രഹണം കണ്ടാൽ നമസ്കരിക്കുക. അല്ലാഹു വിന്റെ മുമ്പിൽ കുനിയുക.'

ഇക്കാരണത്താലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങളുണ്ടാകുമ്പോൾ പള്ളിയിലോ തുറന്ന സ്ഥലത്തോ സംഘടിച്ച് രണ്ടു റക്അത്ത് നമസ്കരിക്കണമെന്ന് മുസ്ലീംകളോടു കല്പിച്ചിട്ടുള്ളത്. ഈ നമസ്കാരത്തിന്റെ പ്രത്യേകത അതിലെ ഓരോ റക്അത്തിലും രണ്ടു റുകൂഅ് ഉണ്ടെന്നതാണ്. തന്റെ മകന്റെ നിര്യാണത്തോടെ പാരമ്പര്യമായി നിലനിന്നുവന്ന ഒരു തെറ്റായ വിശ്വാസത്തിന് അന്ത്യം കുറിച്ചു വെന്നതിൽ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യ്ക്ക് അഭിമാനിക്കാവുന്നതാണ്.

സയ്യിദുനാ ഹദ്റത്ത് ഇബ്റാഹീം(റ)ന്റെ നിര്യാണത്തിന് കുറച്ചുകാലം കഴിഞ്ഞപ്പോൾ നമ്മുടെ പ്രിയപ്പെട്ട റസൂലും തന്റെ യജമാനന്റെയടുക്കൽ ഹാജരായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) തികച്ചും ഏകാന്തവാസിയായിത്തീർന്നു. അധികവും ആരാധനാകർമങ്ങളിൽ ലയിച്ചു. ദൈവസ്മരണയിൽ മുഴുകി. മൂന്നു സ്ഥലങ്ങളിൽമാത്രം ഇടയ്ക്കിടെ പോകുമായിരുന്നു. നബി(സ) തിരുമേനിയുടെ റൗദഃ, നിഷ്കളങ്കനായ ഇബ്റാഹീമിന്റെ ഖബ്റിടം, തന്റെ സഹോദരി

സീരീനെ കാണാൻ.

ഹദ്റത്ത് അബൂബക്കർ(റ)ഉം ഹദ്റത്ത് ഉമർ(റ)ഉം തങ്ങളുടെ ഖിലാഫത്തു കാലത്ത് ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ ഒത്തിരി ആദരിച്ചിരുന്നു. അവർക്കു സ്റ്റൈപ്പന്റ് നിശ്ചയിച്ചിരുന്നു. അത് മരണംവരെ അവർക്കു കിട്ടിക്കൊണ്ടിരുന്നു.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) മുഹർറമാസം 16 ന് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലത്താണ് വഫാത്തായത്. ഹദ്റത്ത് ഉമർ(റ)ജനാസഃ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീയിൽ ഖബ്റടക്കി.

ഇരുലോകത്തിന്റേയും നേതാവായ നമ്മുടെ നബി(സ)തിരുമേനി തന്റെ മറ്റു ഭാര്യമാരോടു പെരുമാറിയിരുന്നതുപോലെ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യോടും പെരുമാറി. പർദയിലിരിക്കണമെന്ന് അവരോടു കല്പിച്ചിരുന്നു. നബി(സ) ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യോടു അങ്ങേയറ്റം വാത്സല്യത്തോടും അതീവ സ്നേഹത്തോടും പെരുമാറി. അങ്ങേയറ്റം ആദരിച്ചു. നബി(സ)എപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു: 'ഖിബ്ത്വികളോടു നല്ല രീതിയിൽ പെരുമാറുക. കാരണം അവരുമായിട്ട് സന്ധിപരമായിട്ടും വംശപരമായിട്ടുമുള്ള ബന്ധമാണുള്ളത്. ഹദ്റത്ത് ഇസ്മായീലി(അ)ന്റെ മാതാവ് ഹാജറയും എന്റെ മകൻ ഇബ്റാഹീമിന്റെ ഉമ്മയും രണ്ടുപേരും അതേ ജനതയിൽനിന്നുളളവരാണ്. ഇതാണ് വംശപരമായിട്ടുള്ള ബന്ധം. സന്ധിയുടെ ബന്ധം, അവരുമായി സന്ധിചെയ്തു കഴിഞ്ഞിരിക്കുന്നുവെന്നതാണ്.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) നബി(സ) തിരുമേനിയുടെ വിയോഗത്തിനുശേഷം 5 വർഷം ജീവിച്ചു. ഹദ്റത്ത് ഇബ്നുഅബ്ബാസ് (റ)പറയുന്നു: 'ഹദ്റത്ത് ഇബ്റാഹീം(റ)ജനിച്ചപ്പോൾ നബി(സ)പറഞ്ഞു, മാരിയായെ അവളുടെ മകൻ സ്വതന്ത്രയാക്കിയിരിക്കുന്നു.'

ഹദ്റത്ത് ആയിശ(റ)പറയുന്നു: മാരിയ വന്നപ്പോഴുണ്ടായിരുന്നതുപോലുള്ള അസഹനീയത മറ്റൊരു ഭാര്യമാർ വന്നപ്പോഴും എനിക്കുണ്ടായിട്ടില്ല. കാരണം അവർ അങ്ങേയറ്റം സൗന്ദര്യവതിയും അതീവ സുന്ദരിയുമായിരുന്നു. നബി(സ) അവരെ വളരെ ഇഷ്ടപ്പെട്ടിരുന്നു.'

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) ഈജിപ്റ്റുകാരുടേയും ആഫ്രിക്കക്കാരുടേയും അറേബ്യൻ ഉപദ്വീപുകാരുടേയുമിടയിൽ ഖിയാമത്തുനാൾ വരെ ശക്തമായൊരു ഇടനിലക്കാരിയായിത്തീർന്നു എന്നതുതന്നെ അവർക്കു മതിയായ ബഹുമതിയാണ്. നബി(സ) തിരുമേനി വസിയ്യത്തു ചെയ്തിരുന്നു: "കറുത്തവർഗക്കാരുടെ കാര്യങ്ങളിൽ മുസ്ലിം രാജാക്കന്മാരുടെ കീഴിൽ കഴിയുന്ന അമുസ്ലീംകളും സാധാരണ പൗരന്മാരും അല്ലാഹുവിനെ ഭയപ്പെടണം. കാരണം അവർക്കും കുടുംബ ബന്ധവും വിവാഹബന്ധവും ലഭിച്ചിട്ടുണ്ട്.'

മറ്റൊരു ഹദീഥിൽ നബി(സ)തിരുമേനി പറഞ്ഞു: ''അടുത്തുതന്നെ നിങ്ങൾ ഈജിപ്റ്റ് കീഴടക്കുന്നതാണ്. ഈജിപ്റ്റുകാരോട് നല്ല നിലയിൽ പെരുമാറണം. കാരണം അവർക്കു സുരക്ഷിതത്വവും കാരുണ്യവും ലഭിച്ചിട്ടുണ്ട്."

കാരുണ്യത്തോടെ പെരുമാറണം, പരിഗണനനല്കണം എന്നീ രണ്ടു കല്പനകളുമുണ്ടായത്, ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യുടെ പദവികൊണ്ടും സ്ഥാനംകൊണ്ടും മുസ്ലിം ഉമ്മത്തിനോടു അവർക്കുള്ള അടുത്ത ബന്ധം കൊണ്ടും ആദരവുംകൊണ്ടും നബി(സ)യുടെ ഭാര്യയായതുകൊണ്ടും മാത്രമായിരുന്നു എന്നത് വ്യക്തമാണ്.

(അമത്തുൽഹഫീദ് റയ്ഹാൻ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാകിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാറദിയല്ലാഹു അൻഹാ എന്ന ലഘുകൃതിയോടു കടപ്പാട്)





Humanity First

Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

Humanity First International
22 Deer Park Road, South Wimbledon
London, SW19 3AH
Tel: +44 (0)20 8417 0082, Fax: +44 (0)20 8417 0110

ഇസ്ലാമിക തുർക്കിയുടെ ചരിത്രം - 2

# കോൺസ്റ്റാണ്ടിനോപ്പിൾ തുർക്കി യുദ്ധം

റോമാ സാമ്രാജ്യത്തിൽ നിന്ന് കോൺസ്റ്റാണ്ടിനോപ്പിളിനെ അതിസാഹസികമായി മോചിപ്പിച്ച് തുർക്കികൾ തങ്ങളുടെ സാമ്രാജ്യം സ്ഥാപിച്ച ചരിത്രം

ഏ. ക്യു. മഹ്ദി

ഉസ്മാനിയാ സാമ്രാജ്യത്തിലെ ഏഴാം ഖലീഫയായ സുൽത്താൻ മുഹമ്മദ് ഫാത്തിഹ് , പിതാവായ മുറാദ് രണ്ടാമനു ശേഷം ഭരണഭാരമേറ്റ സമയം കോൺസ്റ്റാണ്ടിനോപ്പിൾ പൂർണമായും സ്വന്തം അധീനതയിലാക്കണമെന്ന് ആഗ്രഹിച്ചു. അതിവിപുലമായ തുർക്കി സാമ്രാജ്യവും ലോകം മുഴുവനും പ്രശസ്തിയാർജിച്ച സമയമായിരുന്നു അത്. തുർക്കിയുമായി ഇടക്കിടക്കുണ്ടാകുമായിരുന്ന യുദ്ധങ്ങൾക്ക് കോൺസ്റ്റാണ്ടി നോപ്പിളിന് യൂറോപ്യൻ രാജ്യങ്ങൾ സഹായം എത്തിച്ചിരുന്നത് കരിങ്കടൽ വഴി ബോസ്ഫറസ് കടലിടുക്കിലൂടെയായിരുന്നു. ഈ ആയുധക്കടത്ത് തടയാനായി തുർക്കിയിൽ യൂറോപ്യൻ തീരത്ത് ഭദ്രമായ ഒരു കോട്ട പണിതുയർത്തി സുൽത്താൻ മുറാദ്. ഇതിനിടെ കോൺസ്റ്റാണ്ടിനോപ്പിളും തുർക്കിയുമായി ഒരു യുദ്ധം പൊട്ടിപുറപ്പെട്ടു. കോൺസ്റ്റാണ്ടിനോപ്പിളിന്റെ ശക്തമായ കോട്ട മതിലുകൾ തകർക്കാൻ അന്നുപയോഗിച്ചിരുന്ന സാധാരണ ആയുധങ്ങൾ അപര്യാപ്തമാണെന്നും സുൽത്താൻ മനസ്സിലാക്കി. അന്നോളം ആരും പരീക്ഷിച്ചിട്ടില്ലാത്ത കൂറ്റൻ പീരങ്കി ചെമ്പിൽ നിർമിച്ചു. പാശ്ചാത്യ ലോകത്തെ പോലും ഞെട്ടിച്ചു അന്നീ വൻ യുദ്ധോപകരണം. 300 പൗണ്ട് വരെ ഭാരമുള്ള വെടിയുണ്ട ഒരു മൈൽ അകലെ വരെ ഈ പീരങ്കിയിലൂടെ വിക്ഷേപിക്കാമെന്ന് മനസ്സിലായി. ഒരിക്കൽ ആദ്യ പരീക്ഷണമെന്ന നിലയിൽ ഇത്ര ഭാരമുള്ള വെടിയുണ്ട വിക്ഷേപിച്ചപ്പോൾ അത് വീണ സ്ഥലം ഒരാൾ താഴ്ച്ചയിൽ കുഴിഞ്ഞ് ഒരു ഗർത്തം സൃഷ്ടിക്കപ്പെടുകയും ചെയ്തിരുന്നു. അപ്പോൾ മറ്റൊരു പ്രശ്നം ഉദിച്ചു. കോൺസ്റ്റാണ്ടിനോപ്പിളിന്റെ ഒരു ഭാഗം ഒരു കൊമ്പിന്റെ രൂപത്തിൽ ഉൾക്കടലിൽ കിഴക്കോട്ട് വ്യാപിച്ചു കിടന്നിരുന്നു. ഗോൾഡൻ ഹോൺ (സ്വർണകൊമ്പ്) എന്ന് അറിയപ്പെടുന്ന ആഭാഗത്തിലൂടെയാണ് സാധാരണഗതിയിൽ ആക്രമണം നടത്തി നഗരം കീഴടക്കേണ്ട തുറമുഖവും. നഗര സംരക്ഷണത്തിനായി തുർക്കിയുടെ നാവിക കപ്പലുകൾക്ക് തുറമുഖത്തിലെത്താൻ കഴിയാത്ത വിധം ചങ്ങല കൊണ്ട് ബന്ധിച്ച് ജലമാർഗം തടഞ്ഞുകളഞ്ഞു അവർ. ചങ്ങലകളുടെ സുരക്ഷിതത്വത്തിനായി പടക്കപ്പലുകളും പീരങ്കി പ്പടയും നിലയുറപ്പിച്ചിരുന്നു.

ഈ സന്ദർഭത്തിലാണ് ലോകചരിത്രത്തിൽ പോലും ഇന്നോളം ആരും പരീക്ഷിച്ചിട്ടില്ലാത്ത ഒരു പരിപാടിയെ പറ്റി സുൽത്താൻ മുഹമ്മദ് ഫാത്തിഹ് ചിന്തിച്ചത്. 10 മൈൽ ദൂരം കരയിലൂടെ കപ്പലോടിച്ച് ഗോൾഡൻ ഹോണിലെത്തിക്കുക. അതു നടന്നേ തീരൂ. എങ്ങനെ ഇതു സാധിക്കും? ഇന്നേക്ക് അഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പായിരുന്നു ഈ പരീക്ഷണം എന്നോർക്കണം. പത്തു മൈൽ നീളമുള്ള ഒരു നിരത്തുണ്ടാക്കുക. ആ വഴി മുഴുവൻ കനമുള്ള മരപ്പലകകളിട്ട് ഒരു പ്രതലം സൃഷ്ടിക്കുക എന്നതായിരുന്നു ആദ്യം ചെയ്തത്. ആ മരപ്പലകയുടെ ഉപരിതലത്തിൽ കൊഴുപ്പുപുരട്ടി മിനുസമുള്ളതാക്കുക എന്നതായിരുന്നു സുൽത്താന്റെ എഞ്ചിനിയർമാരുടെ രണ്ടാമത്തെ പരിപാടി. വഴുവഴുപ്പുള്ള ആ പ്രതലത്തിലൂടെ 70 യുദ്ധ കപ്പലുകൾ കൂറ്റൻ പീരങ്കികളടക്കം പരസ്പരം ബന്ധിപ്പിച്ച് പടിപടിയായി നിർത്തി. ഒരോ പടക്കപ്പലിനും രണ്ട് കപ്പിത്താൻ വീതമുണ്ടായിരുന്നു. കപ്പൽപ്പായ വിരിച്ച് നിരവധി മനുഷ്യരുടെയും കാളകളുടേയും സഹായത്താൽ 10 മൈൽ നീളമുള്ള പർവതമേഖ



ല വഴി ഒരു രാത്രി കൊണ്ട് മുറിച്ച് കടന്ന് അവർ ഗോൾഡൻ ഹോണിലെത്തി. ഈ ദൃശ്യം കണ്ട് റോമൻ സൈന്യം പരിഭ്രമിച്ചു പോയി.

ഒരു പ്രശസ്ത പാശ്ചാത്യ പണ്ഡിതൻ ഇതേക്കുറിച്ച് പറഞ്ഞത് 'അദ്ഭുതകരം, 10 മൈൽ ദൂരം കയറ്റവും ഇറക്കവുമുള്ള പ്രയാസമേറിയ വഴി വിജയകരമായി ഇത്രയധികം കപ്പലുകൾ കടത്തി കൊണ്ടുപോയ സാഹസികതയെ ഒരിക്കലും പ്രശംസിക്കാതിരിക്കാനാവില്ല എന്നായിരുന്നു.

സുൽത്താൻ മുഹമ്മദ് ഫാതിഹ് ഗോൾഡൻ ഹോണിനും മുകളിൽ ഒരു പാലം തന്നെ നിർമിച്ചു. പാലത്തിന്റെ വശങ്ങളിൽ കൂറ്റൻ പീരങ്കികളും ഉറപ്പിച്ചു. തെക്കും കിഴക്കും പാടെ ഉപരോധിച്ച ശേഷം തുറമുഖ നഗര ത്തിന്റെ ഉയർന്ന അതിർത്തി മതിൽ ലക്ഷ്യമാക്കി ഉസ്മാനിയാ പീരങ്കികൾ ഗർജിച്ചു. നൂറ്റാണ്ടുകളോളം ശത്രുക്കളുടെ ആക്രമണം ഗംഭീരമായി ചെറുത്തു നിന്ന ആ കോട്ടമതിലുകൾ പീരങ്കിയു ണ്ടകളേറ്റ് തകർന്നു നിലം പൊത്തി. കവാടത്തിനകത്ത് സ്ഥാപിച്ചിരുന്ന നാലു ഗോപുരങ്ങളും ഒപ്പം പൊളിഞ്ഞു.

ഉസ്മാനിയാ സൈന്യം ഈ വിജയ ഗാഥക്കിടയിൽ സുൽത്താൻ മുഹമ്മദ് ഫാത്തിഹ് 1453 മെയ് 29ന് കോൺസ്റ്റാണ്ടിനോപ്പിളിൽ നിന്ന് ഒരു സന്ദേശമയച്ചു.

ഇപ്പോൾ ആയുധം വച്ചു കീഴടങ്ങിയാൽ പ്രജകളുടെ ജീവനും സ്വത്തും സു രക്ഷിതമായിരിക്കും. ഇല്ലെങ്കിൽ വലിയൊരു നാശത്തെ നേരിടാൻ ഒരുങ്ങിക്കൊള്ളുക.

റോമാ ചക്രവർത്തി ഈ സന്ദേശം അംഗീകരിക്കാൻ കൂട്ടാക്കിയില്ല. അവസാനം ആക്രമണം നടത്താൻ തീരുമാനമെടുത്ത മുഹമ്മദ് ഫാത്തിഹ്, പ്രഭാത നമസ്ക്കാരവേള കഴിഞ്ഞ് അന്തിമ പോരാട്ടത്തിന് ആഹ്വാനം നൽകി.

യുദ്ധ പ്രഖ്യാപന വേളയിൽ അദ്ദേഹം തന്റെ സേനാംഗങ്ങളോട് പറഞ്ഞു.

'നമുക്കിന്ന് ആയാ സോഫിയയിൽ (കോൺസ്റ്റാണ്ടിനോപ്പിൾ ) സുഹർ നസ്കരിക്കാം, ഇൻശാ അല്ലാഹ്..'

യുദ്ധം കൊടുമ്പിരിക്കൊണ്ടു. ഇരു വിഭാഗങ്ങളും വീറോടെ പൊരുതി. ഉസ്മാനിയാ പോരാളികൾക്ക് മുമ്പിൽ പതറിപ്പോയ തന്റെ സേനാംഗങ്ങൾ തിരിഞ്ഞോടുന്നത് കണ്ട് റോമാ ചക്രവർത്തി നിരാശനായി.. ഉസ്മാനീ പടയോടു പൊരുതിയ റോമാ ചക്രവർത്തി യുദ്ധ രംഗത്തു തന്നെ മരിച്ചു വീണു.

സാന്താസോഫിയായിൽ കയറി സുൽത്താൻ മുഹമ്മദ് ഫാത്തിഹ് സുഹർ നമസ്ക്കരിച്ചു. കോൺസ്റ്റാണ്ടിനോപ്പിൾ കീഴടക്കിയ സുൽത്താൻ ആ സ്ഥലത്തിന് ഒരു പുതിയ പേരും നൽകി. 'ഇസ്ലാം ബോൾ' എന്ന്. ഇസ്ലാം നിറഞ്ഞു നിൽക്കുന്ന സ്ഥലം എന്നർഥം. ആ പേര് ലോപിച്ചാണത്രേ ഇസ്താമ്പൂൾ ആയി തീർന്നത്. സീസർ എന്ന സ്ഥാന പേരു പോലും റോമാചക്രവർത്തിക്കില്ലാതായി. സീസർ മരിച്ചാൽ മറ്റൊരു സീസറില്ല എന്ന നബി വചനം സാർഥകമായി. മരിക്കും മുമ്പേ സ്ഥാനം ഒഴിയലായിരുന്നു സീസർമാരുടെ പതിവ്. ഇവിടെയാകട്ടെ സീസർ യുദ്ധ രംഗത്ത് വച്ച് തന്നെ മരണ മടയുകയായിരുന്നുവല്ലോ!

മുഹമ്മദ് രണ്ടാമന്റെ മരണ ശേഷം സുൽത്താൻ ബായസീദ് രണ്ടാമൻ



സുൽത്താൻ മുഹമ്മദ് ഫാത്തിഹ്

സാമ്രാജ്യം ചലിപ്പിച്ചു. 1512–1520 കാലത്തായിരുന്നു ഇത്. അദ്ദേഹത്തിന് ശേഷം പിന്നീട് സുൽത്താൻ സലീം രണ്ടാമൻ രാജ്യം ഭരിച്ചു. ഇതു വരെ യൂറോപ്പിൽ വിജയക്കൊടി നാട്ടിയ തുർക്കി ചരിത്രത്തിൽ സലീം ഒരു മാറ്റമുണ്ടാക്കി. തുർക്കി ചരിത്രത്തിലെ ഒരു വഴിത്തിരിവ്. അദ്ദേഹം കിഴക്ക് ഭാഗത്തേക്ക് ആണ് പടയോട്ടം നടത്തിയത്. കിഴക്ക് ഇറാനിൽ ഷാ ഇസ്മീൽ സഫവിയുടെയും , ഈജിപ്തിൽ അടിമ വംശത്തിന്റെ ഭരണ കാലവും ഉസ്മാനിയാ സാമ്രാജ്യത്തിനെതിരിൽ ഇരു വിഭാഗങ്ങളും ഒരു കരാറിൽ ഏർപ്പെട്ടിരുന്ന സമയമായിരുന്നു അത്. രാജ കുടുംബത്തോട് ഇടഞ്ഞു നിന്ന ചില ഉസ്മാനീ രാജകുമാരന്മാരെ സ്വാധീനിച്ച് കിഴക്കൻ രാജ്യങ്ങൾ അവരിൽ ചിലർ കൈവശപ്പെടുത്തി വലയിലാക്കുകയും ചെയ്തിരുന്നു.

ചക്രവർത്തി സലീം 1514 ൽ ഷിയാ രാജാവായ ഈസ്മായീൽ സഫവിയെ തോൽപ്പിച്ച് അദ്ദേഹത്തിന്റെ തലസ്ഥാനമായ തബ്രീഗ് നഗരം പിടിച്ചടക്കി. ഇസ്മായീലിന്റെ സിംഹാസനം പോലും സലീം ഇളക്കിയെടുത്ത് സ്വന്തം രാജ്യത്തേക്ക് കൊണ്ടു വന്നു. ഇസ്താംബൂളിലെ തോപ്ഖാപെ മ്യൂസിയത്തിൽ ആ സിംഹാസനം ഇന്നൊരു പ്രദർശന വസ്തുവാണ്.

പിന്നീട് സലീം ഈജിപ്ത് കീഴടക്കി തലസ്ഥാനമായ കെയ്റോ കൈവശപ്പെടുത്തി. അദ്ദേഹത്തിന്റെ കാലത്ത് ഉസ്മാനിയാ സാമ്രാജ്യം ലോകത്തിലെ വൻ ശക്തിയായി മാറി.

സലീമിന്റെ ഭരണ കാലത്ത് തുർക്കികൾ പോലും അദ്ദേഹത്തെ 'യാവൂസ്' അഥവാ ഭീകരൻ എന്ന് വിളിച്ചു. കെയ്റോവിലും മറ്റും ചക്രവർത്തി സലീം നടത്തിയ ക്രൂരമായ കൂട്ടക്കൊലകൾ അദ്ദേഹത്തിന്റെ പേരിന് കളങ്കം വരുത്തി.

സ്പെയിനിലെ മുസ്ലിംകളെ ക്രിസ്തീയ ഭരണകർത്താക്കൾ ക്രൂരമായി പീഡിപ്പിച്ച് പോൾ, തന്റെ ഭരണത്തിന് കീഴിലുള്ള മുസ്ലിം പ്രജകളെ പീഡിപ്പിക്കാൻ സുൽത്താന സലീം ഒരുങ്ങി. ഇസ്ലാമിക ഭരണത്തിൻ കീഴി ലെ അമുസ്ലിം പ്രജകളെ പീഡിപ്പി ക്കുന്നത് ശരീഅത്തിന് വിരുദ്ധമാണെന്ന് പറഞ്ഞ് അന്നത്തെ ശൈഖുൽ ഇസ്ലാം സുൽത്താനെ തടയുകയും താക്കീത് ചെയ്യുകയും ചെയ്തു.

സലീമിന് ശേഷം മകൻ സുലൈമാൻ ഭരണഭാരമേറ്റു. എ. ഡി. 1520–1566 കാലഘട്ടമാണ് സുലൈമാന്റേത്. സുൽത്താൻ സുലൈമാൻ പഴയ പല നിയമങ്ങളും കാലോചിതമായി പരിഷ്ക്കരിച്ചു. ചില ഭരണ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി. ഈ കാരണത്താൽ തുർക്കികൾ അദ്ദേഹത്തെ 'ഖാനൂനി'എന്നും വിളിച്ചു. പേർഷ്യൻ തുർക്കി ഭാഷകളിൽ അദ്ദേഹം കവിതകൾ രചിച്ചിരുന്നു. വിജ്ഞാനത്തിനും കലയ്ക്കും സാഹിത്യത്തിനും വളരെയേറെ സംഭാവനകൾ നൽകിയ ഒരു ഭരണാധികാരിയായി സുൽത്താൻ സുലൈമാൻ ചരിത്രത്തിൽ അറിയപ്പെട്ടു. അക്കാലത്ത് തന്നെ അദ്ദേഹം ചെറിയ ഒരു ദിനപത്രവും നടത്തിയിരുന്നു. അന്ന് ക്രിസ്ത്യൻ യൂറോപ്പ് തുർക്കിക്കെതിരെ പല തരത്തിലുള്ള അസ്വാരസ്യങ്ങളും സൃഷ്ടിച്ച് വളരെയേറെ ബുദ്ധിമുട്ടുകൾ നൽകി സാമ്രാജ്യത്തെ ദ്രോഹിച്ചു കൊണ്ടിരുന്നു ഇതിൽ സഹികെട്ട സുലൈമാൻ പല കുറി യൂറോപ്പിനെ നേരിടാൻ പടയൊരുക്കം നടത്തുക യുണ്ടായി. അത്തരം സന്ദർഭങ്ങളിലൊക്കെ തുർക്കിക്കെതിരെ പടനയി ക്കാൻ

ഖുത്ബ പേജ് 12ൽ നിന്ന് തുടർച്ച

യോടുള്ള സ്നേഹം കാരണമായിരിക്കണം നാം സ്വലാത്ത് ചൊല്ലേണ്ടത് എന്ന കാര്യവും വിസ്മരിക്കാൻ പാടില്ല. ഈ സ്നേഹമാകണം എല്ലാത്തിലും മികച്ചു നിൽക്കേണ്ടത്. സ്വലാത്ത് ചൊല്ലേണ്ടതിന്റെ ഉദ്ദേശ്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഒരു സദസ്സിൽ കാര്യങ്ങൾ വിവരിച്ചുകൊണ്ട് തുടർന്ന് പറയുകയാണ്. ''കാരുണ്യവാനായ അല്ലാഹു തന്റെ സമ്പൂർണ അനുഗ്രഹങ്ങൾ പ്രവാചകൻ (സ) യിൽ കനിഞ്ഞരുളുകയും അദ്ദേഹത്തെ മുഴുലോകത്തിനും അനുഗ്രഹമാക്കിത്തീർക്കുകയും ചെയ്യട്ടെ എന്ന ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം സ്വലാത്ത് ചൊല്ലേണ്ടത്. അദ്ദേഹത്തിന്റെ അന്തസ്സും മഹത്വവും ഈ ലോകത്തും പരലോകത്തും അല്ലാഹു പ്രകടമാക്കട്ടെ. ഈ ദുആ പൂർണ ഹൃദയസാന്നിധ്യത്തോടെ ആയിരിക്കണം ചെയ്യേണ്ടത്. പ്രയാസത്തിൽ അകപ്പെട്ട വ്യക്തി ഹൃദയസാന്നിധ്യത്തോടെ പ്രാർഥിക്കുന്നതുപോലെ. ഇതിനെക്കാളും കൂടുതൽ ഉള്ളുരുക്കത്തോടെയായിരിക്കണം ഈ ദുആ ചെയ്യേണ്ടത്. തനിക്ക് വേണ്ടി ഒന്നും ആഗ്രഹിക്കരുത്. ഇന്ന ആഗ്രഹം സാധിക്കണമെന്നോ ഇന്ന പദവി ലഭിക്കുമെന്നോ ഉള്ള ചിന്ത ഉണ്ടായിരിക്കരുത്. അല്ലാഹുവിന്റെ സമ്പൂർണ അനുഗ്രഹങ്ങൾ ഹദ്റത്ത് റസൂൽ (സ) ൽ ഇറങ്ങട്ടെ എന്നും അദ്ദേഹത്തിന്റെ മഹത്വം ഈ ലോകത്തും പരലോകത്തും പ്രശോഭിതമായിത്തീരാനും വേണ്ടി ആയിരിക്കണം ഇത് ചെയ്യേണ്ടത്. ഇതിനെക്കാളും ഉന്നതമായ ആഗ്രഹം തന്റെ ഹൃദയത്തിൽ ഉണ്ടാകാൻ പാടില്ല.'' ഇതാണ് തിരുമേനി(സ)യോടുള്ള സ്നേഹം.

ഒരു കത്തിൽ എഴുതുന്നു: ഈ കത്ത് മീർ അബ്ബാസ് അലി സാഹിബിനാണ് എഴുതിയിരുന്നത്. ഈ വ്യക്തി പിന്നീട് മുർത്തദായിപ്പോയിരുന്നു. പറയുന്നു: ''താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരി ക്കേണ്ടതാണ്. തന്റെ പ്രിയപ്പെട്ടവർക്കായി അനുഗ്രഹങ്ങൾ ആശിക്കുന്നതുപോലെ പൂർണ താത്പര്യത്തോടും ആവേശത്തോടും കൂടി തിരുനബി(സ)ക്കായി അനുഗ്രഹങ്ങൾ തേടുക. ശക്തമായ ഹൃദയനൊമ്പരത്തോടെ ഇത് തേടണം. ഈ ഹൃദയനൊമ്പരത്തിലും പ്രാർഥനയിലും അല്പം പോലും പ്രകടനാത്മകത ഉണ്ടാകരുത്. തിരുനബി (സ) യോട് യഥാർഥമായ സൗഹൃദവും സ്നേഹവും ഉണ്ടായിരിക്കേണ്ടതാണ്. ആത്മാവിന്റെ അന്തരാളങ്ങളിൽനിന്നും സത്യസന്ധമായി നിർഗളിക്കുന്ന പ്രാർഥനയിലൂടെ തിരുനബിക്കായി അനുഗ്രഹങ്ങൾ തേടുക. മനുഷ്യൻ ഒരിക്കലുംക്ഷീണിക്കുകയോ, അലസനാകുകയോചെയ്യില്ല എന്നതാണ് വ്യക്തിപരമായ ബന്ധവും സ്നേഹവും ഉണ്ടെന്നതിനുള്ള അടയാളം. അതിൽ ദേഹേച്ഛയുടെ ലാഞ്ചന പോലും ഉണ്ടാകുകയും അരുത്. തിരുനബി (സ) യിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്ക പ്പെടുന്നതിനു വേണ്ടി മാത്രമായിരിക്കണം സ്വലാത്ത് ചൊല്ലുന്നത്.''

ഒരു സദസ്സിൽ ആ മഹാത്മാവ് പറയുന്നു: ''സ്വലാത്ത് ചൊല്ലുന്നതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അത്യദ്ഭുതകരമായ രീതിയിൽ പ്രകാശരൂപത്തിൽ തിരുനബി (സ) യിലേക്ക് പോകുന്നു. ആ പ്രകാശം അവിടെ എത്തിയ തിനു ശേഷം അത് തിരുനബി(സ)യുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നു. അതിൽ നിന്ന് അനന്തമായ അരുവികൾ പുറപ്പെടുന്നു. ഓരോരുത്ത രുടെയും ശേഷിക്കനുസരിച്ച് അതിൽ നിന്നും ഓരോരുത്തർക്കും അവരുടെ പങ്ക് ലഭിക്കുന്നു. ഒരു ആത്മീയാനുഗ്രഹവും തിരുനബി (സ) മുഖേനയല്ലാതെ ആരിലും തന്നെ എത്തുകയില്ല. എന്താണ് സ്വലാത്ത് ? ഈ പ്രകാശത്തിന്റെ അരുവികൾ നിർഗളിക്കുന്ന തിരുനബി(സ)യുടെ അർശിനെ പ്രകമ്പനം കൊള്ളിപ്പിക്കുകയാണ് അത്. ആരാണോ അല്ലാഹുവിന്റെ

---

ഇറാൻ ഒരുമ്പെടുമായിരുന്നു. യൂറോപ്യർ തന്നെയായിരുന്നു ഇറാനെ ക്കൊണ്ട് ഈ നടപടികൾ ചെയ്യിച്ചിരു ന്നത്. അതിനാൽ യൂറോപ്പിനെതിരെ തിരിയാൻ തുർക്കിക്ക് യാതൊരു സാവകാശവും ലഭിച്ചിരുന്നില്ല.

എങ്കിലും കേവലം 26 വയസ്സുള്ള സുലൈമാൻ രാജകുമാരൻ 1521 ൽ ബൽഗ്രേഡും 1526 ൽ ബുഡാപെസ്റ്റും കീഴടക്കി. അസർ ബൈജാൻ അർമീനിയ എന്നിവയും കീഴടക്കി. 1534ൽ ഇറാനിൽ നിന്ന് അദ്ദേഹം ബാഗ്ദാദും തിരിച്ചു പിടിച്ചു. അസർബൈജാൻ, അർമീനിയ എന്നിവ കീഴടക്കിയ സുൽത്താൻ സുലൈമാന്റെ സൈന്യം ഇസ്ഫഹാൻ വരെ മുന്നേറി.

എ. ഡി . 1538 ൽ യമനിലും ഏഡനിലും അധീശത്വം സ്ഥാപിച്ച സുലൈമാൻ ട്രിപ്പോളിയും അൾജീ രിയയും ടുണീഷ്യയും സ്വന്തമാക്കി. അപ്പോഴേക്കും ഉസ്മാനിയാ ഖിലാഫത്തിന്റെ വിശ്രുതി വളരെ വിപുലമായിരുന്നു.

സുൽത്താൻ സുലൈമാനു ശേഷം വളരെ കഴിവു കുറഞ്ഞ ഒരു ഭരണാധികാരിയായി മകൻ സലീം രണ്ടാമൻ ഭരണമേറ്റു. 1566 മുതൽ 1574 വരെ സലീം രണ്ടാമൻ രാജ്യം ഭരിച്ചു.

ശരിക്കു പറഞ്ഞാൽ തുർക്കിയുടെ രണശൂരത്വവും പ്രതാപവും കെട്ടടങ്ങിപോയിട്ടുണ്ടായിരുന്നു. ഏ.ഡി. 1571, 1683-കളിലെ യുദ്ധങ്ങളിൽ പരാജയം ഏറ്റുവാങ്ങിയ തുർക്കി അധഃപതനത്തിന്റെ വക്കിലെത്തുകയും ചെയ്തു. 18-ാം നൂറ്റാണ്ടിലെ ഉസ്മാനിയാ രാജവംശത്തിന്റെ അത്യാഢംബര ജീവിതം തുർക്കിയെ ആകെ ക്ഷയിപ്പിച്ചു. ഇസ്ലാമിക സാമ്രാജ്യം തകർച്ചയുടെ അടിത്തട്ടിലെത്തി.

ഏ. ഡി. 1876 ൽ അധികാരത്തിൽ വന്ന ഖലീഫ സുൽത്താൻ അബ്ദുൽ ഹമീദിനെതിരെ 1890 ൽ പട്ടാള വിപ്ളവം നടന്നു. വിദ്യാർഥികൾ പങ്കു വഹിച്ച ഈ വിപ്ളവത്തിലൂടെയാണ് ചരിത്രത്തിലും ഭാഷാ പ്രയോഗത്തിലും യുവതുർക്കികൾ എന്ന പേരു പോലും വന്നത്.

1990 ൽ സുൽത്താൻ അബ്ദുൽ ഹമീദ് അധികാരത്തിൽ നിന്ന് പുറത്തായി. ഭരണം ഏറ്റെടുത്ത മകൻ അമീർ അബ്ദുൽ ഖാദർ സുഖലോലുപമായ ഒരു ജീവിതമാണ് നയിച്ചത്. ഈ അലസ ജീവിതത്തിനിടയിൽ കാര്യമായ ഭരണം നടത്താൻ സുൽത്താന് ഒട്ടും സമയമുണ്ടായില്ല. 600 നീണ്ട വർഷങ്ങൾ വലിയൊരു സാമ്രാജ്യ സൃഷ്ടിയുടെ പിൻബലത്തിൽ ഇസ്ലാമിക ഖിലാഫത്തിന്റെ സിരാ കേന്ദ്രമായി പരിലസിച്ച തുർക്കിയും ആ ദേശത്തിന്റെ ശാസ്ത്രസാങ്കേതിക തലസ്ഥാനമായിരുന്ന ഇസ്താംബൂളും പൊലിഞ്ഞ വസാനിച്ചു. അര സഹസ്രാബ്ദത്തിലേറെ നീണ്ടു നിന്ന തുർക്കി ഇസ്ലാമിക ഖിലാഫത്തിന് അങ്ങനെ അന്ത്യം കുറിക്കപ്പെട്ടു.

ഉസ്മാനിയാ സാമ്രാജ്യത്തിന്റെയും എ. ഡി. 1288 മുതൽ 1909 വരെയുള്ള 621 വർഷങ്ങളുടെ ഇസ്ലാമികതുർക്കിയുടെ വീരേതിഹാസങ്ങളുടെയും ഒടുവിൽ സംഭവിച്ച തകർച്ചയുടെ ചരിത്രമാണ് ഇക്കഴിഞ്ഞ പേജുകളിൽ നിങ്ങൾ വായിച്ചത്. ഇനി അത് കഴിഞ്ഞ് ഇരുപതാം നൂറ്റാണ്ടിലെ ആധുനിക തുർക്കിയുടെ ചരിത്ര സംഭാവനകളെക്കുറിച്ച് അടുത്ത ലക്കത്തിൽ വായിക്കാം. (തുടരും)

അനുഗ്രഹം കരസ്ഥമാക്കാൻ ആഗ്രഹി ക്കുന്നത്, അവർ കൂടുതലായി സ്വലാത്ത് ചൊല്ലി ക്കൊണ്ടിരിക്കേണ്ടതാണ്. അതു മുഖേന ഈ അനുഗ്രഹത്തെ ചലനാത്മ കമാക്കി മാറ്റേണ്ടതാണ്."

"തിരുനബി (സ) യുടെ അനുഗൃഹീത നാവിൽ നിന്നും പുറപ്പെട്ട സ്വലാ ത്താണ് ഏറ്റവും ഉത്തമമായിട്ടുള്ളത്.

മറ്റെല്ലാ സ്വലാത്തിനെക്കാളും ഏറ്റവും അനുഗ്രഹീതമായ സ്വലാത്ത് ഇതാണ്. ഈ വിനീതനും ഇതാണ് ചൊല്ലാറുള്ളത്. ഇത്ര എണ്ണം വേണമെന്ന് നിർബന്ധമില്ല. ആത്മാർഥതയോടും സ്നേഹത്തോടും ഭക്തി നിർഭരമായും ചൊല്ലേണ്ടതാണ്. ഹൃദയസാന്നിധ്യവും ഉള്ളുരുക്കവും ഏകാഗ്രതയും ലഭിക്കുന്നതുവരെ ചൊല്ലിക്കൊണ്ടിരിക്കുക. അങ്ങനെ ഹൃദയത്തിൽ ഒരു വിശാല തയും താത്പര്യവും ഉണ്ടാകുമാറാകട്ടെ."

തിരുനബി(സ)യിൽ സ്വലാത്ത് അയ ക്കുന്നത് കൊണ്ട് എന്താണ് യുക്തിയു ള്ളതെന്ന് വിവരിച്ചുകൊണ്ട് പറയുന്നു: "തിരുനബി (സ) യ്ക്ക് മറ്റാരുടെയും പ്രാർഥനയുടെ ആവശ്യമില്ല. എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന രഹസ്യ മിതാണ്. ഏതെങ്കിലും ഒരാൾ വ്യക്തിപരമായ സ്നേഹം കാരണം മറ്റൊരാൾക്ക് അനുഗ്രഹം ആശംസിക്കു മ്പോൾ ആ വ്യക്തി വ്യക്തിപരമായ സ്നേഹബന്ധം കാരണം താൻ അനുഗ്രഹ ങ്ങൾ ആശംസിക്കുന്ന വ്യക്തി യുടെ അസ്തിത്വ ത്തിന്റെ ഒരു ഭാഗമായിത്തീ രുന്നു. തിരുനബി (സ) യിൽ അല്ലാഹു വിന്റെ അതിരറ്റ അനുഗ്രഹങ്ങൾ വർഷിക്കു ന്നതു കാരണം സ്വലാത്ത് ചെല്ലുന്നവർക്ക് തിരുനബി (സ) യുമായി വ്യക്തി ബന്ധത്തി ന്റെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും അവരുടെ ആവേശത്തിന്റെയും താത്പര്യ ത്തിന്റെയും അളവനുസരിച്ച് അനുഗ്രഹ ങ്ങൾ ലഭ്യമാകുന്നു. എന്നാൽ ആത്മീയ മായ ആവേശത്താലും വ്യക്തി സ്നേഹത്താലും അല്ലാതെ ഈ അനുഗ്രഹങ്ങൾ അല്പമായേ പ്രകടമാക്കു കയുള്ളൂ."

ഹദ്റത്ത് മസീഹ് മൗഊദി(അ)ന് എഴുതിയ ചില അറബി കവിതകൾ കേൾപ്പി ക്കുന്നതാണ്. അതിൽ റസൂൽ(സ) തിരുമേനി യുടെ മഹത്വം, പദവി, വിശുദ്ധീക രിക്കുന്ന ശക്തി, റസൂൽ(സ)തിരുമേനി യോടുള്ള സ്നേഹം, ഈ സ്നേഹം ഉണ്ടാ യിട്ടു കൂടി സമൂഹം അദ്ദേഹത്തിനോട് എങ്ങനെയാണ് പെരുമാറുന്നത് എന്നെല്ലാം ഇതിൽ നിന്ന് മനസ്സിലാകുന്നതാണ്. ഞാൻ ഇതുവരെ കേൾപ്പിച്ചതിൽ നിന്നും സ്നേഹ മല്ലാതെ മറ്റൊന്നും തന്നെ നിർഗളിക്കുന്നില്ല. എന്നിട്ടും ബഹുഭൂരിഭാഗം മുസ്ലിംകളും അദ്ദേഹത്തെ എതിർക്കുകയാണ് ചെയ്യു ന്നത്. പറയുന്നു,

മുഹമ്മദ് (സ) സൃഷ്ടികുലോത്ത മനാണ്. വന്ദ്യരിൽ വന്ദ്യനും, വരിഷ്ഠരിൽ വരിഷ്ഠനുമത്രെ.

അല്ലാഹു സാക്ഷി, നിശ്ചയമായും മുഹമ്മദ് (സ) അല്ലാഹുവിന്റെ പ്രതിനി ധിക്കു സമാനമാണ്. അല്ലാഹുവിന്റെ സന്നിധിയിലേക്കുള്ള പ്രവേശം അവി ടുന്ന് മുഖേന മാത്രമേ സുസാധ്യമാവുകയുള്ളൂ.

എനിക്ക് ജീവൻ ലഭിച്ചിട്ടുള്ളത് തിരുനബി (സ) ജീവിപ്പിച്ചതുകൊണ്ടു തന്നെയാണ്. സുബ്ഹാനല്ലാഹ്. തിരുമേനി എന്നെ ജീവിപ്പിച്ചത് എത്രമാത്രം അമാനുഷിക ദൃഷ്ടാന്തമാണ്.

അല്ലയോ, എന്റെ യജമാനരേ! അങ്ങയുടെ വാതിൽക്കൽ മർദിതനും ദു:ഖിതനുമായിതാ ഞാൻ വന്നിരിക്കുന്നു. എന്റെ സമൂഹം എന്നെ കാഫിർ എന്ന് വിളിച്ചു, എന്നെ വേദനിപ്പിച്ചിരിക്കുകയാണ്.

അങ്ങേയറ്റത്തെ ആർഗ്രതയോടും കാരുണ്യത്തോടും കൂടി അങ്ങ് എന്റെ നേരെ ദൃഷ്ടി പതിപ്പിച്ചാലും. എന്റെ യജമാനരേ, അങ്ങയുടെ ഭൃത്യന്മാരിൽ ഏറ്റവും നിസ്സാരനായിട്ടുള്ളവനത്രെ ഞാൻ.

ആവേശത്തള്ളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെദേഹം വെമ്പൽ കൊള്ളുകയാണ്. അഹോ എനിക്ക് പറക്കാനുള്ള കെൽപ്പു ണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുന്നു.

തിരുനബി(സ)യോടുള്ള സ്നേഹ ത്തിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ കേൾപ്പിച്ചത്. ഇതിൽ സമൂഹം വേദനിപ്പി ക്കുന്നതിനെക്കുറിച്ചും ഇടക്ക് പറ യാറുണ്ടായിരുന്നു. അല്ലാഹു തആല നമുക്ക് യഥാർഥ രീതിയിൽ തിരുനബി(സ)യുടെ യഥാർഥ സ്ഥാനവും മഹത്വവും മനസ്സിലാ ക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അവസാനമായി മുസ്ലിം ഉമ്മത്തിന് വേണ്ടി ദുആ ചെയ്യാൻ കൂടി ഞാൻ അപേക്ഷിക്കുകയാണ്. ഇവർ നമ്മേ എന്തും പറഞ്ഞുകൊള്ളട്ടെ. എന്തു തന്നെ നമ്മേക്കുറിച്ച് മനസ്സിലാക്കിക്കൊള്ളട്ടെ. ഇവരിൽ ഭൂരിഭാഗവും അജ്ഞത കാരണം, പണ്ഡിതരോടുള്ള ഭയം കാരണം ജമാഅത്തിനെ എതിർ ക്കുകയാണ്. എന്നാൽ ഇവർ നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുമായി തങ്ങളെ ബന്ധിപ്പിക്കുന്നവരാണ്. അതുകൊണ്ട്, വിങ്ങി നീറുന്ന ഇപ്പോഴുള്ള അവരുടെ അവസ്ഥയിൽ നിന്നും മോചനം ലഭിക്കാ നായി നാം പ്രാർഥിക്കേണ്ടതാണ്. അല്ലാഹു അവരെ രക്ഷിക്കട്ടെ. മുസ്ലിം നാടുകളിൽ ഭൂരിഭാഗവും ഇങ്ങനെയുള്ള അവസ്ഥയിലൂടെയാണ് കടന്നു പോകുന്നത്. ആഭ്യന്തര കലഹവും തർക്കവും അവരെ നാശത്തിന്റെ വക്കി ലാണ് കൊണ്ടെത്തിച്ചിരിക്കുന്നത്. അല്ലാഹു ഇവരോട് കരുണ ചെയ്യട്ടെ. അവർക്ക് ഇതിൽ നിന്നും മോചനം നൽകട്ടെ. ഇവരുടെ രാഷ്ട്രീയ പ്രവർത്തകരിലും നേതാക്കന്മാരിലും ദൈവഭയമോ നീതിബോധമോ ഇല്ല. ഇതെല്ലാം അല്ലാഹു അവരിൽ ഉണ്ടാക്കട്ടെ. ഇവരുടെ പൊതുജനങ്ങൾ തെറ്റായ നേതൃത്വത്തിന്റെ പിന്നാലെ നടന്ന് തങ്ങളുടെ നാടിനോടുള്ള സ്നേഹ പ്രകടനം തെറ്റായ രീതിയിൽ പ്രകടിപ്പിച്ചുകൊണ്ട് ദേശസ്നേഹത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. നാടിന് നഷ്ടമാണ് ഇവർ വരുത്തിവെക്കുന്നത്. അല്ലാഹു ഇവർക്കും നീതിപൂർവം ദേശസ്നേഹം പ്രകടിപ്പിക്കാനുള്ള തൗഫീഖ് നൽകട്ടെ. വളരെ അപകടകരമായ ഒരു സ്ഥിതി വിശേഷത്തിലാണ് കാര്യങ്ങൾ ചെന്നെത്തുന്നതെന്ന് മനസ്സിലാക്കാവു ന്നതാണ്. ഇവർക്കുള്ള ഈ കുറഞ്ഞ സ്വാതന്ത്ര്യം ഇതേ അവസ്ഥ തുടർന്ന് പോവുകയാണെങ്കിൽ ഇത് സ്വേച്ഛാധിപ ത്യത്തിലേക്ക് മാറ്റപ്പെടുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് വളരെയധികം ദുആ ചെയ്യേണ്ടതാണ്. ഇസ്ലാമിന്റെ പേരിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വിവിധ സംഘടനകളുടെ പ്രവർത്ത നങ്ങൾ അല്ലാഹുവിനെയും തിരുനബിയെയും ഇസ്ലാമിനെയും അപകീർത്തിപ്പെടു ത്താൻ കാരണമായി മാറിക്കൊണ്ടിരിക്കു കയാണ്. അല്ലാഹു ഇവരിൽ നിന്നും ഈ ഉമ്മത്തിന് മോചനം നൽകുമാറാകട്ടെ. ലോകത്തിന് മോചനം ലഭിക്കട്ടെ. ഇവർ ലോകത്തിന് തന്നെയും ഭീഷണിയായി തീർന്നിരിക്കുകയാണ്. ഇവർ ഇസ്ലാമിന്റെ മനോഹര മുഖത്തെ വികൃതമാക്കാനാണ് ശ്രമിക്കുന്നത്. ഇസ്ലാമിന്റെ മനോഹര സന്ദേശത്തെ എല്ലാവരിലും എത്തി ക്കാനുള്ള ജമാഅത്തിന്റെ പ്രയത്നത്തിന്റെ മുന്നിൽ ഇവരുടെ ഈ നീചമായ പ്രവർത്തനങ്ങളും വരുന്നു. ഇസ്ലാമിന്റെ എതിരാളികൾ അവരുടെ പ്രവർത്തനമാണ് നമ്മുടെ മുമ്പാകെ സമർപ്പിക്കുന്നത്. ഇവരിൽ നിന്നും അല്ലാഹു നമുക്ക് രക്ഷ നൽകട്ടെ. അല്ലാഹു നമുക്കും പ്രവാചക സ്നേഹത്തിൽ മുന്നോട് ഗമിക്കാൻ തൗഫീഖ് നൽകട്ടെ. നമ്മുടെ കടമകളും ബാദ്ധ്യതകളും നിറവേറ്റാൻ തൗഫീഖ് നൽകട്ടെ.

വിവർത്തനം : മൗലവി എം.നാസിർ അഹ്മദ്, കൊടിയത്തൂർ.

കുറിപ്പുകൾ

# പോപ്പ് ബനഡിക്റ്റിന്റെ രാജിയും അനന്തരവും

മുസാഫിർ



**120** കോടി കത്തോലിക്കരുടെ ആത്മീയാചാര്യൻ അഭിവന്ദ്യനായ പോപ്പ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ കത്തോലിക്കാസഭയുടെ തന്റെ പരമാദ്ധ്യക്ഷ സ്ഥാനം ത്യജിച്ചതായി വത്തിക്കാൻ അറിയിച്ചു. ഈ പ്രസ്താവന ഞെട്ടലോടെയാണ് ലോകം ശ്രവിച്ചത്. ആധുനിക കാലത്തൊന്നും മാർപാപ്പമാർ രാജി വെച്ചതായറിവില്ല. 2000ത്തോളം വർഷത്തെ സഭയുടെ ചരിത്രത്തിൽ 5 മാർപാപ്പമാർ മാത്രമാണ് സ്ഥാനത്യാഗം നടത്തിയത്. 600 വർഷങ്ങൾക്ക് മുമ്പ് 1415 ൽ ഗ്രിഗറി പന്ത്രണ്ടാമനാണ് അവസാനം സ്ഥാന ത്യാഗം ചെയ്ത മാർപാപ്പ. പ്രായാധി ക്യവും അനാരോഗ്യവുമാണ് തന്റെ രാജിക്ക് കാരണമെന്ന് പോപ്പ് ബനഡിക്ട് വിശദമാക്കുകയുണ്ടായി. അദ്ദേഹത്തിന് 85 വയസ്സായി. ഫിബ്രവരി 28 ന് അദ്ദേഹം ഔദ്യോഗികമായി സ്ഥാനമൊഴിഞ്ഞു. അതിന് ശേഷം 20 ദിവസത്തിനുള്ളിൽ അതായത് മാർച്ച് 20 ന് മുമ്പേ പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കും. മാർപാ പ്പക്ക് മേലധികാരികളില്ലാത്തതിനാൽ സഭാ പാരമ്പര്യമനുസരിച്ച് രാജിക്കത്ത് ആർക്കും കൊടുക്കാറില്ല. രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ അത് എഴുതി വെക്കുക മാത്രമാണ് ചെയ്യുക. ആ കത്തിലെ പ്രഖ്യാപനമാണ് വായിക്കപ്പെട്ടത്.

പോപ്പ് ബനഡിക്റ്റ് പൊതുവേ യൂറോപ്പിന്റെ നിലവാരത്തിൽ യാഥാസ്ഥിതികനായിട്ടാണ് വിലയിരുത്തപ്പെടുന്നത്. കൃത്രിമ ഗർഭധാരണ മാർഗങ്ങൾ ഉപയോഗിക്കുന്നതിനെതിരെ അദ്ദേഹം ശക്തമായി നിലകൊണ്ടു. ഗർഭഛിദ്രത്തിനെതിരെ, വിവാഹേതര ബന്ധങ്ങൾക്കെതിരെ സ്വവർഗരതിക്കെതിരെ, സ്വവർഗ വിവാഹത്തിനെതിരെ ആധുനിക യൂറോപ്പിനെ ഗ്രസിച്ച ലൈംഗിക സംബന്ധമായ എല്ലാ തിന്മകളെയും പോപ്പ് ബനഡിക്റ്റ് ശക്തിയായി എതിർത്തു. അദ്ദേഹത്തിന്റെ രാജി പ്രസ്താവനയിൽ പറഞ്ഞ കാര്യം വളരെ ശ്രദ്ധേയമാണ്. 'വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന ഇക്കാലത്ത് പത്രോസിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി വിശ്വാസ സംരക്ഷണത്തിന് നേതൃത്വം നൽകുവാൻ മനഃശ്ശക്തിക്കൊപ്പം തന്നെ ശാരീരികമായ ആരോഗ്യവും അത്യാവശ്യമാണ്' . എന്ന രാജി പ്രഖ്യാപനത്തിലെ പരാമർശം ക്രൈസ്തവ വിശ്വാസികൾക്കിടയിലും സഭാഘടനയിലുമുണ്ടായിട്ടുള്ള ധാർമിക പ്രശ്നങ്ങളിലേക്ക് തന്നെയാണ് സൂചന നൽകുന്നത്. കർദിനാൾമാർ മുതൽ താഴെക്കിടയിലുള്ള വൈദികർ വരെയുള്ളവരുടെ ലൈംഗിക കുറ്റങ്ങൾ കൊണ്ട് പോപ്പ് പൊറുതിമുട്ടുകയായിരുന്നു. പോപ്പിന്റെ രാജിക്ക് തൊട്ട് മുമ്പ് ഇംഗ്ലണ്ടിലെ ഏറ്റവും സമുന്നതനായ കത്തോലിക്കാ സഭാ നേതാവ് സ്കോട്ടിഷ് ആർച്ച് ബിഷപ്പ് കർദിനാൾ കെയ്ത്ത് ഓബ്രിയന്റെ രാജി ഫിബ്രവരി 18ന് പോപ്പ് സ്വീകരിക്കുകയുണ്ടായി. അദ്ദേഹം തന്റെ കീഴിൽ നടന്നിരുന്ന സെമിനാരിയിലെ വൈദിക വിദ്യാർഥികളോട് മോശമായി പെരുമാറിയെന്നതാണ് കുറ്റം. മോശമായ പെരുമാറ്റം എന്തായിരുന്നുവെന്ന് ഔദ്യോഗികമായി വ്യക്തമാക്കിയിട്ടില്ല. 75 കാരനായ അദ്ദേഹം പോപ്പിനെ തിരഞ്ഞെടുക്കുന്ന കോൺക്ലെവിൽ നിന്ന് വിട്ട് നിൽക്കും. വത്തിക്കാനിൽ നിന്നും വൻ സമ്മർദം ചെലുത്തിയതിനെ തുടർന്നാണ് വിട്ടു നിൽക്കുന്നതെന്നാണ് റിപ്പോർട്ട്. അത് പോലെ ലോസ് ആഞ്ചലസ് കർദിനാൾ റോജർ എം. മഹോണി ലൈംഗികുറ്റത്തിലേർപ്പെട്ട ഒരു പുരോഹിതനെ കുറ്റകൃത്യങ്ങൾ അറിഞ്ഞിട്ടും അത് തടയാൻ ശ്രമിച്ചില്ല അയാൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചു എന്നതാണ് അദ്ദേഹത്തിനെതിരെയുള്ള ആരോപണം. അമേരിക്കയിൽ പുരോഹിതന്മാരുടെ ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായ 508 കേസുകൾ 660 ദശലക്ഷം ഡോളർ തുക നൽകിയാണ് കർദിനാൾ റോജർ എം. മഹോണി ഒത്തുതീർപ്പാക്കിയത്. അതിനിടയിൽ സ്വവർഗാനുരാഗികളായ പുരോഹിതന്മാർക്കെതിയും സാമ്പത്തിക ക്രമക്കേടുകൾക്കെതിരെയും വത്തിക്കാൻ നടത്തിയതും പോപ്പിന്റെ അധീനതയിലുള്ളതുമായ അന്വേഷണ റിപ്പോർട്ടുകൾ വത്തിക്കാനിൽ നിന്നും ചോർന്നു. പോപ്പിന്റെ രാജിക്ക് തൊട്ട് മുമ്പാണ് ഈ സംഭവം. ഇതിനെ തുടർന്ന് പോപ്പിന്റെ പാചകക്കാരനായ പവലോ ഗബ്രിയേൽ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സഭക്കകത്തെ തന്നെ ഈ വിധത്തിലുള്ള പുരോഹിതന്മാരുടെ ലൈംഗിക കുറ്റങ്ങളും സാമ്പത്തിക അഴിമതിയുമാണ് പോപ്പി നെ തളർത്തിക്കളഞ്ഞ സംഭവങ്ങൾ എന്ന് വിലയിരുത്തപ്പെടുന്നു.

പോപ്പ് ബനഡിക്റ്റ് സ്ഥാനാരോഹണം ചെയ്തതിന് ശേഷം ഇസ്ലാമിനെതിരെയും മുഹമ്മദ് നബി(സ)യെകുറിച്ചും നടത്തിയ പ്രകോപനപരമായ

പ്രസ്താവന രൂക്ഷമായ പ്ര തികരണമാണ് മുസ്‌ലിം ലോകത്ത് ഉണ്ടാക്കിയത്. അത്യുന്നത സ്ഥാനത്തിരിക്കുന്ന പോപ്പിനെ പോലെ ആദരണീയനായ വ്യക്തി ഒരിക്കലും മറ്റൊരു മതത്തിലെ വിശുദ്ധ മതപുരുഷനെ സംബന്ധിച്ച് ഇത്തരം പ്രസ്താവന നടത്താൻ പാടില്ലായിരുന്നു.പോപ്പ് സംവാദമാണ് ഉദ്ദേശിച്ചതെങ്കിൽ പ്രാമാണികവും ആധികാരികവുമയ ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ചായിരുന്നു അത് നിർവഹിക്കേണ്ടിയിരുന്നത്. അതിന് പകരം ജീവിതകാലം മുഴുവൻ ഇസ്‌ലാമിനെതിരെ കുരിശു യുദ്ധം നയിച്ച അപ്രശസ്തനായ മാനുവൽ രണ്ടാമൻ എന്ന ഒരു മൂന്നാം കിടക്രിസ്തീയ രാജാവിന്റെ അഭിപ്രായം ഉദ്ധരിച്ചുകൊണ്ടായിരുന്നു അന്നദ്ദേഹം വിമർശനം നടത്തിയത്. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആ വിമർശനത്തിനെല്ലാം ഉചിതമായ മറുപടിയും നൽകിയിരുന്നു. പോപ്പ് പിന്നീട് ഇസ്‌ലാമിനെ സംബന്ധിച്ച അഭിപ്രായങ്ങൾ തന്റേതല്ലെന്നും മറ്റൊരാളുടെ അഭിപ്രായം താൻ ഉദ്ധരിക്കുക മാത്രമാണ് ചെയ്തതെന്നും പറഞ്ഞ് മാപ്പ് ചോദിക്കുകയുണ്ടായി. മുസ്‌ലിം ലോകവുമായി നല്ല ബന്ധത്തിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

കർദിനാൾമാരുടെ ഒരു ഇലക്ട്രൽ കോളേജാണ് പാപ്പൽ കോൺക്ലേവ് എന്ന ഇലക്ഷൻ പ്രക്രിയയിലൂടെ മാർപാപ്പയെ തിരഞ്ഞെടുക്കുന്നത്. ഇലക്ട്രൽ കോളേജിൽ ആകെ 209 കർദിനാൾമാരാണുള്ളത്. 1975 മുതൽ മാറ്റം വരുത്തിയ നിയമപ്രകാരം 80 വയസ്സിൽ താഴെയുള്ളവർക്കാണ് വോട്ടവകാശമുള്ളത്. അവർ 117 പേരാണ്. ഇതിൽ 50 പേർ മുമ്പത്തെ മാർപാപ്പ ജോൺ പോൾ രണ്ടാമൻ കർദ്ദിനാൾമാരായി വാഴിച്ചവരാണ്. 67 പേർ ബനഡിക്റ്റ് മാർപാപ്പ കർദിനാൾ പട്ടം നൽകിയവരുമാണ്. പൊതുവെ യാഥാസ്ഥിതികനെന്ന് അറിയപെട്ട ബനഡിക്റ്റ് പോപ്പ് നിയമിച്ച കർദിനാളന്മാരെല്ലാം യാഥാസ്ഥികരാണെന്ന് വിലയിരുത്തപ്പെടുന്നു. മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടുന്നത് വരെ പോപ്പിനെ തിരഞ്ഞെടുക്കുന്ന പ്രക്രിയ തുടരും. നമ്മുടെ കേരളത്തിൽ നിന്നും പാപ്പാ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനവകാശമുള്ള രണ്ട് കർദിനാൾ മാരുണ്ട്. സിറോ മലബാർ സഭാദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരി, സിറോ മലങ്കര സഭാദ്ധ്യക്ഷൻ കർദിനാൾ ബസലേസിയസ്സ് ക്ലിമ്മിസ് കത്തോലിക്കാ ബാവാ എന്നിവരാണവർ.

ഭൗതികമായി ലോകത്ത് വൻ സ്വാധീനമുള്ള ക്രിസ്തു സഭയുടെ വരാനിരിക്കുന്ന പോപ്പിനെ പറ്റി രാഷ്ട്രീയ തിരഞ്ഞെടുപ്പുകളുടെ രീതിയിലുള്ള ഊഹാ പോഹങ്ങളും പ്രചാരണങ്ങളും വിലയിരുത്തലുകളും മാദ്ധ്യമങ്ങൾ നടത്തുന്നു. ജനവർഗങ്ങളുടെ അനുപാതമനുസരിച്ചുള്ള സന്തുലിത പ്രാതിനിധ്യം കോൺക്ലൈവിലില്ല എന്നതാണ് മാദ്ധ്യമങ്ങളിലെ വിലയിരുത്തൽ. കത്തോലിക്കരുടെ വംശീയമായ അനുപാതങ്ങളുടെ അടിസ്ഥാനത്തിൽ വരാനിരിക്കുന്ന പോപ്പ് യൂറോപ്പിൽ നിന്നോ, അതോ യൂറോപ്പിന് പുറത്ത് ആഫ്രിക്കയിൽ നിന്നോ ലാറ്റിനമേരിക്കയിൽ നിന്നോ ആയിരിക്കുമോ എന്നതാണ് പ്രധാന ചർച്ച. യൂറോപ്പിൽ സഭയുടെ സ്വാധീനം അനുദിനമെന്നോണം വളരെ കുറഞ്ഞും ശുഷ്ക്കവുമായി മാറുകയാണ്. എങ്കിലും യൂറോപ്പിന് അവരുടെ ജനസംഖ്യാനുപാതത്തേക്കാൾ വലിയ പ്രാതിനിധ്യം പേപ്പൽ കോൺക്ലൈവിൽ പ്രകടമാണ്. ലോക കത്തോലിക്കരിൽ 24% മാത്രമുള്ള യൂറോപ്പിൽ ആകെയുള്ള കർദിനാൾമാരുടെ 53% മാണുള്ളത്. കത്തോലിക്കാ ക്രൈസ്തവരിൽ ഏറ്റവും കൂടുതൽ ലാറ്റിനമേരിക്കക്കാരാണ് 42%. പക്ഷേ അവർക്ക് കർദിനാൾമാർ വെറും 16%. (ആകെയുള്ള 117 ൽ 19 മാത്രം). വടക്കേ അമേരിക്കയിൽ 8% മാത്രമാണ് കത്തോലിക്കരുള്ളത്. പക്ഷേ സമ്പന്നരായ അമേരിക്കക്ക് 12% കർദിനാൾമാണുള്ളത്. 50 ദശ ലക്ഷം കത്തോലിക്കരുള്ള യൂറോപ്യൻ രാജ്യമായ ഇറ്റലിക്ക് 21 കർദിനാൾ മാരുള്ളപ്പോൾ 75 ദശലക്ഷം കത്തോലിക്കരുള്ള ഫിലിപ്പെൻസിന് ഒരു കർദിനാൾ മാത്രം!. ഏഷ്യക്ക് മൊത്തം 11 പേരും.

കിസ്തുമതം യൂറോപ്പിൽ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 1900 മാണ്ടിൽ യൂറോപ്പിൽ 200 ദശ ലക്ഷമായിരുന്നു മൊത്തം ജനസംഖ്യ. 2009 ൽ അത് 740 ദശലക്ഷമായി വളർന്നു. എന്നാൽ 1900 മുതൽ 2009 വരെയുള്ള കാലയളവിൽ കത്തോലിക്ക ജനസംഖ്യ 24 % കുറവാണ് വന്നിരിക്കുന്നത്. പക്ഷേ ആഫ്രിക്കയിൽ ക്രിസ്തു മതം അത്യധികം ആവേശത്തോടെയാണ് വളരുന്നത്. അതായത് വത്തിക്കാൻ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ആഫ്രിക്കയിൽ എല്ലാ ജന വിഭാഗങ്ങളുടെയും ജനസംഖ്യ 1900 മാണ്ടിൽ 1 ദശ ലക്ഷമായിരുന്നു. 2009 ൽ അത് 100 കോടിയായി വളർന്നു. 1900 മാണ്ടിൽ ലോകത്തിലെ മൊത്തം കത്തോലിക്കാ ജനസംഖ്യയുടെ 1% മാത്രമായിരുന്നു ആഫ്രിക്കയിലുണ്ടായിരുന്നത്. 2009 ൽ അത് 15 % മായി വർദ്ധിച്ചിരിക്കുന്നു. ഇന്ന് 16 % മായി വീണ്ടും വർദ്ധിച്ചിരിക്കുന്നു. പക്ഷേ മൊത്തം ആഫ്രിക്കയിൽ നിന്നും 9% കർദിനാൾമാർ മാത്രം!. 14 ദശ ലക്ഷം കത്തോലിക്കരുള്ള ആഫ്രിക്കൻ രാജ്യമായ അംഗോളക്ക് 1 കർദിനാൾ. ആഫ്രിക്കയിൽ ഗണ്യമായി കത്തോലിക്കരുള്ള 15 രാജ്യങ്ങൾക്ക് പേപ്പൽ കോൺക്ലൈവിൽ യാതൊരു പ്രാതിനിധ്യവുമില്ല. 2009ൽ യൂറോപ്പിൽ 284 ദശ ലക്ഷം കത്തോലിക്കരാണ് ഉണ്ടായിരുന്നത്. ആഫ്രിക്കയിലാകട്ടെ 179 ദശലക്ഷവും. 2030 ഓടെ ആഫ്രിക്കയിലെ കത്തോലിക്കാ ജനസംഖ്യ യൂറോപ്പിനേക്കാൾ കവിയുമെന്നാണ് വത്തിക്കാൻ പഠനങ്ങൾ പറയുന്നത്. കൊളോണിയലിസത്തിന്റെ നിഴൽപ്പാടുകളുള്ള സഭയുടെ യൂറോപ്യൻ ആധിപത്യത്തെ അതിവർത്തിച്ച് ജനസംഖ്യയിൽ കാണുന്ന ഈ പ്രവണത പോപ്പിന്റെ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമോ? അതായത് പോപ്പിനെ തിരഞ്ഞെടുക്കുന്ന സിസ്റ്റെൻ ചാപ്പലിൽ ഇത്തവണ വെളുത്ത പുക ഉയരുന്നത് കറുത്ത പോപ്പിന് വേണ്ടിയായിരിക്കുമോ?!!.

ചരിത്രപരമായി നോക്കുമ്പോൾ ബുദ്ധിപരവും ധാർമികവുമായ വികാസത്തിനും പ്രബുദ്ധതക്കും യുക്തി ബോധത്തിനും അനുയോജ്യമായ നിലയിൽ മനുഷ്യന്റെ പ്രത്യേകിച്ച് യൂറോപ്പിന്റെ ആത്മീയ ദാഹത്തെ ശമിപ്പിക്കാൻ ക്രിസ്തു സഭക്ക് പാളിച്ചകൾ പറ്റിയിട്ടുണ്ട്. അധികാരത്തിലേക്കും ഭൗതികോന്മുഖത യിലേക്കുമാണ് അത് വഴിമാറിയത്. ആത്മീയത ശൂന്യമായത് കൊണ്ടാണ് യുറോപ്പിൽ ക്രിസ്തു മതം ശോഷണത്തെ നേരിടുന്നത്. ക്രിസ്തുമതം പുതിയ ശാദ്വല തീരങ്ങൾ തേടി ആഫ്രിക്കയിലേക്ക് നീങ്ങുകയാണ്. അത് ആധുനിക യൂറോപ്പിൽ നിന്നും വിഭിന്നമായൊരു അദ്ധ്യാ യമായിരിക്കും ചരിത്രത്തിലെഴുതി ചേർക്കുക എന്ന് കരുതേണ്ടിയിരിക്കുന്നു. യൂറോപ്പിന്റെ സഹിഷ്ണുതയും പ്രബുദ്ധതയും ആഫ്രിക്കയ്ക്കുണ്ടാവില്ല എന്നുറപ്പാണ്. കിഴക്ക് ജറുസെലെമിൽ പിറന്ന ക്രിസ്തുമതം പീഡന കാലത്തിന് ശേഷം റോമിൽ പ്രാകൃത മതത്തെ സ്വാംശീകരിച്ച് ജൈത്ര യാത്ര നടത്തിയത് പോലെ ഗോത്ര വർഗ പ്രാകൃത മതങ്ങളെ സ്വാംശീകരിച്ചു കൊണ്ടാണ് ആഫ്രിക്കയുടെ ആത്മാവിലേക്ക് അലിഞ്ഞിറങ്ങുന്നത്. യൂറോപ്പിന് അന്യമായ പ്രാകൃതമായ മാന്ത്രിക വിദ്യയും

ആത്മാക്കളുടെ ആവാഹനവും ആഭിചാര വുമെല്ലം ചേരുംപടിചേർത്തു കൊണ്ടാണ് ആഫ്രിക്കയിൽ ക്രിസ്തു മതം രൂപപ്പെട്ടു ന്നത്. റോമൻ വത്ക്കരിക്കപ്പെട്ട ക്രിസ്തു മതം പോലെ ആഫ്രിക്കൻ വത്ക്കരിക്ക പെട്ട ഒരു ക്രിസ്തു മതം ഉടലെടുക്കു കയാണോ? യേശുവിനെ രോഗശാന്തി ശുശ്രൂഷകനും മാന്ത്രികനുമായാണ് അവർ കണക്കാക്കുന്നത്. ഇതിൽ കത്തോ ലിക്കാ സഭയെക്കാളേറെ പെന്തക്കോസ്ത് മിഷൻ പോലെയുള്ള കരിസ്മാറ്റിക്ക് ക്രിസ്തീയ പ്രസ്ഥാനങ്ങൾ ഈ വഴിയി ലൂടെ ആഫ്രിക്കയിൽ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. നഗര വത്ക്കര ണത്തിന് വിധേയമായ ആഫ്രിക്കയിലെ ഗോത്ര വർഗ സമൂഹത്തിന്റെ സമീപനം ലിബറലിസത്തിന്റേതായിരുന്നു. ക്രിസ്തു മതം സ്വീകരിച്ചതോടെ പഴയ കർശനമായ ഗോത്രവർഗ സദാചാരത്തിലേക്കും പ്യൂരിറ്റാനി സത്തിലേക്കും സംഹാരാത്മകമായ കടുത്ത അസഹിഷ്ണുതയിലേക്കും അവർ തിരിയുന്ന കാഴ്ച്ചയാണ് കാണുന്നത്.

കറുത്ത പോപ്പ് വന്നാലും ഇല്ലെങ്കിലും അഫ്രിക്കയിൽ നടക്കുന്ന ക്രിസ്തു മതത്തിന്റെ ഈ ശാക്തീകരണം കാണുമ്പോൾ അയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി (സ) ചെയ്ത ഒരു പ്രവചനമാണ് നമ്മുടെ ശ്രദ്ധയിൽ വരുന്നത്. അബീസീനിയായിലെ ഒരു ആഫ്രിക്കക്കാരൻ കഅബയെ നശിപ്പിക്കാൻ ശ്രമിക്കും എന്നതാണ് ആ പ്രവചനം. കഅ്ബ അല്ലാഹുവിന്റെ ഏകത്വത്തിന്റെയും മുസ്‌ലിം ഐക്യത്തിന്റെയും പ്രതീകമാണ്. അക്ഷരാർഥത്തിൽ തന്നെ എല്ലാ മുസ്‌ലിംകളേയും കേന്ദ്രീകരിച്ചു നിർത്തുന്ന ബിന്ദുവും കഅ്ബ തന്നെ. മുഹമ്മദ് നബി (സ) പീഡിതനായിരിക്കുന്ന അവസരത്തിൽ തന്റെ അനുചര സംഘത്തെ ഏറ്റവും മാന്യമായി ആദരിച്ച ആഫ്രിക്കൻ രാജ്യമായിരുന്നു ഇന്ന് എത്യോപ്യ എന്നറിയപ്പെടുന്ന അബീസിനിയ. എത്യോപ്യ അറേബ്യയോട് അഭിമുഖമായി നിൽക്കുന്ന ആഫ്രിക്കൻ രാജ്യമാണ്. അന്നത്തെ ആഫ്രിക്കയെ മൊത്തത്തിൽ അഭിസംബോധന ചെയ്യപ്പെട്ടിരുന്ന ഒരു ദേശനാമമാണത്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ആഫ്രിക്കയുടെ ഭാഗത്ത് നിന്നും ഇസ്‌ലാമിന് നേരിടേണ്ടിവരുന്ന ആശയ പരവും കായികപരവുമായ പുതിയൊരു ആഫ്രിക്കൻ കുരിശുയുദ്ധത്തിന്റെ പോർമുഖം തുറക്കും എന്നസൂചനയാണ് ഈ പ്രവചനത്തിലുള്ളത്. പ്രവചനത്തിലെ അന്തരാർഥങ്ങൾ മനസ്സിലാക്കിയ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) പ്രതിരോധമെന്ന നിലയിൽ ആഫ്രിക്കയിൽ ഇസ്‌ലാമിനെ ശക്തിപ്പെടുത്താൻ 1921 ൽ തന്നെ പദ്ധതികളാവി ഷ്ക്കരിക്കുകയും ഇരുണ്ട ഭൂഖണ്ഡത്തെ സദാ ജാഗ്രതയോടെ നിരീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആഫ്രിക്കയിലെ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ശാഖകളുണ്ട്. ചില രാജ്യങ്ങളിൽ വളരെ ബൃഹത്തായ പ്രവർത്തന ശൃംഖലകളാണുള്ളത്.

ഇസ്‌ലാമുമായും മറ്റു പൂർവ സംസ്ക്കാരങ്ങളുമായും സംഘട്ടനാത്മകമായൊരു അഭിമുഖീകരണമാണ് യൂറോപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. അതിന് അദൃശ്യമായ നടുനായകത്വം വഹിക്കുന്നത് ക്രിസ്തു സഭയാണ്. ലോകത്ത് ഒരുപാട് ജീവകാരുണ്യ പ്ര വർത്തനങ്ങൾക്കും മനുഷ്യ സേവനത്തിനും ബൗദ്ധിക വളർച്ചക്കും ക്രിസ്തീയ പുരോഹിതന്മാർ നൽകിയ സംഭാവനകളോട് മാനവരാശി കടപ്പെട്ടിട്ടുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. നമ്മുടെ മലയാളത്തിന് പോലും ഒരു ഗദ്യ സാഹിത്യവും നിഘണ്ടുക്കളും ശാസ്ത്ര സാഹിത്യത്തിന്റെയുമെല്ലാം പ്രോദ്ഘാടകർ ക്രിസ്ത്യാനികളാണ്.ലോകത്ത് ഇന്ന് വളരെയേറെ നന്മകൾ ചെയ്യുകയും ചെയ്യാൻ ശേഷിയുമുള്ള ഒരു ആഗോള പ്രസ്ഥാനമാണ് ക്രിസ്തുസഭ. ലോക സമാധാനം നിലനിർത്തുന്നതിൽ ക്രിസ്തുസഭക്ക് നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. മഹാനായ യേശു(അ)വിന്റെ അദ്ധ്യാപനങ്ങൾ നടപ്പാക്കുന്ന എറ്റവും നല്ല ഒരു ഇടയനെ ക്രിസ്തു സഭക്ക് ലഭിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം.

കുറിപ്പുകൾ

# ബംഗ്ലാദേശ് കൂട്ടക്കൊല : ജമാഅത്തെ ഇസ്‌ലാമി പ്രതിക്കൂട്ടിൽ

**ബം**ഗ്ലാദേശ് വിമോചന സമരവുമായി ബന്ധപ്പെട്ട് 1971 ൽ ലക്ഷക്കണക്കിന് ബംഗാളികൾ കൂട്ടക്കൊല ചെയ്യപ്പെടുകയും സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും സമ്പത്ത് കൊള്ളയടിക്കപ്പെടുകയും ചെയ്യുകയുണ്ടായി. തങ്ങളുടെ പോഷക സംഘടനകളായ അശ്ശംസ്, അൽ ബദർ എന്നീ ഭീകര സംഘടനകളുടെ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമിയും പാകിസ്താൻ സൈന്യവും ചേർന്ന് നടത്തിയ കൂട്ടക്കൊല മനുഷ്യൻ കിടിലം കൊണ്ടു പോകുന്ന ഈ നൂറ്റാണ്ടിൽ നടന്ന ഭീകരമായ കൂട്ടക്കൊലകളിലൊന്നാണ്. ഈ ഭീകരതാണ്ഡവത്തിൽ കൊല്ലപ്പെട്ടവർ മുപ്പത് ലക്ഷമാണെന്നാണ് ഐക്യ രാഷ്ട്രസഭയുടെ ഏകദേശ കണക്ക്. 1981ൽ ഐക്യ രാഷ്ട്രസഭയിൽ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 33-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഹ്യൂമൻ റൈറ്റ് കമ്മീഷൻ റിപ്പോർട്ടിൽ 1971 ലെ ബംഗ്ലാദേശ് മനുഷ്യക്കുരുതിയെക്കുറിച്ച് പറയുന്നുണ്ട്. അത് ചരിത്രത്തിലെ ഏറ്റവും ഹീനമായ ഒന്നായിരുന്നെന്നും 15 ലക്ഷം മുതൽ 30 ലക്ഷം വരെ പേർ വധിക്കപ്പെട്ടിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. 6000 മുതൽ 12000 വരെ ആളുകളെയാണ് ദിനം പ്രതി കൊന്നു തീർത്തത്. 267 ദിവസത്തോളം ഈ നരമേധം നടത്തിയതായി റിപ്പോർട്ടിൽ പറയുന്നു. സ്വതന്ത്ര ഗവേഷകരുടെ പഠനങ്ങളെ ആസ്പദമാക്കി 2012 മെയ് 13 ന് ബി. ബി. സി. പ്രക്ഷേപണം ചെയ്ത മറ്റൊരു റിപ്പോർട്ടിലും 30 ലക്ഷം ആളുകൾ കൊല്ലപ്പെട്ടു എന്ന വസ്തുത ശരിവെക്കുന്നു. അതിനേക്കാളും അദ്ഭുതം ഈ ഭീകരത ഇത്ര കാലം മുഖ്യധാരാ മാധ്യമ ചർച്ചകളിൽ പ്പെടുത്താതെ എങ്ങനെ തമസ്ക്കരിച്ച് നിർത്താൻ സാദ്ധ്യമായി എന്നാണ്. ജമാഅത്തെ ഇസ്‌ലാമി എല്ലായിടത്തും അനുവർത്തിക്കുന്ന ഇരട്ടമുഖത്തിന്റെ മികവ് അവിടെയാണ്.

മനുഷ്യത്വത്തിനെതിരെ നടത്തിയ ഭയാനക കുറ്റകൃത്യങ്ങൾ (Crime Against Humanity) എന്ന നിലയിൽ സമുന്നതരായ ഒമ്പത് ജമാഅത്ത് നേതാക്കന്മാരാണ് അന്താരാഷ്ട്രാ വാർ ട്രിബ്യൂണലിൽ വിചാരണ നേരിട്ടു കൊണ്ടിരിക്കുന്നത്.



ദിൽവാർ ഹുസൈൻ സയീദ്


അവർ ഇപ്പോൾ ജയിലിലാണ്. നാൽപ്പത് വർഷങ്ങൾക്ക് ശേഷം 2013 ഫെബ്രുവരി 28 ന് ഇപ്പോഴത്തെ ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി നാഇബ് അമീർ വൈസ്പ്രസിഡന്റ്) ദിൽവാർ ഹുസൈൻ സയീദിയെ പ്രത്യേക വാർ ക്രിമിനൽ കോടതി വധശിക്ഷക്ക് വിധിച്ചിരിക്കുകയാണ്. ഇതിനേതുടർന്ന് ബഗ്ലാദേശിൽ ജമാത്തെ ഇസ്‌ലാമി അഴിച്ചുവിട്ട കലാപത്തിൽ 50 ഓളം പേർ കൊല്ലപ്പെട്ടു.



അബ്ദുൽ ഖാദിർ മുല്ല

സയീദിക്കെതിരെ കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റം ഭയാനകമാണ്. അവാമിലീഗിൽ പെട്ട പ്രവർത്തകരും ബംഗ്ലാ വിമോചന സമര ഭടന്മാരുമായിരുന്ന ഉദ്ദമ്പൂർ ഗ്രാമത്തിലെ 25 ഓളം ഹിന്ദു കുടുംബങ്ങളുടെ വീടുകൾ സയീദിയുടെ നേതൃത്വത്തിലുള്ള അൽ ബദറിലെ ഭീകര സംഘം തീവെച്ചു നശിപ്പിക്കു കയും കൂട്ട കൊലനടത്തുകയും ചെയ്തു. അതിന് ശേഷം അവിടെ നിന്നും മൂന്ന് സ്ത്രീകളെ പിടിച്ചു കൊണ്ടു പോയി ദിവസങ്ങളോളം ബലാത്സംഗം ചെയ്യുകയും ചെയ്തു. നൂറോളം പേരെ നിർബന്ധിച്ച് മതപരിവർത്തനം നടത്തുകയും ചെയ്തു. സയീദിക്കെതിരെ സമർപ്പിക്കപ്പെട്ട ഈ കുറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് വധശിക്ഷ വിധിച്ചത്. 2013 ഫെബ്രുവരി 5 ന് ജമാഅത്തെ ഇസ്‌ലാമിയുടെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി അബ്ദുൽ ഖാദിർ മുല്ലയെ ട്രിബ്യൂണൽ ജീവപര്യന്തം തടവിന് ശിക്ഷിക്കുകയുണ്ടായി. 369 പേരെ കൊന്നൊടുക്കിയതിൽ നേരിട്ട് പങ്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളക്കം ബലാത്സംഗം, ഡാക്കയിലെ മിർപൂർ മേഖലയിലെ കൂട്ടക്കൊല എന്നിവയാണ് അബ്ദുൽ ഖാദിർ മുല്ലക്കെതിരെയുള്ള ട്രിബ്യൂണലിന് ലഭിച്ച കുറ്റപത്രത്തിലെ ആരോപണം. അദ്ദേഹത്തിന് മിർപൂർ കോശായി (മിർപൂറിലെ കശാപ്പുകാരൻ) എന്ന ഒരു അപര നാമവുമുണ്ട്. അങ്ങനെയുള്ള ഒരാളുടെ ശിക്ഷ ജീവപര്യന്തമാക്കിയതിന് ബംഗ്ലാദേശിൽ ഉടനീളം വമ്പിച്ച പ്രക്ഷോഭം നടക്കുകയാണ്. വിധിക്ക് ശേഷം ഡാക്കയിലെ ഷാബാഗ് സ്ക്വയറിൽ പതിനായിരക്കണക്കിന് ആളുകൾ പ്രത്യേകിച്ച് യുവാക്കൾ സ്വമേധയാ തടിച്ചുകൂടിയാണ് ഗണ ജാഗരൺ മഞ്ച് എന്ന ഈ പ്രക്ഷോഭ പ്രസ്ഥാനം മുന്നോട്ട് പോകുന്നത്. ബഹുഭൂരിപക്ഷം ബംഗ്ലാദേശുകാരും ഈ വിധിയിൽ അതൃപ്തരാണ്. വധ ശിക്ഷയിൽ കുറഞ്ഞ ഒന്നുകൊണ്ടും ഈ ക്രൂരതക്ക് പരിഹാരമാവില്ല എന്നാണ് അവരുടെ നിലപാട്. യുദ്ധക്കുറ്റവാളികൾക്ക് വധ ശിക്ഷ നൽകുക എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് ബംഗ്ലാദേശിന്റെ ചരിത്രത്തിൽ ഇന്നോളം നടന്ന റാലികളിൽ വെച്ച് ഏറ്റവും വലിയ പടുകൂറ്റൻ പ്രതിഷേധ റാലികൾ നടക്കുന്നത്. യുദ്ധകുറ്റവാളികൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇസ്‌ലാമിക് ബാങ്ക്, ഇബ്നു സീന ട്രസ്റ്റ് മുതലായ എല്ലാ സ്ഥാപനങ്ങളും ബഹിഷ്ക്കരിക്കാൻ ഗണജാഗരൺ മഞ്ച് തീരുമാനിച്ചിട്ടുണ്ട്. മത യാഥാസ്ഥിതികത്വവും കടുത്ത അസഹിഷ്ണുതയും താലിബാനിസവും വെച്ചു പുലർത്തുന്ന മത മൗലിക വാദികൾക്കെതിരെയുള്ള ഒരു മുന്നേറ്റമായി ഗണ ജാഗരൺ മഞ്ച് വളർന്നുകഴിഞ്ഞു. യാതൊരു രാഷ്ട്രീയ പാർട്ടിയുടെയും രക്ഷകർതൃത്വമില്ലാതെയാണ് ഈ പ്രസ്ഥാനം ഇപ്പോൾ മുന്നോട്ട് പോകുന്നത് എന്നത് എടുത്ത് പറയേണ്ട പ്രത്യേകതയാണ്. മഞ്ചിന്റെ വിജയം ബംഗ്ളാദേശിലെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഞെട്ടിച്ചിട്ടുണ്ട്.

ഒരു മാസം മുമ്പ് 2013 ജനുവരിയിൽ വാർ ട്രിബ്യൂണലിന്റെ ആദ്യ വിധിയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സജീവാംഗമായിരുന്ന അബുൽ കലാം അസാദ് എന്നയാളെ തൂക്കി കൊല്ലാൻ വിധിച്ചു. അദ്ദേഹം പാകിസ്താനിലേക്ക് കടന്നു കളയുകയാണ് ഉണ്ടായത്. ട്രിബ്യൂണലിൽ ജമാഅത്തെ ഇസ്‌ലാമിനടത്തിയ പല അവിഹിതമായ ഇടപെടലുകളെ പറ്റിയുമുള്ള വാർത്തകളും ഇതിനോടകം



അബുൽ കലാം ആസാദ്

മാധ്യമങ്ങളിൽ വന്ന പശ്ചാത്തലത്തിലാണ് പ്രതിഷേധം ഇത്രയധികം രൂക്ഷമാവാൻ കാരണം എന്ന് പറയപ്പെടുന്നു. ഈ പ്രശ്നത്തിൽ ബംഗാളി ജനതയുടെ വികാരം തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുന്ന കാഴ്ചയാണ് ബംഗ്ലാദേശിൽ എവിടെയും ദൃശ്യമാവു ന്നത്. ബംഗ്ലാദേശ് സ്വാതന്ത്ര്യ സമര കാലത്ത് ഒരു അംഗത്തെ പോലും നഷ്ടപെടാത്ത ഒരു കുടുംബവും തന്നെ ആ നാട്ടിലില്ല.



ശൈഖ് ഹസീന

അതായിരിക്കാം ജമാ അത്തെ ഇസ്‌ലാമിക്കെതിരായ ഈ പ്രതിഷേധത്തിന് ഇത്രമാത്രം ജനകീയ പിന്തുണ ലഭിക്കാൻ കാരണം. ടൈം മാഗസിന്റെ റിപ്പോർട്ട് പ്രകാരം നാസികൾ പോളണ്ടിൽ ചെയ്ത അവിശ്വസനീയവും കരുതിക്കൂട്ടിയുമുള്ളതുമായ മനുഷ്യക്കുരുതിക്ക് ശേഷമുള്ള കൂട്ടമനുഷ്യഹത്യയാണ് ഇവിടെ നടന്ന തെന്ന് രേഖപ്പെടുത്തുന്നു ( Time 1971 Aug 2)

കുറ്റവാളികൾക്ക് വധ ശിക്ഷ വേണമെന്നതിൽ ഉറച്ചു നിൽക്കുന്ന ശൈഖ് ഹസീനയുടെ ഭരണകൂടം ട്രിബ്യൂണലിന്റെ വിധിക്കെതിരെ അപ്പീലിൽ പോവാൻ വേണ്ടിയും ശിക്ഷ ഉടൻ നടപ്പാക്കാനും പാർലമെന്റിൽ നിയമം ഭേദഗതി ചെയ്തു കഴിഞ്ഞു. പ്രതികളെ വിട്ടയച്ചാൽ മാത്രമാണ് അപ്പീലിന് പോവാൻ നേരത്തെ വ്യവസ്ഥ ഉണ്ടായിരുന്നത്. ജീവപര്യന്തം ശിക്ഷിച്ചാൽ അത് വധ ശിക്ഷയായി ഉർത്തുന്നതിന് വേണ്ടിയും അപ്പീലിന് പോവാമെന്ന്

യുദ്ധ കുറ്റവിചാരണ സംബന്ധിച്ച നിയമത്തിൽ ഇപ്പോൾ ബംഗ്ലാദേശ് പാർലമെന്റ് നിയമം ഭേദഗതി വരുത്തിയിരിക്കുകയാണ്. മാത്രമല്ല നേരത്തെയുണ്ടായിരുന്ന നിയമത്തിൽ വ്യക്തികളെ മാത്രമാണ് വിചാരണ ചെയ്യാൻ അനുമതിയുണ്ടായിരുന്നത്. ഇപ്പോൾ സംഘടനയേയും വിചാരണ ചെയ്യാമെന്ന് ഭേദഗതി ചെയ്തിരിക്കുന്നു. അത് കൊണ്ട് ജമാഅത്തെ ഇസ്‌ലാമി സംഘടന എന്ന നിലക്കും വിചാരണ നേരിടാൻ പോവുകയാണ് പാർലമെന്റ് ഉടൻ തന്നെ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കുമെന്നും സൂചനയുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെയും പാക് സൈന്യത്തിന്റെയും ആഭിമുഖ്യത്തിൽ മാനവരാശിക്കെതിരെ നടത്തിയ അതിഭയാനകമായ ഈ മനുഷ്യവേട്ട ലോകം വേണ്ടവിധത്തിൽ അറിയുകയോ ചർച്ചചെയ്യുകയോ ചെയ്തിട്ടില്ല. എന്നതാണ് വാസ്തവം. അതിന് ചില രാഷ്ട്രീയ കാരണങ്ങളു ണ്ടായിരുന്നു. അത് പിന്നീട് വിവരിക്കാം. വാർ ട്രിബ്യൂണലിൽ വിചാരണയാരംഭിച്ചപ്പോൾ അത് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടിരിക്കുകയാണ്. ഇതിനകം ബംഗ്ലാദേശിലെ ഏറ്റവും വലിയ വലത് പക്ഷ മതപ്പാർട്ടിയായി വളർന്ന ജമാഅത്തെ ഇസ്‌ലാമി അക്രമാസക്തമായ ബന്ദും ശക്തിപ്രകടനങ്ങളും ഭീഷണികളും ട്രിബ്യൂണലിനെതിരെ നടത്തുന്നുണ്ട്. പക്ഷേ ഈ വിഷയകമായി മനുഷ്യാവകാശത്തിൽ അധിഷ്ഠിതമായ ഒരു മഹാ ദേശീയ പ്രസ്ഥാനം രൂപപെട്ടുകഴിഞ്ഞ സാഹചര്യത്തിൽ അവരുടെ എതിർപ്പ് വിലപ്പോവില്ല എന്നാണ് സൂചന.

ബംഗ്ലാദേശിൽ നടക്കുന്ന ഈ യുദ്ധ കുറ്റ വിചാരണയുടെ ചരിത്ര പശ്ചാത്തലം അല്പം വിവരിക്കേണ്ടതുണ്ട്. 1947 ൽ വിഭജനാനന്തരം സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബംഗ്ലാദേശ് മുസ്‌ലിം ഭൂരിപക്ഷ പ്രദേശം എന്ന നിലക്ക് പാകിസ്താന്റെ ഭാഗമായിരുന്നു. മതമൊഴികെ ഭാഷ, സംസ്ക്കാരം, ജീവിത ശൈലി എന്നിവയിലെല്ലാം പാകിസ്താനിലെ വിവിധ ജനവി ഭാഗങ്ങളുമായി വ്യത്യസ്തരാണ് ബംഗാളികൾ. അതിനെക്കാളുപരി പാകിസ്താൻ തലസ്ഥാനംസ്ഥിതി ചെയ്യുന്ന ഇസ്ലാമാബാദ് ഉൾക്കൊള്ളുന്ന പശ്ചിമ പാകിസ്താൻ കിഴക്കൻ ബംഗാളിൽ നിന്നും ഭൂമിശാസ്ത്രപരമായി യാതൊരു ബന്ധവുമില്ലാതെ 1500 കിലോ മീറ്റർ അകലെയാണ്. ഇന്ത്യയിലെ പശ്ചിമ ബംഗാളുമായി അതിർത്തി പങ്കിട്ട് മറ്റൊരു



ഗുലാം അഅ്സം

ഭൂമേഖലയിലായിരുന്നു കിഴക്കൻ പാകിസ്താൻ എന്ന് അറിയപ്പെട്ടിരുന്ന ബംഗ്ലാദേശ്. ഈ യാഥാർഥ്യത്തിന്റെ അടിസ്ഥാനത്തിൽ പാകിസ്താന് ബംഗ്ലാദേശിനെ ഒരു പ്രവിശ്യയായി ഉദ്ഗ്രഥിച്ച് നിർത്തുവാൻ അസാദ്ധ്യ മാണെന്ന് ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയും മഹാ പണ്ഡിതനുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് തന്റെ ആത്മ കഥയിൽ പറഞ്ഞിരുന്നു. അദ്ദേഹം എഴുതുന്നു. '*ജിന്നയും അദ്ദേഹത്തിന്റെ അനുയായികളും ഭൂമി ശാസ്ത്രം അവർക്ക് എതിരാണെന്ന് മനസ്സിലാക്കിയില്ലെന്ന് തോന്നുന്നു. ഈ രണ്ടു ദേശങ്ങൾ തമ്മിൽ (പശ്ചിമ പാകിസ്താനും ബംഗ്ലാദേശും) ബാഹ്യമായി യാതൊരു ബന്ധവുമില്ല. മതത്തിന്റെ കാര്യത്തിലൊഴിച്ചാൽ ആ രണ്ട് ഭുവിഭാഗങ്ങളിലെയും ജനങ്ങൾ തമ്മിൽ യാതൊരു സാമ്യവുമില്ല. ഭൂമി ശാസ്ത്ര പരമായും സാമ്പത്തിക പരമായും ഭാഷാപരമായും സാംസ്കാരികപരമായും വിഭിന്നങ്ങളായ ഭൂവിഭാഗങ്ങളെ മതാനുഭാവം ഒന്നു കൊണ്ടു മാത്രം ഇണക്കിനിർത്താൻ കഴിയുമെന്ന് കരുതുന്നത് ജനങ്ങളെ അങ്ങേയറ്റം കബളിപ്പിക്കലായിരിക്കും.....പശ്ചിമ പാകിസ്താനും പൂർവ പാകിസ്താനും എല്ലാ ഭിന്നതകളും മറന്ന് ഒറ്റ രാഷ്ട്രമായി മുന്നോട്ട്പോകുമെന്ന് ആർക്കും തന്നെ കരുതാനാവില്ല. (India Wins Freedom: An Auto biogaraphical Narrative By Abul Kalam Azad p. 227).* അങ്ങനെ പാകിസ്താനോട് ചേർന്ന് ഒരു രാഷ്ട്രമായി നിലനിൽക്കാൻ കഴിയാതിരുന്ന ബംഗ്ലാദേശ് പാക്കിസ്താനിൽ നിന്നും വിമോചനം നേടാനുള്ള സമരത്തിന് നാന്ദി കുറിച്ചു. വംഗബന്ധു ശൈഖ് മുജീബുർറഹ്മാന്റെ നേതൃത്വത്തിൽ ഒമ്പത് മാസത്തെ രക്ത രൂക്ഷിതമായ സമരത്തിന് ശേഷം 1971 ലാണ് മാതൃ രാജ്യത്ത് നിന്ന് ബംഗ്ലാദേശ് വിമോചിതമായത്. ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് പാകിസ്താനുമായി അവർക്ക് ഘോര യുദ്ധം നടത്തേണ്ടി വന്നു. ഇന്ത്യയുടെ സഹായത്തോടെയാണ് ഒടുവിൽ ബംഗ്ലാദേശ് വിമോചിതമായത്. യുദ്ധകാലത്ത് ബംഗ്ലാദേശിലെ ജമാഅത്തെ ഇസ്‌ലാമി നേതാക്കന്മാർ ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തെ പാകിസ്താന് വേണ്ടി ഒറ്റിക്കൊടുക്കുകയും ലക്ഷക്കണക്കിന് ആളുകളെകൂട്ടക്കൊല ചെയുകയും ബലാത്സംഗവും കൊള്ളയും നടത്തുകയുമുണ്ടായി. ബംഗ്ലാദേശ് രൂപികരണത്തിന് ശേഷം ജമാത്തെ ഇസ്‌ലാമി അവിടെ നിരോധിക്കപ്പെട്ടു. ജമാഅത്തെ ഇസ്‌ലാമിയുടെ സമുന്നത നേതാക്കന്മാരെല്ലാം പാകിസ്താനിലേക്കും ലണ്ടനിലേക്കും കുറെ പേർ മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിലേക്കും കടന്നു കളഞ്ഞു. മുജീബുർറഹ്മാൻ, ജമാഅത്ത് നേതാവ് പ്രൊഫ: ഗുലാം അഅ്സമിന്റെ പൗരത്വം റദ്ദാക്കുകയുണ്ടായി.

1975ൽ വംഗ ബന്ധു ശൈഖ് മുജീബുർറഹ്മാൻ വധിക്കപ്പെടുകയും ഭരണ കൂടത്തെ അട്ടിമറിച്ച് പട്ടാളമേധാവി മേജർ ജനറൽ സിയാവുർറഹ്മാൻ അധികാരം പിടിച്ചെടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹായത്തോടെയാണ് ജമാഅത്തെ ഇസ്‌ലാമി വീണ്ടും ബംഗ്ലാദേശിൽ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. അവരുടെ കുറ്റവാളികളായ പല നേതാക്കന്മാരും തിരിച്ചുവന്നു. ജനറൽ സിയാവുർറഹ്മാൻ, കൂട്ടക്കൊലക്ക് നേതൃത്വം നൽകിയ ജമാഅത്തെ ഇസ്‌ലാമി നേതാവ് ഗുലാം അഅ്സമിനെ വീണ്ടും ബംഗ്ലാദേശിൽ വരാനനുവദിച്ചു പൗരത്വവും നൽകി. അദ്ദേഹത്തിന്റെ വരവിനെ എഴുത്തുകാരിയും അഭ്യസ്ത വിദ്യയും സമൂഹ്യ പ്രവർത്തകയുമായ ജഹാനാറ ഇമാം എന്ന സ്ത്രീ എതിർക്കുകയുണ്ടായി. പാകിസ്താൻ പാസ്പോർട്ട് കൈവശം വെച്ചതിന് അഅ്സമിന്റെ പൗരത്വം സുപ്രീം കോടതിയിൽ അവർ ചോദ്യം ചെയ്തു. 1971 ലെ കൂട്ടക്കൊലയിൽ ഇരയാക്കപ്പെട്ട് ജഹാ നാറയുടെ രണ്ട് കുട്ടികളും ഭർത്താവും കൊല്ലപ്പെട്ടിരുന്നു. തെളിവിന്റെ അഭാവത്തിൽ ഗുലാം അഅ്സമിന് കോടതി ബംഗ്ലാ പാസ്പോർട്ട് അനുവദിക്കുകയായിരുന്നു. 91 കാരനായ ഗുലാം അഅ്സം ഇപ്പോഴും ബംഗ്ലാദേശിൽ കഴിയുന്നു. അദ്ദേഹവും

ഇന്റർനാഷണൽ വാർ ട്രിബ്യൂണലിൽ വിചാരണ നേരിടുകയാണ്.1978 ൽ ജമാഅത്തെ ഇസ്‌ലാമി അതിന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. 1986 ലെ തിരഞ്ഞടുപ്പിൽ 10 , 1991 ൽ 18, 1996 ൽ3 ഉം 2001 ൽ 18 ഉം സീറ്റ് അവർ നേടി. 2001-2006 കാലഘട്ടത്തിൽ ഖാലിദാ സിയായുടെ മന്ത്രിസഭയിൽ രണ്ടു മന്ത്രി മാരുമായി ആദ്യമായി ജമാഅത്തെ ഇസ്‌ലാമി അധികാരം പങ്കിടുകയുണ്ടായി. പിന്നീടുള്ള ബംഗ്ലാദേശ് രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുത്തുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി അവരുടെ പാപ പങ്കിലമായ മുഖം മറച്ചുവെക്കാനും യുദ്ധകുറ്റകൃത്യങ്ങൾ വിസ്മൃതിയിലേക്ക് തള്ളിമാറ്റാനും ശ്രമിച്ചു.

2008 ൽ ബംഗ്ലാദേശ് പൊതുതിരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് ബംഗ്ലാദേശിൽ മുഴുവൻ 1971 ലെ യുദ്ധകുറ്റവാളികളെ വിചാരണ ചെയ്യണം എന്ന ആവശ്യം പൊടുന്നനെ ഉയർന്നു വന്നു. തിരഞ്ഞെടുപ്പിൽ ശൈഖ് മുജീബുർറഹ്മാന്റെ മകൾ നയിക്കുന്ന അവാമി ലീഗിന്റെ നേതൃത്വത്തിലുള്ള 14 കക്ഷി സഖ്യം തങ്ങളുടെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ 1971 ലെ ഇരകൾക്ക് നീതി ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. മറുപക്ഷത്ത് ഖാലിദാ സിയായും യുദ്ധ കുറ്റവാളികളെന്ന് സംശയിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയും അണിനിരന്ന ചതുർ കക്ഷി സഖ്യവും നിലകൊണ്ടു. 1971 ലെ സ്വാതന്ത്ര്യ സമര സേനാനികളും പട്ടാള കമാന്റർമാരും യുദ്ധകുറ്റവാളികൾക്ക് വോട്ട് ചെയ്യില്ല എന്ന പൊതു നിലപാട് സ്വീകരിച്ചു. തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ അവാമി സഖ്യം വിജയിക്കുകയുണ്ടായി. അതായത് ആകെയുള്ള 300 സീറ്റിൽ 263 സീറ്റും അവാമി സഖ്യം തൂത്തുവാരി. മറുഭാഗത്ത് ബംഗ്ലാനാഷണലിസ്റ്റ് പാർട്ടി സഖ്യത്തിന് ആകെ ലഭിച്ചത് 32 സീറ്റ്. അതിൽ ജമാഅത്തിന് ലഭിച്ചത് 2 സീറ്റ് മാത്രം. ബാക്കി സ്വതന്ത്രർക്കും ലഭിച്ചു.

2009 ജനുവരി 29 ന് ബംഗ്ലാ പാർലമെന്റംഗം അവാമി ലീഗിലെ മഹ്മൂദുസ്സമദ് ചൗധരി യുദ്ധകുറ്റ വാളികളെ വിചാരണ ചെയ്യാൻ ഒരു കോടതി സ്ഥാപിക്കുന്ന പ്രമേയം പാർലമെന്റിൽ അവതരിപ്പിക്കുകയും ഐക കണ്ഠ്യേന അത് പാസ്സാക്കുകയും ചെയ്തു. 1973 ൽ ബംഗ്ലാദേശിൽ യുദ്ധ കുറ്റവാളികളെ അന്തർ ദേശീയ നിയമത്തിന് കീഴിൽ വിചാരണ ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനു മായി ഇന്റർ നാഷണൽ ക്രൈം ട്രിബ്യൂണൽ ആക്റ്റ്(ICT Act 1973) പാസാക്കിയിരുന്നു. പക്ഷേ അത് പ്രായോഗിക രൂപമില്ലാതെ വെറും നിയമമായി തന്നെ നിലനിൽക്കുക യായിരുന്നു. അത് പ്രായോഗികമാക്കേ ണ്ടുന്നതിനുള്ള സങ്കീർണമായ അനവധി അനുബന്ധ നിയമങ്ങളൊന്നും പാർലമെന്റ് പാസ്സാക്കിയിരുന്നില്ല. അത് പ്രാവർത്തികമാക്കുന്ന നിയമങ്ങളെല്ലാം പസ്സാക്കി, 2008 ൽ അവർ ഒരു വാർ ക്രൈം ഫാക്റ്റ് ഫൈന്റിംങ് കമ്മിറ്റി രൂപീകരിക്കുകയും അവരുടെ റിപ്പോർട്ട് ICT ക്ക് കൈമാറുകയും ചെയ്തു. ICT Act ന് ഐക്യ രാഷ്ട്ര സഭയുടെ അംഗീകാരവും സഹായവും ലഭിച്ചു. അങ്ങനെ 2009 ജൂലായ് മാസത്തിൽ വാർ ട്രിബ്യൂണൽ പൂർണരൂപത്തിൽ നിലവിൽ വന്നു.

ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ ഇപ്പോഴത്തെ അമീർ മുത്തീഉർറഹ്മാൻ നിസാമിക്കും ഉപനേതാവ് ദിലാവർ ഹുസൈൻ, സയീദി ഗുലാം അഅ്സ മടക്കം 9 പേർക്ക് ട്രിബ്യൂൺ ചുമത്തിയിട്ടുള്ള കുറ്റം കൊലപാതകം , ബലാത്സംഗം, കൊള്ള ഹിന്ദുക്കളെ ബലമായി മത പരിവർത്തനം നടത്തുക മുതലായവയാണ്. ഇതിനിടെ വാർ ട്രിബ്യൂണൽ ജഡ്ജി മുഹമ്മദ് നിസാമുൽ ഹഖും ബ്രസ്സൽസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബംഗ്ലാദേശ് അഭിഭാഷകൻ അഹ്മദ് സിയാവുദ്ദീനും തമ്മിൽ നടന്ന സംഭാഷണം ലണ്ടനിലെ 'ദ എക്കണോമിസ്റ്റ്' പുറത്ത് വിടുകയു ണ്ടായി. ഇവർ തമ്മിൽ നടന്ന സംഭാഷ ണങ്ങളിൽ ജൂഡീഷ്യറിയെ സ്വാധീനി ക്കാനുള്ള ശ്രമം നടന്നതായി സൂചനയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അബ്ദുർ റഹ്മാൻ മുല്ലക്ക് താരതമ്യേന ലഘു ശിക്ഷ വിധിച്ചതെന്നാണ് ഗണജാഗരൺ മഞ്ച് പ്രവർത്തകർ ആരോപിക്കുന്നത്. കൂടാതെ ബംഗ്ലാദേശ് കൂട്ട കൊല നടത്തി ലണ്ടനിൽ ആരുമറിയാതെ കഴിയുന്ന കുറ്റവാളി കളിലൊരാളായ ചൗധരി മുഈനുദ്ദീനെ ലണ്ടനിലെ ചാനൽ 4 മാധ്യമ പ്രവർത്തകൻ ഡേവിഡ് ബർഗ്മാൻ തുറന്ന് കാട്ടുകയുണ്ടായി. അദ്ദേഹത്തെയും ട്രിബ്യൂണൽ വിചാരണ ചെയ്യും. പാകിസ്താൻ രാഷ്ട്ര രൂപീകരണത്തെ എതിർത്ത ജമാഅത്തെ ഇസ്‌ലാമി മതമൗലിക വാദം പ്രചരിപ്പിച്ച് പിന്നീട് പാകിസ്ഥാന്റെ വക്താക്കളും മേധാവിക ളുമായും ചമഞ്ഞത് പോലെ, ബംഗ്ലാദേശ് വിമോചനത്തിന് എതിരായി നിന്ന ജമാഅത്തെ ഇസ്‌ലാമി മത രാഷ്ട്ര വാദം പ്രചരിപ്പിച്ചും ഉപജാപങ്ങൾ നടത്തിയും തരം പോലെ പട്ടാള ഭരണത്തിൽ അധികാരസ്ഥാനങ്ങളിൽ അവർ നുഴഞ്ഞു കയറി, മുന്നാം കിട രാഷ്ട്രീയക്കാരെ അംഗബലം കാട്ടി സ്വാധീനിച്ച് തങ്ങളുടെ രക്തക്കറ പുരണ്ട ക്രൂരമുഖം മറച്ചു വെച്ച് ശിക്ഷിക്കപ്പെടാതെ കഴിയാൻ ഇത് വരെ ബംഗ്ലാദേശിൽ സാധിച്ചു. ഹിംസ എന്നത് മതരാഷ്ട്ര വാദത്തിന്റെ അവിഭാജ്യ ഘടകമാണ്. അവസരം കിട്ടിയാൽ അത് അവർ പ്രയോഗിക്കാതിരിക്കില്ല. അത്വരെ കളവ് കൊണ്ടും കാപട്യം കൊണ്ടും അത് അവർ മറച്ചു വെക്കാൻ ശ്രമിക്കുന്നു എന്നു മാത്രം. ഒരു കാലം സത്യം വന്ന് വജ്രമൂർച്ചയുള്ള അതിന്റെ ശസ്തങ്ങൾ കൊണ്ട് അസത്യത്തിന്റെയും കാപട്യത്തിന്റെയും മൂടുപടം വലിച്ചു കീറുകയും അസത്യത്തിന്റെ തല തല്ലിതകർക്കുകയും ചെയ്യും. അതാണ് ഇന്ന് ബംഗ്ലാദേശിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഖുർആൻ പറയുന്നു.

***'എന്നാൽ സത്യം കൊണ്ട് അസത്യത്തിന്മേൽ നാം എറിയുന്നതാണ്. അപ്പോൾ അത് അതിന്റെ തല ഉടച്ച് കളയുന്നു. അങ്ങനെ അതാ അത് തിരോഭവിക്കുന്നു. നിങ്ങൾ ഏതൊന്ന് പറഞ്ഞുകൊണ്ടിരിക്കുന്നുവോ അതിനാൽ നിങ്ങൾക്ക് നാശം. (സൂറാ അൽഅംബിയാഅ് 21: 19)'***

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരി ക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.

(വിശുദ്ധ ഖുർആൻ 4:60)

# മജ്‌ലിസ് അൻസാറുല്ലാ കേരള സംസ്ഥാന ഇജ്തിമാഅ്

പാലക്കാട് : മജ്‌ലിസ് അൻസാറുല്ലാഹ് കേരള സംസ്ഥാന ഇജ്തിമാഅ് 2013 ഫെബ്രുവരി 9,10 തീയതികളിലായിപാല ക്കാട് ജെ.എം.മഹൽ ഓഡിറ്റോറിയത്തിൽ നടത്തുകയുണ്ടായി. മജ്‌ലിസ് അൻസാ റുല്ലാ അഖിലേന്ത്യാ സദർ ഖാരി നവാബ് അഹ്മദ് സാഹിബ് പതാക ഉയർത്തിയ തോടെയാണ് ഇജ്തിമക്ക് തുടക്കമായത്. തുടർന്ന് അഖിലേന്ത്യാ നാഇബ് സദർ പി. പി.നാസിറുദ്ദീൻ സാഹിബിന്റെ അധ്യക്ഷ തയിൽ ഖാരി നവാബ് അഹ്മദ് സാഹിബ് ഇജ്തിമയുടെ ഔപചാരികമായ ഉദ്ഘാ ടനം നടത്തി. ഇജ്തിമയ്ക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് വിവിധ മേഖലാ അമീർമാരായ യു.മൻസൂർ അഹ്മദ് സാഹിബ് (കണ്ണൂർ), അഹ്മദ് കോയ സാഹിബ് (കോഴിക്കോട്), മുഹമ്മദലി മാസ്റ്റർ സാഹിബ് (മലപ്പുറം), പ്രൊഫ. അബ്ദുൽ കരീം സാഹിബ് (പാലക്കാട്), ബി.ബി.അഹ്മദ് കബീർ സാഹിബ് (എറ ണാകുളം), അഹ്മദ് ശരീഫ് സാഹിബ് (തി രുവനന്തപുരം), എന്നിവരും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നാഇബ് സദർ സി.ശമീം സാഹിബും സംസാരിച്ചു. മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന നാസിം നാസിമുദ്ദീൻ സാഹിബ് സ്വാഗതം പറഞ്ഞു. സംസ്ഥാന നാഇബ് നാസിം ഉമൂമി ശംസുദ്ദീൻ സാഹിബ് വാർഷിക റിപ്പോർട്ട് അവതരി പ്പിച്ചു.

തുടർന്നു നടന്ന ചരിത്ര പഠന സെഷ നിൽ കേരളം സന്ദർശിച്ച വാഗ്ദത്ത മസീ ഹി (അ) ന്റെ സഹാബിമാരെ സംബന്ധിച്ച് ജമാഅത്തിന്റെ ചരിത്രകാരൻ മദാർ അബ്ദുശ്ശുക്കൂർ സാഹിബ് ക്ലാസ്സെടുത്തു. പ്രസ്തുത ചടങ്ങിൽ തിരുവനന്തപുരം മേഖലാ നാസിം എം.അബ്ദുല്ലാ സാഹിബ് അധ്യക്ഷനായിരുന്നു.

'അഹ്മദിയ്യാ സമൂഹത്തിന്റെ വിശ്വ സ്തതയും പ്രതിബദ്ധതയും' എന്ന വിഷ യത്തെ ആസ്പദമാക്കി ഉച്ചക്ക് ശേഷം നടന്ന സെമിനാറിൽ പി.പി.നാസിറുദ്ദീൻ സാഹിബ്, എം.മുഹമ്മദ് ഹുസൈൻ സാഹിബ്, ഡോ.വസീം അഹ്മദ് സാഹി ബ്, ഇസ്സുദ്ദീൻ സാഹിബ്, ഇ.എച്ച് നജീബ് സാഹിബ്, കുഞ്ഞീതു മാസ്റ്റർ സാഹിബ് എന്നിവർ സംബന്ധിച്ചു. ഡോ.മുസഫർ അഹ്മദ് സാഹിബ് മോഡറേറ്ററായിരുന്നു. സെമിനാറിൽ മലപ്പുറം മേഖലാ നാസിം സി.എച്ച്.സിദ്ദീഖ് സാഹിബ് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം ഇജ്തിമയുടെ ഭാഗ മായി നബികീർത്തന സമ്മേളനം നടത്തു കയുണ്ടായി. സമ്മേളനം പാലക്കാട് മേഖലാ അമീർ പ്രൊഫ.അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എൻ കണ്ടമുത്തൻ ഉദ്ഘാടനം ചെയ്തു. സീനി യർ ജേർണലിസ്റ്റ് എം.അബ്ദുർ റഹ്മാൻ സാഹിബ്, സത്യദൂതൻ എഡിറ്റർ എ.എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ നബി കീർത്തന പ്രഭാഷണങ്ങൾ നടത്തി. സമ്മേ ളനത്തിന് ആശംസകളർപ്പിച്ചുകൊണ്ട് മുൻ എം.എൽ.എ.ശ്രീ കെ.എ.ചന്ദ്രൻ, പാലക്കാട് നഗരസഭാംഗം ശ്രീ.എൻ.ശിവ രാജൻ എന്നിവർ സംസാരിച്ചു. എച്ച്.സു ലൈമാൻ സാഹിബ് സ്വാഗതം പറഞ്ഞു.

രണ്ടാം ദിനമായ ഞായറാഴ്ച രാവിലെ നടന്ന തർബിയത്ത് സെഷനിൽ കെ.അബ്ദുൽ അസീസ് സാഹിബ്, മൗല വി.എം.നാസിർ അഹ്മദ് സാഹിബ് എന്നി വർ പ്രസംഗിച്ചു. പ്രസ്തുത സെഷനിൽ എറണാകുളം മേഖലാ നാസിം പി.കെ. ശാഹുൽ ഹമീദ് സാഹിബ് അധ്യക്ഷനായി രുന്നു. തുടർന്നു നടന്ന വിദ്യാഭ്യാസ സെമി നാറിൽ ഡോ.സലാഹുദ്ദീൻ സാഹിബ്, കലീം അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു.

ഡോക്ടറേറ്റ് കരസ്ഥമാക്കിയ മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങളായ ഡോ.മുസ ഫർ അഹ്മദ് സാഹിബ്, ഡോ.കൗസർ അഹ്മദ് സാഹിബ് എടപ്പകത്ത് എന്നി വർക്കുള്ള ഉപഹാരങ്ങൾ സമാപന സെഷ നിൽ വെച്ച് സദർ സാഹിബ് നല്കുകയു ണ്ടായി. സദർ സാഹിബിന്റെ സമാപന പ്രഭാഷണത്തോടെ ഇജ്തിമ സമാപിച്ചു.

ശംസുദ്ദീൻ, നാഇബ് നാസിം ഉമൂമി.

# ബംഗ്ലാദേശ് അഹ്മദിയ്യാ ജമാഅത്തിനെതിരെ ആക്രമണം: ഖലീഫത്തുൽ മസീഹ് അപലപിച്ചു

ബംഗ്ലാദേശ് ഫെബ്രവരി 6: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടന്ന സമ്മേളന സ്ഥലം ജമാഅത്തെ ഇസ്‌ലാമിയുടെ ആഭിമുഖ്യത്തിലുള്ള ആയിരക്കണക്കിന് തീവ്ര വാദികൾ ആക്രമിക്കുകയും കോടിക്കണക്കിന് രൂപയുടെ വസ്തു വകകളും സ്വത്തുക്കളും തീവെച്ച് നശിപ്പിക്കു കയും ചെയ്തു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ 100-ാം വാർഷിക ത്തോടനുബന്ധിച്ച് ഖാസിപ്പൂർ ജില്ലയിൽ വലിയ സ്റ്റേഡിയത്തിൽ സമ്മേളന ത്തിനായുള്ള വിപുലമായ സജ്ജീകരണ ങ്ങളൊ രുക്കിയിരുന്നു. ആ സമ്മേളന നഗരി യാണ് ആക്രമികൾ നശിപ്പിച്ചത്. സമ്മേളന പന്തലും സ്റ്റേജും കസേര കളും ചെറിയ ടെന്റുകളും ഇലക്ട്രിക്ക് സൗണ്ട് സിസ്റ്റം അടക്കം കണ്ണിൽ കണ്ടതെല്ലാം തീവെച്ച് നശിപ്പിക്കുകയും ചെയ്തു. ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ നിർദേശ പ്രകാരം സമ്മേളന സ്ഥലം ഡാക്കയിലെ ജമാഅത്തിന്റെ നാഷണൽ ഹെഡ്കോർ ട്ടേഴ്സി ലേക്ക് മാറ്റുകയുണ്ടായി. വാർഷിക ജൽസ നിർത്തിവെക്കരു തെന്നും എപ്പോഴത്തേയും പോലെ അത് നടത്തണമെന്നും. ജൽസയിലൽ പങ്കെടു ക്കുന്നവരെ അല്ലാഹു രക്ഷിക്കട്ടെ യെന്നും സമ്മേളനം അല്ലാഹു വൻവിജ യമാക്കി തരട്ടെ എന്നും ഹുസൂർ തിരുമ നസ്സ് പ്രാർഥി ക്കുകയുണ്ടായി. ലണ്ടനിൽ ആക്രമത്തോട് പ്രതികരിക്കുകയായിരു ന്നു ഖലീഫത്തുൽ മസീഹ്. ഇസ്‌ലാമി ന്റെ പതാകവാഹകരാണെന്ന് പറയുന്ന പണ്ഡിതന്മാരുടെ വിദ്വേഷ കലുഷിതവും ഹീനവുമായ പ്രവർത്തനത്തിന് അല്ലാഹു തക്കതായ ശിക്ഷ നൽകു മാറകട്ടെ എന്നും ഖലീഫത്തുൽ മസീഹ് തദവസരത്തിൽ പറയുകയുണ്ടായി.

2013 ൽ സിറാലിയോണിൽ വെച്ച് നടത്തിയ വെള്ളിയാഴ്ച്ച ഖുത്ബയിലും ഹുസൂർ ബംഗ്ലാദേശ് ആക്ര മണത്തെ അപലപിക്കുകയുണ്ടായി. സിറാലി യോൺ അഹ്മദിയ്യാ സ മ്മേളനത്തിൽ പങ്കെടുത്ത വിവിധ മതനേതാക്കന്മാരും ഈ അക്രമത്തെ അപലപിക്കുകയു ണ്ടായി.

പോലീസിന്റെ സംരക്ഷണം ആവശ്യ പ്പെട്ടിട്ടും വിരലിലെണ്ണാവുന്ന പോലീസു കാർ മാത്രമാണ് അവിടെ ഉണ്ടായിരുന്ന തെന്ന് അഹ്മദിയ്യാ ജമാഅത്ത് നാഷണൽ അമീർ മുബശ്ശിർ റഹ്മാൻ സാഹിബ് പത്രസമ്മേളനത്തിൽ പറഞ്ഞു. അക്രമി കൾ പരിശീലനം ലഭിച്ചവരും വിവിധ സ്ഥലങ്ങളിൽനിന്നും വന്നവരുമായിരു ന്നു. പാക്കിസ്ഥാനിൽ നിന്നും വിളിച്ചു വരുത്തിയ മൗലവിമാരുടെ പ്രകോപന പരമായ പ്രസംഗങ്ങൾക്ക് ശേഷമാണ് അക്രമണമുണ്ടായതെന്നും മുബശ്ശിർ സാഹിബ് പറഞ്ഞു.




പാലക്കാട് നടന്ന മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന സമ്മേളനം അൻസാറുല്ലാ അഖിലേന്ത്യാ സദർ ഖാരി നവാബ് അഹ്‌മദ് സാഹിബ് ഉദ്ഘാടനം നിർവഹിക്കുന്നു. പ്രൊഫ. അ്ദുൽ കരീം സാഹിബ്, ബി. ബി. അഹ്‌മദ്  കബീർ സാഹിബ്, യു. മൻസൂർ അഹ്‌മദ് സാഹിബ്, അഹ്‌മദ് കോയ സാഹിബ്, അഹ്‌മദ് ശരീഫ് സാഹിബ്, പി.പി.നാസിറുദ്ദീൻ സാഹിബ്, പി.പി.നാസിമുദ്ദീൻ സാഹിബ്, മുഹമ്മദലി മസ്റ്റർ എന്നിവർ സമീപം




അൻസാറുല്ലാ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ നബികീർത്തന സമ്മേളനം പാലക്കാട് ജില്ലാ പഞ്ചാത്ത് പ്രസിഡന്റ് കണ്ടമുത്തൻ ഉദ്ഘാടനം ചെയ്യുന്നു. സീനിയർ ജേർണലിസ്റ്റ് എം. അബ്ദുർ റഹ്‌മാൻ, സത്യദൂതൻ എഡിറ്റർ എ.എം.മുഹമ്മദ് സലിം, പാലക്കാട് മേഖല അമീർ പ്രൊഫ. അബദുൽകരീം, മുൻ എം.എൽ.എ. കെ. ചന്ദ്രൻ, പാലക്കാട് നഗര സഭാ അംഗം എൻ. ശിവരാജൻ എന്നിവർ സമീപം



ഡോക്ടറേറ്റ് (കൊമേഴ്സ്) ലഭിച്ച ഡോ. മുസഫർ അഹ്‌മദ് സാഹിബ് മജ്‌ലിസ് അൻസാറുല്ലാ സദർ ഖാരി നവാബ് അഹ്‌മദ് സാഹിബിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു



ഡോക്ടറേറ്റ് (നിയമാവലി) ലഭിച്ച ഡോ. കൗസർ എടപ്പകത്ത് സാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് സദർ ഖാരി നവാബ് അഹ്‌മദ് സാഹിബിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു

2013 March

Vol: 85 Issue.3
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

The Sathyadoothan Monthly

